# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2025 ഫെബ്രുവരി 06 | ദീപം 57 | നാളം 47 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# രണ്ടാമൂഴം രണ്ടും കല്പിച്ച്

## ട്രംപിന്റെ നടപടികൾ ലോകസമാധാനത്തിനു ഭീഷണിയോ?




**തോമസ് കുഴിഞ്ഞാലിൽ**


യു എസിനെക്കാൾ വിസ്തൃതിയുള്ള കാനഡയെ രാജ്യത്തിന്റെ 51-ാമത്തെ സംസ്ഥാനമാക്കാമെന്ന പ്രചാരണവുമായി 2024 ലെ പ്രസിഡന്റു തിരഞ്ഞെടുപ്പിനെ നേരിട്ട റിപ്പബ്ലിക്കൻ സ്ഥാനാർഥി ഡൊണാൾഡ് ട്രംപിന്റെ പ്രഖ്യാപനം പോയ വർഷത്തെ ഏറ്റവും വലിയ തമാശയായിട്ടാണു രാഷ്ട്രീയനിരീക്ഷകർ വിലയിരുത്തിയത്. നവംബർ 5ലെ തിരഞ്ഞെടുപ്പുവിജയത്തിനുശേഷം രാജ്യമെമ്പാടും സംഘടിപ്പിച്ച റാലികളിലും സമ്മേളനങ്ങളിലും ഈ തമാശ ആവർത്തിക്കുകയും ചെയ്തു. അധികാരമേറ്റശേഷം കാനഡയുടെമേൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുമെന്നും ട്രംപ് പ്രഖ്യാപിച്ചിരുന്നു. കാനഡയെ യുഎസിനോടു കൂട്ടിച്ചേർക്കാൻ ശ്രമിക്കുമോയെന്ന മാധ്യമപ്രവർത്തകരുടെ അന്വേഷണത്തിനു മറുപടിയായി ഇരുരാജ്യങ്ങളും തമ്മിലുള്ളത് സാങ്കല്പികാതിർത്തി മാത്രമാണെന്നാണ് ട്രംപ് പ്രതികരിച്ചത്. ഏറ്റവുമൊടുവിൽ, ഈ മാസം 6-ാം തീയതി കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ രാജിവച്ചശേഷവും ട്രംപിന്റെ വിമർശനങ്ങൾക്കു മൂർച്ച കൂടി. ജനപ്രീതി നഷ്ടപ്പെട്ട് അധികാരം ഒഴിയേണ്ടിവന്ന ട്രൂഡോയെ 'ഗവർണർ ട്രൂഡോ' എന്നു വിളിച്ചു പരിഹസിക്കുകയും ചെയ്തു കാനഡയെ യു എസിന്റെ 51-ാമത്തെ സംസ്ഥാനമാക്കുമെന്നത് നടക്കാത്ത ഒരു സ്വപ്നമാണെന്നും തന്റെ രാജ്യത്തെ ഉത്പന്നങ്ങൾക്ക് 25 ശതമാനം ഇറക്കുമതിച്ചുങ്കംഏർപ്പെടുത്തുമെന്നട്രംപിന്റെ ഭീഷണിക്കു തക്ക മറുപടി നൽകുമെന്നുമായിരുന്നു ട്രൂഡോയുടെ പ്രതികരണം.

ഡെന്മാർക്കിന്റെ ഉടമസ്ഥതയിലുള്ളതും 1979 മുതൽ സ്വയംഭരണം നിലവിലുള്ളതുമായ ഗ്രീൻലാന്റും അറ്റ്ലാന്റിക്/പസഫിക് സമുദ്രങ്ങളെ ബന്ധിപ്പിക്കുന്ന പനാമ കനാലും ഏറ്റെടുക്കേണ്ടത് അമേരിക്കയുടെ ദേശീയസുരക്ഷയ്ക്കു നിർണായകമാണെന്നും പ്രചാരണവേളയിൽ ട്രംപ് പറഞ്ഞുവച്ചു. ഗ്രീൻലാന്റിന്റെയും പനാമയുടെയുംമേൽ സാമ്പത്തികവും സൈനികവുമായ ശക്തി പ്രയോഗിക്കാൻ മടിക്കില്ലെന്നും ട്രംപ് പ്രഖ്യാപിച്ചിരുന്നു. തങ്ങളുടെനേരേ സൈനികശക്തി പ്രയോഗിക്കുമെന്ന ട്രംപിന്റെ ഭീഷണിയിൽ വലിയ കഴമ്പില്ലെന്നായിരുന്നു ഡെന്മാർക്കിന്റെ പ്രധാനമന്ത്രി മെറ്റെ ഫ്രെഡെറിക്സൻ മാധ്യമപ്രവർത്തകർക്കു നല്കിയ മറുപടി. ആർട്ടിക്മേഖലയിലുള്ള ട്രംപിന്റെ താത്പര്യത്തിൽ തെറ്റില്ലെന്നും, എന്നാൽ, അവിടത്തെ ജനങ്ങൾക്കു ദോഷകരമായ നടപടികളൊന്നും അനുവദിക്കാനാകില്ലെന്നും അവർ കൂട്ടിച്ചേർത്തു.

വടക്ക്/തെക്ക് അമേരിക്കൻ ഭൂഖണ്ഡങ്ങളുടെ മധ്യത്തിൽ അറ്റ്ലാന്റിക്/പസഫിക് സമുദ്രങ്ങളെ ബന്ധിപ്പിക്കുന്ന പനാമ കനാൽപിടിച്ചെടുക്കുമെന്നട്രംപിന്റെ പ്രഖ്യാപനം പഴയ സൂയസ് പ്രതിസന്ധിപോലെ സങ്കീർണമായേക്കുമോയെന്നു ലോകരാജ്യങ്ങൾ ഭയക്കുന്നു. അമേരിക്കൻ എൻജിനീയറിങ് വിസ്മയമായ കനാൽ 1914 ഓഗസ്റ്റ് 15-ാം തീയതിയാണ് കമ്മീഷൻ ചെയ്ത് ചരക്കുഗതാഗതത്തിനു തുറന്നുകൊടുത്തത്. 19-ാം നൂറ്റാണ്ടിന്റെ അവസാനം 1881 ൽ ഫ്രാൻസ് തുടക്കമിട്ടിരുന്നെങ്കിലും പൂർത്തിയാക്കാൻ കഴിയാതെവന്നതിനാൽ നിർമാണം അമേരിക്ക ഏറ്റെടുക്കുകയായിരുന്നു. ഉടമസ്ഥതയെച്ചൊല്ലിയുള്ള പ്രക്ഷോഭങ്ങളെത്തുടർന്ന് 1977ൽ കനാൽ സ്വതന്ത്രപനാമയ്ക്കു വിട്ടുനല്കുകയായിരുന്നു. 1999 മുതൽ കനാലിന്റെ സമ്പൂർണനിയന്ത്രണം പനാമയിൽ വന്നുചേർന്നു. കൈമാറ്റസമയത്തു നല്കിയ വാഗ്ദാനങ്ങൾ പനാമ പാലിച്ചിട്ടില്ലെന്നും, ഹോങ്കോങ് ആസ്ഥാനമായ ചൈനീസ് കമ്പനികളാണ് കനാലിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതെന്നും ട്രംപ് ആരോപിച്ചു. സത്യപ്രതിജ്ഞയ്ക്കുശേഷം നടത്തിയ ആദ്യ പ്രസംഗത്തിൽത്തന്നെ ട്രംപ് ഇക്കാര്യം പ്രത്യേകം പരാമർശിക്കുകയും ചെയ്തു. ട്രംപിന്റെ ഭീഷണി തള്ളിക്കളഞ്ഞുകൊണ്ട് പനാമയുടെ പ്രസിഡന്റ് ജോസ് പോൾ മുലിനോ പറഞ്ഞത് ഇപ്രകാരമായിരുന്നു: ''പനാമ കനാൽ നിയമപരമായിഞങ്ങളുടേതാണ്, അത് എന്നും അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും.'' പ്രകോപനംസൃഷ്ടിക്കുംവിധമുള്ള പ്രഖ്യാപനങ്ങൾ നടത്തുന്നതും, തങ്ങളുടെനേരേ ബലപ്രയോഗം നടത്തുമെന്നു ഭീഷണിപ്പെടുത്തുന്നതും യു എൻ ചാർട്ടർ രണ്ടാം വകുപ്പുപ്രകാരം കുറ്റകരമാണെന്ന പരാതിയുമായി മുലിനോ ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസിനെ സമീപിച്ചുകഴിഞ്ഞു. അതേസമയം, പനാമ കനാലിന്റെ നടത്തിപ്പിലോ മേൽനോട്ടത്തിലോ തങ്ങൾക്ക് ഒരു പങ്കുമില്ലെന്ന് ചൈനയും വെളിപ്പെടുത്തി.

ഫ്ളോറിഡയിലെ മാർ അലാഗോയിലുള്ള വേനൽക്കാലവസതിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ ട്രംപ് കാനഡയ്ക്കു നല്കിയ വാഗ്ദാനങ്ങളും രസകരമായിത്തോന്നി. അമേരിക്കയിൽ ലയിക്കാൻ കാനഡ സമ്മതിക്കുന്നപക്ഷം ഇറക്കുമതിച്ചുങ്കം ഈടാക്കുകയില്ലെന്നും, കരമൊഴിവു നല്കുമെന്നും, ശത്രുരാജ്യങ്ങളുടെ ആക്രമണങ്ങളിൽനിന്നു സംരക്ഷണം നല്കുമെന്നുമായിരുന്നു ട്രംപിന്റെ വാഗ്ദാനം. ട്രംപിന്റെ പ്രഖ്യാപനങ്ങൾ തമാശയോ വെറും വാക്കോ അല്ലെന്നു തെളിയിക്കുമാറുള്ള ഒരു നടപടി റിപ്പബ്ലിക്കൻസെനറ്റർമാരിൽനിന്നുണ്ടായത് പുതിയ സംഭവവികാസമാണ്. അവരുടെ തീരുമാനപ്രകാരം ഗ്രീൻലാന്റിനെ സ്വന്തമാക്കുന്നതിന് ഡെന്മാർക്കുമായി യു എസ് പ്രസിഡന്റ് ഏർപ്പെടുന്ന കരാറിന്റെ പകർപ്പ് കരാർ ഒപ്പിട്ട് അഞ്ചു ദിവസത്തിനകം ജനപ്രതിനിധിസഭയുടെയും സെനറ്റിന്റെയും പരിഗണനയ്ക്കു വയ്ക്കേണ്ടതാണ്.

ഒരു ഭൂഖണ്ഡമായി വേർതിരിക്കപ്പെട്ട ഓസ്ട്രേലിയ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ ദ്വീപാണ് ഗ്രീൻലാന്റ്. 21,66,000 ചതുരശ്രകിലോമീറ്ററാണ് ദ്വീപിന്റെ വിസ്തീർണം. 1953 മുതൽ ഡെന്മാർക്കിന്റെ നിയന്ത്രണത്തിലുള്ളതും, 1979 മുതൽ സ്വയംഭരണപ്രവിശ്യയുമായ ഗ്രീൻലാന്റിന്റെ പ്രധാനമന്ത്രി മ്യൂട്ടെ എഗെദെയുടെ പ്രസ്താവനയും പുതിയ സംഭവികാസങ്ങളോടു ചേർത്തു വായിക്കണം: ''ഞങ്ങളുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയായ അമേരിക്കയുമായി എക്കാലത്തും സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്. ധാതുസമ്പന്നമായ ഞങ്ങളുടെ ദ്വീപസമൂഹങ്ങളിൽ ഖനനം നടത്തുന്നതിനു ഞങ്ങൾ എതിരല്ല, ഞങ്ങളുടെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു. എന്നാൽ, ചുറ്റിലും നടക്കുന്ന സാമ്രാജ്യത്വശക്തികളുടെ ബലപരീക്ഷണങ്ങൾ ഞങ്ങളെ ഭയചകിതരാക്കുന്നു''. ദ്വീപിന്റെ 80 ശതമാനവും വർഷംമുഴുവൻ മഞ്ഞുമൂടിക്കിടക്കുന്നതിനാൽ ജനസംഖ്യ 57,000 മാത്രമാണ്. ഇരുമ്പും ചെമ്പും ഈയവും ടൈറ്റാനിയവും മാത്രമല്ല, സ്വർണത്തിന്റെയും പെട്രോളിയത്തിന്റെയും പ്രകൃതിവാതകങ്ങളുടെയും കലവറകൂടിയാണ് ഗ്രീൻലാന്റ് എന്ന തിരിച്ചറിവാകാം ട്രംപിന്റെ നീക്കങ്ങൾക്കു പിന്നിലെന്നാണു രാഷ്ട്രീയ നിരീക്ഷണം.

▶ 10

# ലഹരിവഴിയിലെ ചതിക്കുഴികൾ



അനിൽ ജെ. തയ്യിൽ

എല്ലാം നവീകരിക്കപ്പെടുകയാണ്... പുതിയ രീതികൾ... പുതിയ ദിശകൾ...

ഒപ്പം, ലഹരിയുടെ വഴികളും മാറുന്നു. യുവതലമുറ വലിച്ചുപുകച്ച് ലഹരിയെ ഉള്ളിലെത്തിക്കുന്നില്ല. കൈത്തണ്ടയിൽ സിറിഞ്ചുകളാഴ്ത്തി മുറിപ്പാടുകളാൽ വികൃതമാക്കി അവർ ഉന്മാദം തേടുന്നില്ല. ഗുളികയായും സ്റ്റാമ്പുകളായും അവർ ഉന്മാദത്തിന്റെ ഉന്നതികൾ തേടുന്നു. നാശത്തിന്റെ ഇരുൾക്കയത്തിലേക്കു കൂപ്പുകുത്തുമ്പോഴും ലഹരിയുടെ വിറങ്ങലിപ്പിൽ അവർ സ്വയം മറക്കുന്നു.

കുട്ടികളുടെയും യുവാക്കളുടെയും ഇടയിൽ മദ്യപാനം കുറയുകയും സിന്തറ്റിക് ഡ്രഗ്സ് അഥവാ രാസലഹരിയോടുള്ള അമിതാസക്തി അപകടകരമാംവിധം വർധിക്കുകയും ചെയ്യുന്നുവെന്ന് എക്സൈസ് ഡിപ്പാർട്ടുമെന്റ് കണക്കുകൾ നിരത്തി വെളിപ്പെടുത്തുന്നു. എം.ഡി.എം.എ., എൽ.എസ്.ഡി, മെറ്റാംഫിറ്റാമിൻ തുടങ്ങിയവയുടെ വിപണനത്തിലും ഉപഭോഗത്തിലും 2024 ൽ മുൻവർഷത്തെ അപേക്ഷിച്ച് 300 ശതമാനത്തിന്റെ വർധനയാണ് ഉണ്ടായിരിക്കുന്നതെന്നത് നടുക്കുന്ന കാര്യമാണ്. നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസ് ആക്ട് (എൻ.ഡി.പി.എസ്) പ്രകാരമുള്ള കേസുകൾ ഒരു വർഷത്തിനിടയിൽ ഇരട്ടിയായി എന്നത് കേരളത്തിലെ യുവതലമുറയുടെ മാരകലഹരിയിലേക്കുള്ള പ്രയാണം എത്ര അപകടകരമായ വേഗത്തിലാണെന്നു സൂചിപ്പിക്കുന്നു. മുമ്പൊക്കെ വിദേശരാജ്യങ്ങളിൽനിന്ന് കള്ളക്കടത്തായി എത്തിച്ചുകൊണ്ടിരുന്ന ഇത്തരം രാസലഹരികളുടെ ഉത്പാദനകേന്ദ്രങ്ങൾ ഇപ്പോൾ നമ്മുടെ അയൽസംസ്ഥാനങ്ങളിൽത്തന്നെയുണ്ട്. നമ്മുടെ സാമ്പത്തികതലസ്ഥാനം എന്ന നിലയിൽനിന്ന് എറണാകുളം കേരളത്തിന്റെ ലഹരിതലസ്ഥാനമായി മാറിക്കഴിഞ്ഞു. സംസ്ഥാനത്ത് ഏറ്റവുമധികം ലഹരിക്കേസുകൾ റിപ്പോർട്ടു ചെയ്യപ്പെടുന്നത് എറണാകുളംജില്ലയിൽനിന്നാണ്. ഇക്കഴിഞ്ഞ ഒന്നരവർഷത്തിനിടയിൽ 8567 എൻഡിപിഎസ് കേസുകൾ എറണാകുളംജില്ലയിൽമാത്രം രജിസ്റ്റർ ചെയ്തതിൽ 6436 എണ്ണവും കൊച്ചിനഗരത്തിൽനിന്നുമാത്രമാണ്. ലഹരി ഉപയോഗിച്ചതിന് 6191 കേസുകളാണു രജിസ്റ്റർ ചെയ്തത്. എറണാകുളത്തിനു തൊട്ടുപിന്നിൽ മലപ്പുറം, കോഴിക്കോട് ജില്ലകളാണ്. ഏറ്റവും കുറവ് പത്തനംതിട്ടജില്ലയിലാണ്. 291 കേസുകളാണ് ഇവിടെ രജിസ്റ്റർ ചെയ്തത്. ഇത്തരം കേസുകളുമായി ബന്ധപ്പെട്ട 1980 പേരെയാണ് എറണാകുളം റൂറൽ പൊലീസ് കഴിഞ്ഞ പത്തു മാസത്തിനിടെ അറസ്റ്റു ചെയ്തത്. 2022 ൽ രാജ്യത്തെ എൻഡിപിഎസ് അറസ്റ്റുകളുടെ 29.4 ശതമാനം നടന്നത് കേരളത്തിലാണെന്നു രേഖകൾ പറയുമ്പോൾ കേരളയുവത്വം എത്ര വേഗത്തിലാണ് നാശത്തിലേക്കു നിപതിക്കുന്നതെന്നു ബോധ്യമാകുന്നു.

**എന്തുകൊണ്ട് രാസലഹരി?**

പഞ്ചാബ് കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ രാസലഹരിവിനിയോഗം നടക്കുന്നത് കേരളത്തിലാണ്. ഉപയോഗിക്കാനും സൂക്ഷിക്കാനും വിപണനം നടത്താനുമുള്ള സൗകര്യവും കൂടുതൽ സമയം നീണ്ടുനിൽക്കുന്ന ലഹരിയുമാവണം രാസലഹരിയുടെ ഉപഭോഗം വർധിക്കാൻ ഇടയാക്കിയത്. കൊക്കയിൻ, ഹെറോയിൻ മുതലായവ കൊക്കോ, പോപ്പി ചെടികളിൽനിന്ന് ഉത്പാദിപ്പിക്കുമ്പോൾ എംഡിഎംഎ രാസസംശ്ലേഷണത്തിലൂടെ ലബോറട്ടറികളിൽ സൃഷ്ടിക്കപ്പെടുന്നവയാണ്. ചില രാസത്വരകങ്ങൾ കൂട്ടിച്ചേർത്തു മാരകമായവിധം ലഹരി വർധിപ്പിക്കാനുമാവും. സാധാരണരീതിയിൽ എം.ഡി.എം.എയുടെ ലഹരി 7-8 മണിക്കൂർവരെ നിലനിൽക്കും. എന്നാൽ, 'മാക്സ് ജെല്ലി എക്സ്റ്റസി' എന്ന പേരിൽ അറിയപ്പെടുന്ന എംഡിഎംഎയുടെ ഒരു മൈക്രോ ഗ്രാം ഉപയോഗിച്ചാൽ അതിന്റെ ലഹരി 48 മണിക്കൂറോളം നീണ്ടുനിൽക്കും. അളവിലോ ഉപയോഗക്രമത്തിലോ നേരിയരീതിയിൽ വരുന്ന മാറ്റംപോലും മരണത്തിലേക്കു നയിക്കും എന്നതു മറ്റൊരു കാര്യം.

മറ്റൊരു രാസലഹരിയായ എൽഎസ്ഡി ആസിഡ്, ലൂബി എന്നൊക്കെ വിവിധ പേരുകളിൽ അറിയപ്പെടുന്നു. സ്റ്റാമ്പ് രൂപത്തിൽ സൂക്ഷിച്ചുവയ്ക്കാനും ഒളിപ്പിച്ചുവയ്ക്കാനും ഏറെ സൗകര്യപ്രദമാണ് ഇത്. കഴിഞ്ഞ വർഷം 2385.1 ഗ്രാം എംഡിഎംഎയാണ് എക്സൈസ് വകുപ്പു പിടികൂടിയത്. 14992 ഗ്രാം ഹെറോയിനും 3484 കിലോഗ്രാം കഞ്ചാവും പൊലീസ് പിടികൂടിയതിനു പുറമേയാണിത്. പിടിക്കപ്പെടാത്ത ലഹരിമരുന്നിന്റെ അളവ് എത്ര ഭീകരമായിരിക്കും!

**ലഹരിവഴിയിലെ കുട്ടികളും സ്ത്രീകളും**

ലഹരിവഴികളിൽ കുടുങ്ങിപ്പോയ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണത്തിൽ ഇരട്ടി വർധനയുണ്ടായെന്ന് കണക്കുകൾ ഉദ്ധരിച്ച് എക്സൈസ് അധികൃതർ പറയുന്നു. കഴിഞ്ഞവർഷം ലഹരിക്കടത്തിനും ഉപയോഗത്തിനുമെതിരേ നൂറിലേറെ സ്ത്രീകളുടെ പേരിൽ കേസ് ചാർജു ചെയ്തപ്പോൾ നൂറ്റമ്പതോളം കൗമാരക്കാരുടെ പേരിൽ കേസെടുക്കുകയുണ്ടായി. 18-25 പ്രായപരിധിയിൽപ്പെട്ടവർക്കെതിരേ 6377 കേസുകളാണ് ചാർജു ചെയ്തത്. പിടിക്കപ്പെട്ട കേസുകൾമാത്രമാണ് ഇതെന്ന് ഒരിക്കൽക്കൂടി ഓർമിപ്പിക്കട്ടെ. മയക്കുമരുന്നുവിപണനത്തിൽ കണ്ണികൾ പിടിക്കപ്പെടാതിരിക്കാൻ അതിവിദഗ്ധമാർഗങ്ങളാണ് അവലംബിക്കുന്നത്. ആവശ്യക്കാരനിൽനിന്ന് ക്യു ആർ കോഡുവഴി ഒരു വ്യക്തി പണം കൈപ്പറ്റുന്നു. ആവശ്യക്കാരന് ചരക്ക് എത്തിച്ചുനൽകുന്നത് മറ്റൊരാളാവും. സ്ത്രീകളുടെമേൽ കർശനപരിശോധന ഉണ്ടാവില്ലെന്ന ആനുകൂല്യം മുതലെടുത്താണ് മയക്കുമരുന്നുലോബി അവരെ വിപണനത്തിനുപയോഗിക്കുന്നത്. ഭാര്യാഭർത്താക്കന്മാർ എന്ന നിലയിൽ ഹോട്ടലുകളിൽ റൂമെടുത്ത് മയക്കുമരുന്നുകൈമാറ്റവും അനാശാസ്യപ്രവർത്തനവും പലരും തൊഴിലാക്കുന്നു. പതിനെട്ടുവയസ്സ് കഴിഞ്ഞ പെൺകുട്ടികൾക്കുള്ള നിയമത്തിന്റെ ആനുകൂല്യങ്ങളും അവർ മുതലാക്കുന്നു.



**മയക്കുമരുന്നുലഭ്യത**

കേരളത്തിലെ മയക്കുമരുന്നുവിപണനലോബി ബംഗളൂരു, ചെന്നൈ, മുംബൈ, ഡൽഹി എന്നിവിടങ്ങളിലെ വിതരണക്കാരിൽനിന്നാണ് മുഖ്യമായും മയക്കുമരുന്നു വാങ്ങുന്നത്. ഇവിടങ്ങളിൽ നിരവധി അനധികൃത രാസലഹരിനിർമാണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുമുണ്ട്.

മരുന്നുനിർമാണശാലകൾ, ഗവേഷണലബോറട്ടറികൾ എന്നൊക്കെയുള്ള പേരിലാണ് ഇവയിൽ പലതും പ്രവർത്തിക്കുന്നത്. വിദേശത്തുനിന്നു കള്ളക്കടത്ത് നടത്തുന്നത് താരതമ്യപ്പെടുത്തിയാൽ ഇതിനു റിസ്ക് കുറവാണ്. കേരളത്തിലെ കഞ്ചാവുകൃഷിയും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ആന്ധ്ര, ഒഡിഷ എന്നിവിടങ്ങളിൽനിന്നാണ് ഇപ്പോൾ കേരളത്തിലേക്കു കഞ്ചാവ് വരുന്നത്. പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ഇറാൻ മുതലായ രാജ്യങ്ങളിൽനിന്ന് കൂടുതൽ മയക്കുമരുന്ന് കേരളതീരത്ത് എത്തുന്നുണ്ട്. 2024 ഏപ്രിൽ 19 ന് അറബിക്കടലിൽ ഇന്ത്യൻനാവികസേന പിടിച്ചെടുത്ത 300 കോടിയുടെ മയക്കുമരുന്ന് പാക്കിസ്ഥാനിൽനിന്നു കേരളത്തിലേക്കുള്ളതായിരുന്നു. ഗുജറാത്ത് മുന്ദ്ര തുറമുഖത്തുനിന്നു പിടിച്ചെടുത്തത് 21000 കോടിയുടെ ഹെറോയിൻ ആയിരുന്നു. അറബിക്കടലും ഇന്ത്യൻ മഹാസമുദ്രവും ചേർന്നുകിടക്കുന്ന തീരദേശസംസ്ഥാനം എന്ന നിലയിലാണ് മയക്കുമരുന്നുലോബിക്ക് കേരളം പ്രിയപ്പെട്ടതാവുന്നത്. കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിലാണ് അന്താരാഷ്ട്രമയക്കുമരുന്നുമാഫിയ കേരളത്തിൽ ഗണ്യമായ സ്വാധീനം ഉറപ്പിച്ചത്.

**യുവത്വവും ദേശവും തകരുന്നു**

ലഹരിക്ക് അടിമയായ വ്യക്തിക്കൊപ്പം തകർച്ച നേരിടുന്നത് കുടുംബവും സമൂഹവും രാജ്യവും ഒന്നാകെയാണ്. മയക്കുമരുന്നുവിപണി പ്രധാനമായും ലക്ഷ്യംവയ്ക്കുന്നത് കുട്ടികളെയാണ്. ലഹരി ഉപഭോഗം അവരിൽ ശാരീരികവും മാനസികവുമായ പ്രത്യാഘാതങ്ങളാണുണ്ടാക്കുന്നത്. ശാരീരികപ്രതിരോധശേഷി തകരാറിലാവുകയും മസ്തിഷ്കവളർച്ചയ്ക്കും വികാസത്തിനും വിഘാതം സംഭവിക്കുകയും ചെയ്യുന്നു. ഓർമക്കുറവ്, വിഷാദരോഗം, അമിതോത്കണ്ഠ, അനിയന്ത്രിതക്രോധം എന്നിവയും അനന്തരദോഷഫലങ്ങളും അവരെ കാത്തിരിക്കുന്നു. ഒപ്പംതന്നെ, സാമൂഹിക ബന്ധങ്ങളിൽനിന്നുള്ള ഒറ്റപ്പെടലും സംഭവിക്കുന്നു. രാജ്യത്തെയും സമൂഹത്തെയും മുന്നോട്ടുനയിക്കുന്നത് ഉത്പാദനോന്മുഖമായ ഒരു തലമുറയാണ്. ആ തലമുറയുടെ തളർച്ച രാജ്യത്തിന്റെ വളർച്ച പിന്നോട്ടടിക്കുന്നു. ഇത്തരുണത്തിലാണ് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ചൂണ്ടിക്കാണിച്ച നാർക്കോട്ടിക് ജിഹാദ് എന്ന വിഷയം കൂടുതൽ ഗൗരവത്തിൽ കാണേണ്ടിയിരിക്കുന്നത്. എംഡിഎംഎയുടെയൊക്കെ വിവിധ രൂപങ്ങളിലുള്ള ലഹരിവസ്തുക്കൾ വിലയേറിയതാണ്. ആദ്യമൊക്കെ സൗജന്യനിരക്കിൽ നൽകുന്ന കച്ചവടക്കാർ കുട്ടികൾ ഇതിന് അടിമകളായെന്നു കാണുമ്പോൾ പണത്തിനായി പിടിമുറുക്കുന്നു. പണലഭ്യത ഇല്ലാതാവുകയും മയക്കുമരുന്നില്ലാതെ ജീവിക്കാനാവാത്ത അവസ്ഥ സംജാതമാവുകയും ചെയ്യുന്നതോടെ കുട്ടികൾ മോഷണവും കൊള്ളയും തുടങ്ങി കൊലപാതകങ്ങളിൽവരെ എത്തിച്ചേരുന്നു.

**ലഹരിവിമോചനനടപടികൾ**

രാസലഹരിവസ്തുക്കൾ വിദ്യാഭ്യാസസ്ഥാപനങ്ങളിലുൾപ്പെടെ എത്തിച്ചേരുന്നതു തടയാൻ തക്കവിധത്തിൽ കേസുകൾ ചാർജു ചെയ്യുന്ന രീതിയിൽ സർക്കാർ മാറ്റം കൊണ്ടുവന്നു. ലഹരിക്കടത്തിന് ഉയർന്ന ശിക്ഷ ലഭിക്കാൻ മുൻകാലകുറ്റകൃത്യങ്ങൾകൂടി കുറ്റപത്രത്തിൽ ഉൾപ്പെടുത്തുകയും ലഹരിക്കടത്തുകുറ്റം ചെയ്യുന്നവരുടെ ഡാറ്റബാങ്ക് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആവർത്തിക്കുന്നവരെ കരുതൽതടങ്കലിലാക്കാനും പിറ്റ്നിയമം (പ്രിവൻഷൻ ഓഫ് ഇല്ലിസിറ്റ് ട്രാഫിക് ഇൻ നർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട്) ഉപയോഗിച്ച് കരുതൽതടങ്കലിൽ പാർപ്പിക്കാനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്. വിദ്യാർഥികൾ ഉൾപ്പെടെയുള്ളവരുടെ ലഹരിയുപയോഗത്തെക്കുറിച്ച് യോദ്ധാവ്, ചിരി (കേരള പൊലീസ്), വിമുക്തി, നേർവഴി (എക്സൈസ്), ദിശ (ആരോഗ്യവകുപ്പ്), ചൈൽഡ് ലൈൻ എന്നിവിടങ്ങൾവഴി പരാതി നൽകാൻ സംവിധാനമുണ്ട്.

ലഹരിയടിമകളുടെ പുനരധിവാസത്തിനായി എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ 2016 ൽ ആരംഭിച്ച വിമുക്തിമിഷൻ സജീവമായി മുന്നോട്ടു പോകുന്നുണ്ട്. മിഷന്റെ കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ ഡി അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നു. 18 വയസ്സിൽ താഴെയുള്ള 4557 കുട്ടികളാണ് ഇതുവഴി പുനരധിവാസത്തിന് അയയ്ക്കപ്പെട്ടത്. 2018 ഒക്ടോബർ മുതൽ 1,19,560 പേർ ഇതുവഴി ലഹരിമുക്ത ചികിത്സ തേടി. കഴിഞ്ഞ അഞ്ചു വർഷത്തിനിടെ പാലാ വിമുക്തി ഡി അഡിക്ഷൻ സെന്ററിൽ ചികിത്സ തേടിയത് 19,023 പേർ!

ഈ കണക്കുകൾ സൂചിപ്പിക്കുന്നത് ലഹരി നശിപ്പിക്കുന്ന കുഞ്ഞുങ്ങളുടെ എണ്ണത്തിന്റെ വലുപ്പമാണ്. എങ്കിലും, പല മാതാപിതാക്കളും കുട്ടികളുടെ മയക്കുമരുന്നാസക്തിക്കു ചികിത്സാസഹായം തേടാൻ മടി കാണിക്കുന്നു. സമൂഹത്തിൽ തങ്ങളുടെ സൽപ്പേരിനു കളങ്കമുണ്ടായേക്കാമെന്ന് അവർ ഭയക്കുന്നു. മാതാപിതാക്കളെ വെറുക്കുന്ന കുട്ടികൾ മയക്കുമരുന്നുമാഫിയയുടെ കെണിയിൽ വീണേക്കാമെന്നും പുനരധിവാസത്തിൽ മാതാപിതാക്കളുടെ പങ്കു നിർണായകമാണെന്നും വിമുക്തിചുമതലയുള്ള ജോയിന്റ് എക്സൈസ് കമ്മീഷണർ ബി.എ. പ്രദീപ് പറയുന്നു.

താത്കാലികമായി ഉണ്ടാകുന്ന അഭിമാനബോധത്തെക്കാൾ വലുതാണ് മുന്നോട്ടുള്ള കുട്ടികളുടെ ഭാവി എന്ന് മാതാപിതാക്കന്മാരും ചിന്തിക്കേണ്ടിയിരിക്കുന്നു. കുഞ്ഞുങ്ങൾ വീണുപോയേക്കാം; പക്ഷേ, ആ വീഴ്ചയിൽനിന്നു കൈപിടിച്ചുയർത്തി മുന്നോട്ടുകുതിക്കാനുള്ള ചാലകശക്തിയാകേണ്ടത് മാതാപിതാക്കന്മാർതന്നെയാണ്.

'കടമകൾക്കു കനംവച്ചതോർക്കുക,
കനവുകൾ നല്ല കവിതയായ്ത്തീർക്കുക,
ജീവിതം സുഖലഹരിയായിത്തീർക്കുവാൻ
ഹൃദയകുതിരയെ കടിഞ്ഞാണിൽ മുറുക്കുക.'

■



## അതിജീവനത്തിന്റെ സ്ത്രീമുഖങ്ങൾ

1



നിഷ ആന്റണി

# എര

**വെ**ളുത്ത മഞ്ഞിൻപരലുകൾ ഭൂമിയെ തണുപ്പ് പുതപ്പിക്കുന്നൊരു പ്രഭാതത്തിലാണ് അവളെ ഞാൻ പരിചയപ്പെട്ടത്. പത്തുവയസ്സു പ്രായം തോന്നിക്കുന്ന ഒരു മുഖം. ബാല്യം അവളോടു കൂട്ടുവെട്ടിയ ഭാവം. ഫ്രീസ് ചെയ്തുവച്ച മാംസക്കഷണംപോലെ നിർവികാരത അവളുടെ മുഖത്ത് ഒട്ടിച്ചുവച്ചിരിക്കുന്നു. വല്യച്ഛന്റെ കൈയിൽ തൂങ്ങി എന്റെ വീട്ടിലേക്കാണ് അവൾ വന്നതെങ്കിലും ദൃഷ്ടി എന്റെ മുഖത്തേക്കയയ്ക്കാൻ പ്രയാസപ്പെടുന്നതുപോലെ തോന്നി. അവളുടെ വല്യച്ഛൻ രാമൻനായരാണ്.

എന്റെ വീട്ടിൽ സ്ഥിരമായി പാലു തരുന്ന ആൾ. ആ ഒരു ബന്ധംവച്ച് ഞാൻ മത്സ്യമാംസാദികൾ, പച്ചക്കറികൾ, പൂച്ചെടികൾക്കുള്ള പച്ചിലവളം തുടങ്ങി പലതും അയാളെക്കൊണ്ടു വാങ്ങിപ്പിച്ചിരുന്നു.

"ഇത് ആരുടെ മോളാ രാമേട്ടാ?"

വരാന്തയിൽനിന്നു പാൽക്കുപ്പി എടുത്ത് അതിനുള്ളിലെ വെള്ളം മുറ്റത്തെ തറയോടിലേക്കു തൂവിക്കൊണ്ട് രാമേട്ടൻ പറഞ്ഞു:

"കമലയുടെ." പിന്നീട് എനിക്കധികമൊന്നും ചോദിക്കാനുണ്ടായിരുന്നില്ല. വലയ്ക്കുള്ളിൽ കുരുങ്ങിയ പക്ഷിയെപ്പോലെ സ്വരം തൊണ്ടക്കൂടിനുള്ളിൽ പിടഞ്ഞു. ഞാൻ രാമേട്ടനെ പരിചയപ്പെടുമ്പോൾമുതൽ രാമേട്ടൻ കൂടുതൽ  പങ്കുവച്ച കഥാപാത്രമാണ് കമല.

കമലയെക്കുറിച്ചു പറഞ്ഞതിൽ മുഴുവൻ ഞാൻ കാണപ്പെടാതെ പോയ കമലയുടെ അവിഭാജ്യഘടകമാണ് മുന്നിൽവന്നു കൺമിഴിച്ചുനിൽക്കുന്നതെന്ന് എനിക്കപ്പോൾ മനസ്സിലായി.

"കേസൊക്കെ കഴിഞ്ഞോ?" ഞാൻ അല്പം പ്രയാസപ്പെട്ടാണ് രാമേട്ടനോടു ചോദിച്ചത്.

"നടക്കുന്നു ടീച്ചറേ, ഇടയ്ക്കു കുട്ടീനേംകൊണ്ടു കോടതിയിൽ പോകണം." രാമേട്ടൻ നിർത്തി.

അയാൾ കമലയെ കാണാൻ ആശുപത്രിയിലേക്കു പോവുകയാണെന്നും മറ്റെവിടെയും മോളെ ഏല്പിക്കാൻ ഇല്ലാത്തതുകൊണ്ടാണ് ടീച്ചറിന്റെ അടുക്കൽ ഏല്പിക്കുന്നതെന്നും പറഞ്ഞു. സത്യം പറഞ്ഞാൽ ഒരു ദിവസത്തേക്കാണെങ്കിലും അവളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആ നിമിഷം എനിക്കു ഭയം തോന്നി. എന്നാലും, രണ്ടു പെൺകുട്ടികളുടെ അമ്മയാണെന്ന ഉത്തരവാദിത്വമോ അല്ലെങ്കിൽ അധ്യാപികയാണെന്ന സർട്ടിഫിക്കറ്റോ എന്തുകൊണ്ടോ ഞാൻ അവളെ ഏറ്റെടുക്കാൻ തയ്യാറായി.

രാമേട്ടൻ യാത്രയായി. ഞാൻ അവളുടെ കൈപിടിച്ചു. എന്റെ വലതുകൈക്കുള്ളിലേക്ക് അവളുടെ കുഞ്ഞുകൈ ചേർത്തുവച്ച് ശൂന്യമായ വീട്ടകത്തേക്കു നടന്നു. എന്റെ രണ്ടു കുട്ടികളും അവധി ആഘോഷിക്കാൻ നാട്ടിലേക്കു പോയിരുന്നു. കമലയെക്കുറിച്ച് എഴുതാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം, ഞാൻ എങ്ങനെ എഴുതിയാലും ആ നൊമ്പരപ്പാടിനെ വ്യാഖ്യാനിക്കാൻ എന്റെ വാക്കുകൾ മതിയാവില്ല. കൈക്കുമ്പിളിൽനിന്നു മണൽത്തരി ചോർന്നുപോയപോലെ രാമേട്ടന്റെ കൈയിൽനിന്നു മാനസികരോഗാശുപത്രിയിലേക്ക് എത്തിച്ചേർന്നവളാണ് കമല.



വിവാഹവേളയിൽ കമലയും ഭർത്താവും ഒരുമിച്ചെടുത്ത തീരുമാനങ്ങൾ പിന്നീട് തെറ്റിപ്പോയതാണ് കമലയുടെ ദുർവിധിക്കു കാരണമെന്നാണ് കൈതയോല വെട്ടാൻ വരുന്ന പരുന്തി പറയുന്നത്. കേട്ടതല്ലാതെ ഞാൻ ഒരിക്കലും കമലയെ കണ്ടിട്ടുണ്ടായിരുന്നില്ല.

അകത്തെ മുറിയിൽ ഞങ്ങൾ രണ്ടുപേർ ഉണ്ടായിരുന്നിട്ടും ഒരൊറ്റപ്പെടലിന്റെ അസ്വസ്ഥത എനിക്കും അവൾക്കും ഫീൽ ചെയ്തു. അവധിക്കാലമായതു കാരണം എന്റെ ദിനചര്യകളൊക്കെ വളരെ വൈകിയാണ് ഓടിത്തുടങ്ങിയിരുന്നത്. അടുക്കളയിൽ ചായ ആയിട്ടുണ്ടായിരുന്നില്ല. ഞാൻ ടിവി ഓൺ ചെയ്തശേഷം അവളെ സെറ്റിയിൽ ഇരുത്തി. ഒരു കപ്പ് ചായ ഉണ്ടാക്കാം എന്നു കരുതിയാണ് അടുക്കളയിലേക്കു പോയത്. ചായ തിളയ്ക്കുമ്പോഴും പൊടിയിടുമ്പോഴുമൊക്കെ എനിക്കെന്തോ വല്ലാത്ത ഭയം തോന്നി. ഞാൻ വീണ്ടും ലിവിങ് റൂമിലേക്ക് ചെന്നു. അവൾ ഇരുന്നിടം ശൂന്യമാണ്.  ആ ഒരു നിമിഷം ഞാൻ അനുഭവിച്ച ടെൻഷൻ ഇപ്പോഴും എനിക്കു തർജമ ചെയ്യാൻ ആവില്ല. പേരു വിളിക്കാൻ ഞാൻ വാ തുറന്നു. എനിക്ക് അവളുടെ പേര് അറിയില്ല എന്ന സത്യം ഞാൻ അപ്പോഴാണ് ഓർത്തത്. മോളേ എന്നു വിളിച്ചുകൊണ്ട് ഞാൻ വരാന്തയിലേക്കു ചാടിയിറങ്ങി. നിനയ്ക്കാതെ കടന്നുവന്ന വലിയ ഭയത്തിൽ ഞാൻ ദൈവമേ എന്ന് ആഞ്ഞുവിളിച്ചു. ഭീതിയുടെ ഇരുട്ടിൽ കാഴ്ച മങ്ങിപ്പോവാഞ്ഞതുകൊണ്ടു മാത്രം ഞാൻ അവളെ കണ്ടു. എന്റെ മുറ്റത്ത് സ്ഥിരമായി വരാറുണ്ടായിരുന്ന വാലൻപൂച്ചയുടെ മുന്നിലാണ് അവൾ. എന്റെ വാക്കുകൾ വിരസമാവാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ട് ഞാൻ അവളോട് 'മോള് അകത്തേക്കു വാ' എന്നു പറഞ്ഞു. ഇന്നിനി ഭക്ഷണമുണ്ടാക്കേണ്ടാ എന്നു കരുതി ഞാനും അവളുമൊരുമിച്ച് ഇരുന്നു.

അവളൊന്നും മിണ്ടുന്നില്ല.

"മോൾടെ പേരെന്താണ്?"

ചുണ്ടു കൂർപ്പിച്ച്, ഉടുപ്പിലെ പൂമ്പാറ്റക്കുഞ്ഞിന്റെ മേൽ കൈതൊട്ട് അവൾ നിലത്തേക്കുമാത്രം നോക്കിയിരുന്നു. എന്നോടു മിണ്ടാത്ത ആരോടും സ്ഥിരമായി ചോദിക്കാൻ തയ്യാറാക്കിവച്ച ഒരു ചോദ്യമാണ് ഞാൻ പിന്നീട് അവളോടു ചോദിച്ചത്: "എന്നെ ഇഷ്ടമില്ലേ മോൾക്ക്?"

അവൾ ചെറുതായിമാത്രം തലയാട്ടി. ഒരുപാടു നേരത്തെ തലോടലുകൾക്കും വാത്സല്യങ്ങൾക്കുംശേഷം അവൾ എന്റെ മുഖത്തേക്കു നോക്കിത്തുടങ്ങി. ഞാൻ കൊടുത്ത കളിപ്പാട്ടങ്ങളോട് പ്രതികരിച്ചുതുടങ്ങി.

"ടീച്ചറോട് പേരു പറയ്യോ?" ഞാൻ വീണ്ടും ചോദിച്ചു.

വലിയ ഒരു രഹസ്യമാണ് ഞാൻ പറയാൻ പോകുന്നത് എന്ന ഭാവത്തിൽ അവൾ മുഖം നിവർത്തി.

"ന്റെ പേര് ലക്ഷ്മീന്നാണ്. പക്ഷേ, ന്നെ ആരും അങ്ങനെ വിളിക്കാറില്ല. ആട്ന്ന് പോന്നശേഷം എന്നെ എല്ലാരും എരെ എരെ എന്നാണു വിളിക്കാറ്."

വേദനയുടെ വയറു പൊട്ടി  ഇരച്ചുവരുന്ന മിന്നലുകൾ എന്റെ കണ്ണിനെ മാത്രമല്ല ശരീരത്തിലെ ഓരോ രോമകൂപങ്ങളെയും നനച്ചുകൊണ്ടിരുന്നു.

"ഇര"

പ്രിയ വായനക്കാരാ,

ഇരയായും നിർഭയയായും പീഡിതയായും പെൺകുട്ടികൾക്കു പേരു വീഴുന്ന ഈ കാലത്ത് ലോകത്ത് ഏതൊരമ്മയും തന്റെ കുട്ടിക്ക് ഒരിക്കലും വന്നുചേരാൻ ആഗ്രഹിക്കാത്ത ഒരു പേര് അവൾ പറഞ്ഞപ്പോൾ അതിന്റെ അർഥവ്യാപ്തിയും കഥയുടെ പിന്നാമ്പുറവും ഞാൻ നിങ്ങളെയും അറിയിക്കേണ്ടല്ലോ.

ഞാൻ ശ്വാസഗതി നിയന്ത്രിക്കാൻ എടുത്ത സമയത്തിനുള്ളിൽ അവൾ വീണ്ടും തുടർന്നു:

"അതോണ്ട് ഞാൻ വല്യച്ഛനോടു പറഞ്ഞു, എന്നെ എന്റെ പേരുമാത്രം വിളിക്കുന്ന സ്കൂളിൽ ചേർത്താൽ മതീന്ന്." ജീവിതത്തിൽ എന്തുതന്നെ സംഭവിച്ചാലും സ്വന്തം പേരുകൊണ്ടു മേൽവിലാസം എഴുതുന്നവളായി ജീവിക്കണമെന്ന അവളുടെ നിശ്ചയദാർഢ്യത്തിനു പിറകിൽ ദൈവത്തിന്റെ കരങ്ങളല്ലാതെ മറ്റെന്താണ്? പ്രിയ ലക്ഷ്മീ, നിന്റെ കഥയിൽനിന്ന് ഇപ്പോൾ ജീവിതം തിരികെപ്പിടിച്ചത് ഞാൻകൂടിയാണ്. ദൈവം എഴുതിയ കഥയിൽ ആർക്കും ഒന്നും പുതുതായി ചെയ്യാനില്ലല്ലോ. അഭിനയിച്ചുതീർക്കുക എന്നതൊഴികെ. ■



മേഴ്സിക്കുട്ടി എബ്രാഹം

# വസ്ത്രധാരണത്തിൽ ശ്രദ്ധിച്ചിരുന്നെങ്കിൽ

**ക്രി**സ്മസും പുതുവത്സരവും ആഘോഷങ്ങളുടെ കാലമാണ്. ക്രിസ്മസ് കഴിഞ്ഞതോടെ കല്യാണങ്ങളുടെ തിരക്കായി. പുതുവർഷത്തിൽ വിവാഹം കഴിക്കാൻ ചിലരെങ്കിലും കാത്തിരിക്കുകയായിരുന്നു. ഏതായാലും ജാതിമതഭേദമെന്യേ ആരു കല്യണം വിളിച്ചാലും ഞാൻ പോകുന്ന പതിവുണ്ട്. പഠിപ്പിച്ച കുട്ടികളും, കൂടെ ജോലി ചെയ്തിരുന്ന അധ്യാപകരും മറ്റു ബന്ധുക്കളുമൊക്കെയായിരിക്കും അവരുടെ മക്കളുടെ കല്യാണം വിളിക്കുന്നത്. എല്ലാവരെയും കാണാനും സംസാരിക്കാനും ബന്ധങ്ങൾ പുതുക്കാനും കിട്ടുന്ന അവസരം.

ക്രിസ്മസ് കഴിഞ്ഞ് നാളിതുവരെ ആറു കല്യണങ്ങളിൽ പങ്കെടുത്തു. രണ്ടു ഹിന്ദുക്കല്യാണവും മൂന്നു ക്രൈസ്തവവിവാഹവും ഒരു മുസ്ലീം നിക്കാഹും. വധൂവരന്മാർ അണിഞ്ഞൊരുങ്ങി പുതിയൊരു ജീവിതത്തിലേക്കു പ്രവേശിക്കുന്നതിന്റെ പ്രാരംഭമാണല്ലോ വിവാഹാഘോഷം. കത്തോലിക്കർക്കാകട്ടെ അതൊരു കൂദാശാസ്വീകരണവുമാണ്.

ഹിന്ദു ആചാരപ്രകാരമുള്ള കല്യാണങ്ങളിൽ വധുവിനെ നാം കാണുന്നത്, ഈറൻമുടിയിൽ നിറയെ മുല്ലപ്പൂ ചൂടി, ആഭരണങ്ങളൊക്കെ അണിഞ്ഞ്, നമ്മുടെ നാടിന്റെ തനതുവേഷമായ സെറ്റുമുണ്ടിലാണ്. അതിനുശേഷം വരൻ നൽകുന്ന പുടവ അണിയുന്നു. മുസ്ലീം മണവാട്ടി സർവാഭരണവിഭൂഷിതയായി ഒപ്പനയ്ക്ക് ഒരുങ്ങിയതുപോലെ വർണ്ണാഞ്ചിതമായ വസ്ത്രത്തിൽ തലയിൽ തട്ടവുമിട്ടു പ്രത്യക്ഷയാവുന്നു.

എന്നാൽ, കല്യാണത്തിനൊരുങ്ങിവരുന്ന ക്രിസ്ത്യാനിപ്പെൺകുട്ടികളെ കാണുമ്പോൾ പലപ്പോഴും സങ്കടം തോന്നാറുണ്ട്. കാരണം, ശരീരഭാഗങ്ങൾ അനാവൃതമാക്കി വേഷം കെട്ടാനാണു പലർക്കും താത്പര്യം. ആ 'കെട്ടിയെഴുന്നള്ളത്ത്' കാണാനും കമന്റടിക്കാനും വേറെ കുറെപ്പേരും. ഈ കോലംകെട്ടലൊക്കെ പെൺകുട്ടിയുടെയും മാതാപിതാക്കളുടെയും ആഗ്രഹത്തെക്കാൾ ബ്യൂട്ടിപാർലറുകാരുടെ ലീലാവിലാസങ്ങളാണത്രേ.

പാവം പെൺകുട്ടി! അവൾ ജീവിതത്തിൽ അന്നേവരെ ഇട്ടിട്ടില്ലാത്ത ഒരുതരം ഗൗൺ. തലയിലെ നെറ്റ് വധുവിന്റെ പിറകിലൂടെ ഒരു മീറ്ററോളം നീണ്ടുകിടക്കുന്നു. കൈയും മാറും പിൻവശവും മറ്റും മാന്യമായി മറച്ച ഗൗണാണെങ്കിൽ പോട്ടെന്നു വയ്ക്കാം. പക്ഷേ, ആദ്യമായി ഗൗൺ ഇടുന്നതിന്റെയും സ്വന്തം മേനി മറ്റുള്ളവർ കാണുന്നതിന്റെയും ആകുലതയിലും ജാള്യത്തിലും ഒരു വധു കൈയിലിരിക്കുന്ന പൂച്ചെണ്ടുകൊണ്ട് മാറുമറയ്ക്കാൻ കഷ്ടപ്പെടുന്നത് ഈയിടെ കണ്ടു. ഒരുതരത്തിൽ പറഞ്ഞാൽ, മദാമ്മമാരുടെ ഡ്രസ്കോഡ് നമ്മൾ എന്തിനാണിങ്ങനെ അനുകരിച്ചുകൊണ്ടു നടക്കുന്നത്? നമ്മുടെ സാരിയും ബ്ലൗസും നല്ലതല്ലേ? ഏതു ശരീരപ്രകൃതിക്കാർക്കും യോജിക്കുന്ന വസ്ത്രമല്ലേ അത്? മാതാപിതാക്കളും വിവാഹിതരാകാൻ പോകുന്ന പെൺകുട്ടികളും ഒന്നു ശ്രദ്ധിക്കുന്നതു നല്ലതാണ്. വിദേശത്തു ജോലി ചെയ്യുന്ന മകളെ, അവിടുത്തെ ഡ്രസ് അണിയിച്ചു കല്യാണം കഴിപ്പിക്കണമെന്നാണ് ചിലർ പുലമ്പുന്ന ന്യായം!

ഞാൻ കുറച്ചുനാൾ വിദേശത്തുണ്ടായിരുന്നു. അവിടെ ഏതു വേഷത്തിലും പള്ളിയിൽ വരാം. മലയാളംപള്ളികളിലൊക്കെ സാരിയുടുക്കുന്നവർ ധാരാളമാണ്. എവിടെച്ചെന്നാലും മലയാളി മലയാളിതന്നെ. പത്രത്തിൽ ഞാൻ വിവാഹഫോട്ടോകൾ കാണാറുണ്ട്. ചില ഫോട്ടോയിൽ വരൻ മുണ്ടും ഷർട്ടും ധരിച്ച് തോളത്ത് കവണിയുമിട്ടു നിൽക്കുന്നു. വധു സാരിയിലും. അതാണു നമ്മുടെ മാതൃക. നമ്മുടെ നല്ല മാതൃകകൾ നഷ്ടപ്പെടുത്തണോ? മറ്റുള്ളർ പഴയ മാതൃകകൾ പിൻതുടരുമ്പോൾ നാമെന്തിന് മദാമ്മമാരുടെ ഡ്രസ് തേടി അലയണം! വസ്ത്രധാരണം വ്യക്തിസ്വാതന്ത്ര്യത്തിൽപ്പെട്ടതാണെങ്കിലും ദൈവാലയങ്ങളിലും വിവാഹവേദികളിലും വീട്ടിലും വിദ്യാലയങ്ങളിലുമൊക്കെ അല്പംകൂടി മാന്യത പാലിക്കുന്നതു നല്ലതാണെന്ന കാര്യം ആരും മറക്കരുത്. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ

നിയമവിധേയൻ വികാരങ്ങളെ നിയന്ത്രിക്കുന്നു; ജ്ഞാനം ദൈവഭക്തിയിൽ പൂർണമാകുന്നു!
പ്രഭാഷകൻ 21:11

**എഡിറ്റോറിയൽ**

# സാംസ്കാരികകേരളമോ മൃഗീയകേരളമോ?

**ചെ**ന്താമര അറസ്റ്റിലായെന്ന വാർത്ത കൊട്ടിഘോഷിച്ചാണ് ജനുവരി 29 ലെ പത്ര, ദൃശ്യമാധ്യമങ്ങൾ ഉണർന്നത്. ഒരു നാടിനെ മുഴുവൻ ഭീതിയിലാഴ്ത്തിയ കൊടുംകുറ്റവാളി പിടിയിലായത് ആ നാടിനു മാത്രമല്ല, കേരളത്തിനു മുഴുവനും ആശ്വാസവാർത്തയായി. നെന്മാറ ഇരട്ടക്കൊലക്കേസ് പ്രതി ചെന്താമരയെ രണ്ടു രാത്രിയും രണ്ടുപകലും നീണ്ട പരിശ്രമത്തിനൊടുവിലാണ് വനത്തിൽനിന്നു പിടികൂടിയത്. രണ്ടുപേരെ അതിക്രൂരമായി വെട്ടിക്കൊന്നശേഷം ഒളിവിൽപ്പോയ പ്രതിയെ കുടുക്കാൻ പൊലീസിനൊപ്പം അക്രമാസക്തരായ നാട്ടുകാരും രാപകലെന്യേ വനത്തിലാകെ അരിച്ചുപെറുക്കി പരിശോധിച്ചതിനൊടുവിലാണ് രാത്രി വൈകി പ്രതി പിടിയിലാകുന്നത്.

പാലക്കാട് നെന്മാറ പോത്തുണ്ടിയിൽ ജനുവരി 27 നു രാവിലെയാണ് സുധാകരനെയും അമ്മ ലക്ഷ്മിയെയും അയൽവാസിയായ ചെന്താമര വെട്ടിക്കൊലപ്പെടുത്തിയത്. 2019 ൽ സുധാകരന്റെ ഭാര്യ സജിതയെ കൊലപ്പെടുത്തിയ കേസിൽ ജയിലിലായിരുന്ന ചെന്താമര ജാമ്യത്തിലിറങ്ങിയ സമയത്താണ് ഇരട്ടക്കൊല നടത്തിയത്. ചെന്താമരയും ഭാര്യയും മക്കളും അകന്നു കഴിയുന്നതിനുത്തരവാദി സജിതയും കുടുംബവുമാണെന്ന സംശയരോഗമാണ് അവരെ വകവരുത്താൻ പ്രതിയെ പ്രകോപിപ്പിച്ചതെന്നാണ് അനുമാനം. അതിന്റെ പിന്നിൽ അന്ധവിശ്വാസങ്ങൾ കെട്ടുപിണഞ്ഞുകിടപ്പുണ്ടെന്നാണു നിഗമനം.

പൊലീസിന്റെ അനാസ്ഥയാണു വീട്ടുകാരും നാട്ടുകാരും ഒന്നടങ്കം ആരോപിക്കുന്നത്. ഇടക്കാലജാമ്യത്തിലിറങ്ങിയ പ്രതി നെന്മാറ പഞ്ചായത്തുപരിധിയിൽ പ്രവേശിക്കരുതെന്ന പാലക്കാട് അഡീഷണൽ സെഷൻ കോടതിയുടെ ഉത്തരവു ലംഘിച്ച് തൊട്ടടുത്ത വീട്ടിൽ ഒന്നരമാസമായി താമസിക്കുകയായിരുന്നു. സുധാകരന്റെ കുടുംബത്തെ നിരന്തരം ഭീഷണിപ്പെടുത്തുന്നുവെന്നു കാണിച്ച് സുധാകരനും മകൾ അഖിലയും ഒപ്പം നാട്ടുകാരിൽ പലരും നെന്മാറ പൊലീസിൽ പരാതി നല്കിയിട്ടും പൊലീസ് ഗൗനിച്ചില്ല. കേസെടുത്ത് കോടതിയിൽ റിപ്പോർട്ടു ചെയ്തു ജാമ്യം റദ്ദാക്കാനുള്ള നടപടികൾ പൊലീസിന്റെ ഭാഗത്തുനിന്നുണ്ടായില്ല എന്നത് ഗുരുതരവീഴ്ചയാണ്. ഇരട്ടക്കൊലയ്ക്കു കാരണമായ പൊലീസ് വീഴ്ചയിൽ നെന്മാറ സ്റ്റേഷൻ ഇൻസ്പെക്ടറെ സസ്പെൻഡു ചെയ്തു. പ്രതി ജാമ്യവ്യവസ്ഥ ലംഘിച്ച വിവരം കോടതിയെ ധരിപ്പിക്കാതിരുന്നതും പ്രതിയിൽനിന്നു ഭീഷണിയുണ്ടെന്ന വീട്ടുകാരുടെ പരാതി ഗൗനിക്കാതിരുന്നതും പൊലീസിന്റെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദിത്വമായി വിലയിരുത്തുന്നു.

നിരന്തരമുള്ള കൊലപാതകക്കഥകൾകേട്ട് കേരളം ഞെട്ടിവിറച്ചുനിൽക്കുകയാണ്. ഒരുവശത്ത് വിദ്യാഭ്യാസദാർശനിക കേരളത്തെപ്പറ്റി വാഴ്ത്തിപ്പറയുമ്പോഴും, മറുവശത്ത് സാംസ്കാരികച്യുതി പടർന്നുപിടിച്ച നാടിന്റെ ഗതികേടിനെയോർത്തു നാം പരിതപിക്കേണ്ടിയും വരുന്നു. ഒരുളുപ്പുമില്ലാതെ കുറ്റകൃത്യങ്ങൾ ആവർത്തിച്ചു ചെയ്യാനുള്ള പൈശാചികപ്രവണത നമ്മുടെ ആളുകളിൽ പെരുകുന്നുണ്ടെങ്കിൽ, നാടിന്റെ നന്മയും പൈതൃകസുകൃതങ്ങളും എവിടെപ്പോയി എന്ന് നെഞ്ചിൽ കൈവച്ചു ചോദിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മൂല്യവിചാരങ്ങളും സാംസ്കാരികോന്നതിയും എവിടെയാണു ചോർന്നുപോയതെന്നു ചോദിച്ചേ പറ്റൂ.

മൂന്നുപേരെ അതിപൈശാചികമായി വെട്ടിക്കൊന്ന കൊടുംകുറ്റവാളി പിടിയിലാകുമ്പോഴും അയാൾക്കു യാതൊരു ഭാവഭേദങ്ങളുമില്ല. ചെയ്ത തെറ്റിനെപ്പറ്റി പശ്ചാത്താപമോ കുറ്റബോധമോപോലുമില്ലായെന്നുമാത്രമല്ല; ഭാര്യ, മകൾ, മരുമകൻ എന്നിവരെക്കൂടി കൊല്ലാനായിരുന്നു പദ്ധതിയെന്നാണു പ്രതിയുടെ മൊഴി. പൈശാചികതയ്ക്കുമേൽ പൈശാചികതയെന്നല്ലാതെ മറ്റെന്താണ് ഈ നിലപാടിനെ വിശേഷിപ്പിക്കാനുള്ളത്!

നവോത്ഥാന കേരളത്തിൽ കൊടുംപകയും കുറ്റകൃത്യങ്ങളും പെരുകുന്ന വാർത്തകൾ കൂടെക്കൂടെ കേൾക്കേണ്ടിവരുന്നതു ലജ്ജാകരമാണ്. സാമൂഹികമാധ്യമങ്ങളിലൂടെ വളരുന്ന സൗഹൃദങ്ങൾ പിന്നീട് കുറ്റകൃത്യമായി പരിണമിക്കുന്നതും സംസ്ഥാനത്തു കൂടിവരികയാണ്. പ്രണയപ്പകയുടെയും പ്രണയച്ചതിയുടെയും പ്രണയക്കൊലയുടെയും കഥകൾ കേട്ട് ഓരോ ദിവസവും നമ്മുടെ നാടു നടുങ്ങുകയാണ്. തിരുവനന്തപുരം കഠിനംകുളത്ത് ആതിരയെന്ന യുവതി സമൂഹമാധ്യമപ്രണയത്തിന്റെ ഇരയും രക്തസാക്ഷിയുമായി മാറിയത് ഇക്കഴിഞ്ഞ ദിവസമാണ്. ഇൻസ്റ്റഗ്രാമിലൂടെ വളർന്ന പ്രണയം പകയായി പരിണമിച്ചതാണ് കൊലയിൽ കലാശിച്ചത്.

മനുഷ്യത്വം മരവിച്ചുപോകുന്ന ഒരുതരം തലതിരിഞ്ഞ ചിന്തകൾ ആധുനികയുവത്വത്തെ വല്ലാതെ വറുതിയിലാക്കുന്നുണ്ട്. നേരും നെറിയുമില്ലാത്ത പുത്തൻഭ്രമങ്ങളിലേക്കുള്ള ആവേശങ്ങളാണ് സമൂഹമാധ്യമങ്ങളേറെയും വിളമ്പുന്നത്. ശരിയും തെറ്റും തിരിച്ചറിയാനാവാതെ യുക്തിവിചാരങ്ങളെ ഭ്രാന്തുപിടിപ്പിക്കുന്ന രാസലഹരിയുടെ മദോന്മത്തകാലം യുവാക്കളെ വല്ലാതെ ത്രസിപ്പിക്കുന്നുണ്ട്. ക്രമസമാധാനത്തകർച്ചയ്ക്കു പൊലീസിന്റെ ജാഗ്രതക്കുറവിനെ നോക്കി പഴിച്ചിട്ടുമാത്രം കാര്യമില്ല. ക്രമവും ചിട്ടയും അച്ചടക്കവും നാമോരോരുത്തരിൽനിന്നും ആരംഭിക്കട്ടെ. പൊളിച്ചെഴുത്തുവേണ്ടത് മനുഷ്യമനസ്സുകൾക്കാണ്, മനോഭാവങ്ങൾക്കാണ്. അത് മറ്റാരിൽനിന്നുമല്ല, എന്നിൽനിന്നുതന്നെയാണ് തുടങ്ങേണ്ടതെന്ന് ഓരോ വ്യക്തിയും നിശ്ചയിച്ചാൽ വിജയം ഉറപ്പ്, സമാധാനവും ഉറപ്പ്.

# സാഹിത്യശില്പശാലയും പ്രതിഭാസംഗമവും

## ഫെബ്രുവരി 15 ന്

പാലാ: പാലാ രൂപത പ്ലാറ്റിനം ജൂബിലിയും ദീപനാളം പ്രതിഭയുടെ പത്താം വാർഷികവും പ്രമാണിച്ച് ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ - കോളജ് വിദ്യാർഥികൾക്കായി ഏകദിന സാഹിത്യശില്പശാലയും പ്രതിഭാസംഗമവും സംഘടിപ്പിക്കുന്നു. ഫെബ്രുവരി 15 ന് രാവിലെ 9.30 ന് പാലാ അൽഫോൻസാ കോളജ് ഓഡിറ്റോറിയത്തിൽ എഴുത്തുകാരനും നിരൂപകനുമായ ഡോ. കുര്യാസ് കുമ്പളക്കുഴി സാഹിത്യശില്പശാല ഉദ്ഘാടനം ചെയ്യും. പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിക്കും. കഥ, കവിത, ലേഖനം എന്നീ വിഷയങ്ങളിൽ നടക്കുന്ന ചർച്ചയും സംവാദവും തിരക്കഥാകൃത്ത് ബിപിൻ ചന്ദ്രൻ നയിക്കും.

ഉച്ചകഴിഞ്ഞ് 2.30 നു ചേരുന്ന പ്രതിഭാസംഗമം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യും. ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിൽ അധ്യക്ഷത വഹിക്കും. നോവലിസ്റ്റും കഥാകൃത്തുമായ ഡോ. ജോർജ് ഓണക്കൂർ മുഖ്യപ്രഭാഷണം നടത്തും. വിവിധ രംഗങ്ങളിൽ കഴിവു തെളിയിച്ച വിദ്യാർഥിപ്രതിഭകളെ ചടങ്ങിൽ പുരസ്കാരം നൽകി ആദരിക്കും. ദീപനാളം സാഹിത്യരചനാമത്സരങ്ങളിൽ വിജയികളായവർക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും തദവസരത്തിൽ നൽകും. മൂല്യാധിഷ്ഠിതരചനകളിലൂടെ സാഹിത്യരംഗത്തു നല്കിയ സമഗ്രസംഭാവനയ്ക്കുള്ള ദീപനാളം സാഹിത്യ അവാർഡ് ശ്രീ വിനായക് നിർമ്മലിന് ചടങ്ങിൽ സമ്മാനിക്കുന്നതാണ്. ഇരുപതിനായിരം രൂപയും പ്രശസ്തിപത്രവും ഫലകവും മടങ്ങുന്നതാണ് അവാർഡ്.

# ദീപനാളം സാഹിത്യോത്സവം

## മത്സരങ്ങൾ ഫെബ്രുവരി 8 ന്

പാലാ: പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ - കോളജ് വിദ്യാർഥികൾക്കായി അഖില കേരളാടിസ്ഥാനത്തിൽ സാഹിത്യരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ. പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ ഫെബ്രുവരി 8 ന് ശനിയാഴ്ച രാവിലെ 10 ന് മത്സരങ്ങൾ ആരംഭിക്കും. ഓരോ വിഭാഗത്തിലും വിജയികളാകുന്നവർക്ക് ഒന്നാംസമ്മാനം 3001 രൂപ, രണ്ടാംസമ്മാനം 2001 രൂപ, മൂന്നാം സമ്മാനം 1001 രൂപ വീതം ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും.

കഥ, ഉപന്യാസം എന്നിവ നാലു പുറത്തിലും കവിത ഇരുപതുവരിയിലും കവിയരുത്. ചിത്രരചനയ്ക്ക് വാട്ടർകളർ, പോസ്റ്റർ കളർ, അക്രിലിക് എന്നിവ മീഡിയമായി ഉപയോഗിക്കാവുന്നതാണ്. രചനാമത്സരങ്ങൾക്കുള്ള പേപ്പറും ഡ്രോയിങ് ഷീറ്റും നൽകുന്നതാണ്. സ്കൂൾ - കോളജ് വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല. ഉപന്യാസവിഷയം: മാർ സെബാസ്റ്റ്യൻ വയലിൽ - ആധുനിക പാലായുടെ ശില്പി. കഥ, കവിത, ചിത്രരചന എന്നിവയ്ക്കുള്ള വിഷയം മത്സരദിവസം രാവിലെ പത്തുമണിക്ക് നൽകുന്നതാണ്. മത്സരങ്ങൾ കൃത്യം 10.30 ന് ആരംഭിക്കും. ഒന്നരമണിക്കൂർ ആയിരിക്കും മത്സരങ്ങൾക്കുള്ള സമയം. ഓരോ മത്സരയിനത്തിനും 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും. രജിസ്ട്രേഷനുള്ള അവസാനതീയതി ഫെബ്രുവരി 6 ആയിരിക്കും. വിശദവിവരങ്ങൾക്ക് 7306874714, 9447294545.

ബാലനോവൽ 12

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

തികച്ചും അപ്രതീക്ഷിതമായി അമ്പു വന്നു പതിച്ചതോടെ എല്ലാവരും ഒന്നു സ്തംഭിച്ചുനിന്നുപോയി. പൊടുന്നനെ സംഭവിച്ച ആ ദുരന്തത്തിൽ കുറേനേരം അവർ ഞെട്ടിനിന്നു.

അടുത്തനിമിഷം അവർ യാഥാർഥ്യം തിരിച്ചറിഞ്ഞു. തങ്ങളുടെ പ്രിയങ്കരനായ സോയൂസിന്റെ കൈത്തണ്ടയിൽ അമ്പേറ്റിരിക്കുന്നു. രക്തം ചീറ്റിയൊഴുകുന്നു.

"രക്ഷിക്കണേ! രക്ഷിക്കണേ!" സോയൂസ് ദിഗന്തങ്ങൾ ഞടുങ്ങുമാറുച്ചത്തിൽ വേദനകൊണ്ടു നിലവിളിച്ചു. പെട്ടെന്ന് എല്ലാവരും ഓടിയെത്തി സോയൂസിനെ താങ്ങിയെടുത്ത് ഒരു പാറപ്പുറത്തു കിടത്തി. പിന്നെ ഒരു ഭടൻ തന്റെ വസ്ത്രത്തിന്റെ ഒരു ഭാഗം കീറിയെടുത്ത് അമ്പേറ്റ മുറിവ് ബലമായി വലിച്ചുകെട്ടി. മറ്റൊരു ഭടൻ മുറിവിന്റെ ഭാഗത്ത് വിരലമർത്തി രക്തപ്രവാഹം തടഞ്ഞുനിറുത്തി. ക്രമേണ രക്തമൊലിപ്പുനിന്നു. മറ്റൊരാൾ കാട്ടരുവിയിൽനിന്നു കൈക്കുമ്പിളിൽ കോരി കുറെ വെള്ളം കുടിക്കാൻ കൊടുത്തു.

"അമ്പു കൊണ്ടെങ്കിലും വലിയ മുറിവില്ല." മേഘനാദൻ പറഞ്ഞു. "ഭാഗ്യകൊണ്ട് അമ്പ് കൈയിൽത്തട്ടി കടന്നുപോയി. ശരീരത്തിലെ മറ്റ് ഏതെങ്കിലും അവയവത്തിലോ ശിരസ്സിലോ കൊണ്ടിരുന്നെങ്കിൽ തീർച്ചയായും മരണം സംഭവിച്ചേനെ."

"ഇപ്പോൾ ഞാൻ പറഞ്ഞതു മനസ്സിലായില്ലേ?" സോയൂസ് മേഘനാദനെ നോക്കി പറഞ്ഞു.

"സോയൂസ് വിശ്രമിച്ചിരിക്ക്. ബാക്കി കാര്യങ്ങൾ ഞങ്ങൾ നോക്കിക്കൊള്ളാം. ഇപ്പോൾ താങ്കൾ പറഞ്ഞതു നൂറുശതമാനവും ശരിയാണെന്ന് എനിക്കു ബോധ്യമായി. ആരോ തക്ക ശത്രുക്കൾ നമുക്കുണ്ടായിരിക്കുന്നു. ഈ അമ്പുകൊണ്ടുള്ള ആക്രമണം നമ്മളൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ഇപ്പോ വേദന കുറവുണ്ടോ?"

സോയൂസിന്റെ കൈപ്പത്തി മുകളിലേക്കുയർത്തിപ്പിടിച്ചുകൊണ്ട് ഒരു ഭടൻ ചോദിച്ചു:

"അല്പം ആശ്വാസം തോന്നുന്നുണ്ട്. പുറത്തേക്കുള്ള ചോരയൊഴുക്കു നിന്നതുപോലെയായി." മേഘനാദൻ വീണ്ടും ചുറ്റും നോക്കിയശേഷം പറഞ്ഞു: "കാര്യങ്ങളെല്ലാം തകിടം മറിഞ്ഞിരിക്കുന്നു. നാമെല്ലാം വലിയൊരു അപകടത്തിലായിരിക്കുന്നു. ശത്രു നമ്മുടെ തൊട്ടരികിലുണ്ട്. എല്ലാവരും സൂക്ഷിക്കണം. എപ്പോൾ വേണമെങ്കിലും മരണം സംഭവിക്കാം."

അപ്പോൾ ഒരു ഭടൻ പറഞ്ഞു: "അങ്ങനെയൊന്നും പേടിക്കേണ്ടാ. ഞങ്ങൾ ഇരുപതു ഭടന്മാരില്ലേ. ശത്രുക്കൾ വന്നാൽ ഞങ്ങൾ നേരിട്ടുകൊള്ളാം."

"ശത്രുക്കളെ നേരിട്ടു കാണാൻ കഴിയുന്നില്ലല്ലോ. കാണാതെ നമുക്കവരെ എങ്ങനെ ആക്രമിക്കാൻ കഴിയും? എന്നാലും ഇതൊരു വല്ലാത്ത സംഭവമാണ്. രാജാവിനെ സംസ്കരിക്കാൻ വന്നവരെ ആരാണാവോ ഇങ്ങനെ ആക്രമിക്കുന്നത്?"

അതുകേട്ട് മേഘനാദൻ പറഞ്ഞു: "ആദ്യത്തെകല്ല് ഉരുണ്ടുവന്നപ്പോൾത്തന്നെ എനിക്കു സംശയം തോന്നി. നമ്മളെ അപായപ്പെടുത്താൻ ആരോ ചെയ്യുന്നതാണെന്ന്."

അതുകേട്ട് മേഘനാദൻ പറഞ്ഞു. "ഞാനെത്ര ആലോ



ചിച്ചിട്ടും അങ്ങനെ ഒരു ശത്രുവിനെ കണ്ടെത്താൻ കഴിയുന്നില്ല."

പിന്നെ ഒരു നിമിഷം ആരും ഒന്നും ശബ്ദിക്കാതെ കടന്നുപോയി. അപ്പോൾ പെട്ടെന്ന് കുന്നിൻമുകളിൽനിന്നും വലിയൊരു കല്ല് താഴേക്ക് ഉരുണ്ടുവരുന്നത് അവർ കണ്ടു. മേഘനാദൻ വിളിച്ചലറി. "എല്ലാവരും ഓടിമാറിക്കോ."

കല്ല് ഉരുണ്ടുവന്ന വഴിയിൽ എല്ലാവരും ഓടിയകുന്നു. കല്ല് നേരേ താഴേക്കുരുണ്ട് ഒരു കാട്ടരുവിയിൽ വലിയൊരു ശബ്ദത്തോടെ വന്നു പതിച്ചു.

അപ്പോൾ സോയൂസ് പറഞ്ഞു: "നമ്മൾ തിരിച്ച് സ്വന്തം നാട്ടിലെത്താതിരിക്കാനുള്ള ആരുടെയോ കുടിലതന്ത്രമാണ്."

മേഘനാദൻ അലറുന്ന സ്വരത്തിൽ പറഞ്ഞു: "നമുക്ക് പരിസരമെല്ലാം ഒന്നു തിരയാം. ഭടന്മാരെല്ലാം തയ്യാറായിക്കോ."

എല്ലാ ഭടന്മാരും അമ്പുംവില്ലുമായി പരിസരമാകെ തിരഞ്ഞു. എങ്കിലും ആരെയും കണ്ടെത്താൻ കഴിയാതെ തിരിച്ചുവന്നു.

"ശത്രുക്കൾ എവിടെയോ മറഞ്ഞിരുന്നാണ് നമ്മെ ആക്രമിക്കുന്നത്. അവർ എണ്ണത്തിൽ കുറവായതുകൊണ്ടായിരിക്കും പതിയിരുന്ന് ആക്രമിക്കുന്നത്. നേർക്കുനേരേ വരാൻ അവർക്കു ധൈര്യമില്ല." മേഘനാദൻ പറഞ്ഞു.

"ശരിയാണ് രാജകുമാരാ." സോയൂസ് പറഞ്ഞു. "എനിക്കും എന്തൊക്കെയോ സംശയങ്ങൾ തോന്നിത്തുടങ്ങിയിരിക്കുന്നു. നമ്മൾ കുന്നിൻമുകളിലേക്കു കയറാൻ ആരംഭിച്ചപ്പോഴാണ് നമുക്കു നേരേ ആക്രമണം നടന്നത്. ശത്രുക്കൾ നമ്മുടെ സമീപത്തുതന്നെ പാറക്കെട്ടുകളിൽ എവിടെയോ പതിയിരിക്കുന്നുണ്ട്."

"സോയൂസ്, അക്കാര്യത്തോട് ഞാനും യോജിക്കുന്നു." മേഘനാദൻ പറഞ്ഞു. "ശത്രു അധികം ദൂരത്തല്ല. തക്കംകിട്ടിയാൽ ഇനിയും നമുക്കു നേരേ വലിയ പാറക്കല്ലുകളും അമ്പുകളും പാഞ്ഞുവരാം."

"വലിയ മരച്ചില്ലകൾക്കിടയിൽ പതുങ്ങിയിരുന്നാൽ അവരെ ആർക്കും കാണാനാവില്ല." വീണ്ടും മൗനം നിറഞ്ഞു.

സോയൂസ് തന്റെ കൈത്തണ്ടയിലെ മുറിവ് പരിശോധിച്ചുകൊണ്ടു പറഞ്ഞു: "എനിക്കിപ്പോൾ പല സംശയങ്ങളും തോന്നുന്നു. ഇത്ര വലിയ ഒരു സർപ്പം കൊട്ടാരത്തിൽ എങ്ങനെ കയറി? അതും മാരകവിഷം ചീറ്റുന്ന ഒരു കരിനാഗം. ഇത്തരം ഒരു സർപ്പത്തെ ഇതിനുമുമ്പ് ആരും കണ്ടിട്ടില്ല. സ്വന്തം കുടുംബത്തിൽ തന്നെയുള്ളവരുടെ ചതിയായിരിക്കും. ഏതായാലും നമുക്ക് എല്ലാം കാത്തിരുന്നു കാണാം. സ്വന്തക്കാരുടെ ചതി മറ്റുള്ളവർക്കാണ് ആദ്യം ഗ്രഹിക്കാൻ കഴിയുന്നത്. വീരസേനമഹാരാജാവിന്റെ ആത്മാവ് നമുക്കു ശക്തി പകരും. അവിടുന്നു നമ്മെ രക്ഷിക്കുമെന്നു പ്രത്യാശിക്കാം."

പെട്ടെന്ന് മലമുകളിൽനിന്നും ഒരു അമ്പ് അവർക്കുനേരേ പാഞ്ഞുവന്നു.

"ന്റെമ്മോ." എല്ലാവരും ഭയന്ന് അലറി.

ഭാഗ്യംകൊണ്ട് അതു പതിച്ചത് ഒരു കാട്ടുപോത്തിന്റെ ശരീരത്തിലായിരുന്നു. ഒലർച്ചയോടെ പോത്ത് നിലംപതിച്ചു. അടുത്തു പാഞ്ഞുവന്ന മറ്റൊരു അമ്പേറ്റ് ഒരു ഭടന്റെ ഒരു ചെവി മുറിഞ്ഞുവീണു! ഹമ്മോ! അയാളുടെ ചെവിയിൽനിന്നും രക്തം വാർന്നൊഴുകി.

(തുടരും)

# കർദിനാൾ മാർ ജോർജ് കൂവക്കാട് മതാന്തരസംവാദകാര്യാലയം പ്രീഫെക്ട്



വത്തിക്കാൻസിറ്റി: മതാന്തര സംവാദങ്ങൾക്കുള്ള ഡിക്കാസ്റ്ററിയുടെ (തിരുസംഘം) പ്രീഫെക്ടായി കർദിനാൾ മാർ ജോർജ് കൂവക്കാടിനെ ഫ്രാൻസിസ് മാർപാപ്പാ നിയമിച്ചു. വിവിധ മതങ്ങൾക്കിടയിൽ സൗഹാർദവും സഹകരണവും ഊട്ടിയുറപ്പിക്കുന്നതിനും സമാധാനത്തിനുള്ള സംഭാഷണങ്ങൾ ഊർജിതപ്പെടുത്തുന്നതിനുമായി പ്രവർത്തിക്കുന്ന വത്തിക്കാൻ കാര്യാലയമാണിത്. ആദ്യമായാണ് ഒരു ഇന്ത്യക്കാരൻ ഈ പദവിയിലെത്തുന്നത്.

സമാധാനപൂർണമായ ലോകം കെട്ടിപ്പടുക്കുന്നതിൽ മതാന്തരസംവാദത്തിനുള്ള പങ്കിനെക്കുറിച്ച് തനിക്കു നല്ല ബോധ്യമാണുള്ളതെന്ന് മാർ ജോർജ് കൂവക്കാട് പറഞ്ഞു. മതാന്തരസംഭാഷണം കേവലം മതങ്ങൾ തമ്മിലുള്ള സംഭാഷണമല്ല; മറിച്ച്, ദൈവവിശ്വാസത്തിന്റെ സൗന്ദര്യത്തിനു സാക്ഷ്യം വഹിക്കുന്നതാണെന്നും മതങ്ങൾക്കിടയിൽ സൗഹൃദമാണ് സ്വപ്നം കാണുന്നതെന്നും കർദിനാൾ പ്രതികരിച്ചു. മതിലുകളല്ല, പാലങ്ങൾ പണിയാൻ വിളിയും നിയോഗവും ലഭിച്ചിട്ടുള്ളവരാണ് ക്രിസ്ത്യാനികൾ. മാർപാപ്പയുമായി നടത്തിയിട്ടുള്ള വിദേശയാത്രകളും, ഇതരമതങ്ങൾ ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ താൻ നേരിട്ടുകണ്ട മതസൗഹാർദസമ്മേളനങ്ങളും സംഭാഷണങ്ങളും പുതിയ ദൗത്യനിർവഹണത്തിന് ഊർജം പകരുന്നതാണെന്ന് കർദിനാൾ പ്രത്യാശ പ്രകടിപ്പിച്ചു.

കഴിഞ്ഞ നവംബറിൽ അന്തരിച്ച കർദിനാൾ ആയൂസോ ഗിഷോഡിന്റെ പിൻഗാമിയായാണ് ചങ്ങനാശേരി അതിരൂപതാംഗമായ കർദിനാൾ കൂവക്കാട് ചുമതലയേൽക്കുന്നത്. ഫ്രാൻസിസ് പാപ്പായുടെ വിദേശയാത്രകളുടെ ചുമതല തുടർന്നും അദ്ദേഹം നിർവഹിക്കും.

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# പൊൽത്തിങ്കൾ

1969 ൽ പുറത്തിറങ്ങിയ കുമാരസംഭവം എന്ന ചിത്രത്തിനുവേണ്ടി ഗാനങ്ങൾ രചിച്ചത് ഒ.എൻ.വി. കുറുപ്പാണ്. അതിലെ ഒരു ഗാനത്തിന്റെ വിരുത്തം ഇങ്ങനെ ആരംഭിക്കുന്നു: "പൊൽത്തിങ്കൾക്കല പൊട്ടുതൊട്ട ഹിമവൽ/ ശൈലാഗ്രശൃംഗത്തിൽ..."* ഇവിടെ പരാമൃഷ്ടമായ പൊൽത്തിങ്കൾ പിരിച്ചെഴുതേണ്ടത്; "ഖരത്തിനു മുമ്പു ലാദേശം/ മുൻപിൻ പൊന്നെന്ന ണാവിന്"** (കാരിക 23) എന്ന നിയമമനുസരിച്ചാവണം. അതായത്, മുൻ, പിൻ, പൊൻ എന്നീ വാക്കുകളിലെ അന്ത്യമായ ണകാരം ഖരം പരമാകമ്പോൾ ലകാരമായി മാറും. വർത്സ്യമായ ണകാരം ദന്ത്യമായ ലകാരമാകുമെന്നു ചുരുക്കം.

അപ്പോൾ, പൊൻ+തിങ്കൾ = പൊൽത്തിങ്കൾ എന്നാകുന്നു. പൊൻ+കുടം = പൊൽക്കുടമാകുന്നതും ഇതേ നയമനുസരിച്ചുതന്നെ. ആധുനികമലയാളത്തെ സംബന്ധിച്ചിടത്തോളം അന്യംനിന്ന സന്ധിനിയമമാണിത്. ഭാഷയുടെ ഉത്ഭവകാലഘട്ടങ്ങളിലുണ്ടായ വർണപരിണാമത്തിന് (ആദേശം) ഇപ്പോൾ പ്രസക്തിയില്ലാതായിരിക്കുന്നു. പുതിയ പദയോഗങ്ങളിലൊന്നും ഈ നയം ഇപ്പോൾ പ്രവർത്തിക്കുന്നതേയില്ല. പൊൻ+തള = പൊൻതള; പൊൻ+തളിക= പൊൻതളിക; പിൻ+കാല് = പിൻകാല് എന്നെല്ലാം വർണവികാരം സംഭവിക്കാത്ത രൂപത്തിനാണ് ഇന്നു പ്രസിദ്ധി.

പൊൽത്തിങ്കൾ എന്ന സമസ്തപദത്തിലെ ല(ൽ)കാരത്തിനുശേഷം തകാരം ഇരട്ടിച്ചതിന്റെ പിന്നിൽ മറ്റൊരു യുക്തി കൂടി ഉണ്ട്. ചില്ലുകൾക്ക് പ്രകടധ്വനി, ലീനധ്വനി എന്നിങ്ങനെ രണ്ട് അവസ്ഥകളുണ്ട്. മറ്റൊന്നിൽ ലയിച്ചുപോകാതെ ചില്ലുകൾക്ക് സ്വയം ഉള്ള മാത്ര ശ്രവിക്കത്തക്കവിധമുള്ള ഉച്ചാരണമുണ്ട്. ആ വിധം ഉച്ചാരണത്തിനു പ്രകടധ്വനി എന്നു പേർ*** അനുനാസികചില്ലുകൾക്ക് സർവത്ര പ്രകടധ്വനിയാണുള്ളത്. അടുത്തു പിൻവരുന്ന വ്യഞ്ജനത്തിന് ഇരട്ടിപ്പ് ഉള്ളതാണെങ്കിൽ, അതിനു മുൻനിൽക്കുന്ന ചില്ലിന്റെ ധ്വനി പ്രകടമായിരിക്കും. 'പൊൽ' എന്നതിലെ ൽ നു ശേഷം തകാരത്തിന് ദ്വിത്വം വന്നിരിക്കുന്നു. ആയതിനാൽ, ഇവിടത്തെ ചില്ലായ ൽ ന് പ്രകടധ്വനിയുണ്ടെന്നു കരുതണം. ൽ എന്ന ചില്ലിന്റെ ഉച്ചാരണത്തിലെ തീവ്രയത്നംകൊണ്ടുകൂടിയാണ് തകാരത്തിന് ദ്വിത്വം ഉണ്ടായത്. ഉച്ചാരണത്തിലെ ഇരട്ടിപ്പാണല്ലോ എഴുത്തിലേക്കും കടന്നുവരുന്നത്.

*കുറുപ്പ്, ഒ.എൻ.വി., ഓയെൻവിയുടെ ഗാനങ്ങൾ, സഹൃദയാ ബുക്സ്, പാലാ, 1999, പുറം–44.

**രാജരാജവർമ്മ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം – 136.

***രാജരാജവർമ്മ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം – 116.

# കാത്തിരിപ്പിന്റെ ആത്മീയതയാണു വേണ്ടത്



പ്രൊഫ. സിജു ജോസഫ്

‘‘ഞാനും മരണവും ഒരു തമാശക്കഥ വായിച്ചുകൊണ്ടു കിടന്നു’ എന്നു നിസ്സാരമായി കുറിച്ചിട്ടത് ബഷീറാണ്. ഇടവും വലവും നില്ക്കുന്ന ജീവിതമരണങ്ങൾക്കിടയിലൂടെയാണ് മനുഷ്യന്റെ കുതിപ്പുകളും കിതപ്പുകളും. അതറിഞ്ഞു ജീവിക്കുന്നവരും അതു മറന്നുജീവിക്കുന്നവരും ഒട്ടേറെ പാഠങ്ങൾ ഓരോ ദിവസവും നമുക്കായി കുറിച്ചിടുന്നുണ്ട്. ജീവിതത്തിനു വല്ലാതെ വേഗമേറുമ്പോൾ എന്തിന്റെയൊക്കെയോ സൗന്ദര്യവും സന്തോഷവും നമുക്കു നഷ്ടമാകുന്നില്ലേ? അതുകൊണ്ടല്ലേ വേഗം എന്നത് ഹിംസയാണ് (Speed is violence)എന്നു പറയുന്നത്. അമിതവേഗത്തിലോടുന്ന വാഹനങ്ങളും വേകുവോളവും ആറുവോളവും കാത്തുനില്ക്കേണ്ടതില്ലാത്ത ഫാസ്റ്റ്ഫുഡുകളും ‘പെട്ടെന്നുതീരുന്ന’ കുർബാനകളും ട്രാഫിക് ബ്ലോക്കുകളിൽ തുടരെ മുഴങ്ങുന്ന അസഹിഷ്ണുതയുടെ ഹോണടികളും ഒക്കെ ഇന്നത്തെ ജീവിതത്തിന്റെ ഭാഗമാണ്. പാച്ചിലിന്റെ ഈ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ എല്ലാ ചേരുവകളും ഒരുക്കി വിപണി കൗശലത്തോടെ കാത്തിരിക്കുന്നു. എങ്കിലും, അറിഞ്ഞോ അറിയാതെയോ ബദലായി മാറുന്ന ചില മനുഷ്യരുടെ സാന്നിധ്യം നമുക്ക് അഭയമോ ആശ്വാസമോ ആണ്. അങ്ങനെയുള്ള ഒരുവൻ അവശേഷിപ്പിച്ചുപോയ ചെറുവെളിച്ചത്തിലിരുന്നാണ് ഇതു കുറിക്കുന്നത്.

സാജുമോൻ എന്നായിരുന്നു അവന്റെ പേര്. പാലാ സെന്റ് തോമസ് കോളജിൽ ബി.എ. മലയാളം പഠിക്കാൻ പത്തു വർഷം മുമ്പ് എത്തിയ വിദ്യാർഥി. നാലോ അഞ്ചോ മാസങ്ങൾക്കുള്ളിൽ കോളജിനാകെ അവൻ സുപരിചിതനായി മാറിയത്, പാഠ്യപാഠ്യേതരരംഗങ്ങളിലെ അസാമാന്യമായ പ്രതിഭാവിലാസംകൊണ്ടൊന്നുമായിരുന്നില്ല. എത്ര പറഞ്ഞാലും തീരാത്ത വിശേഷങ്ങളുടെ മാന്ത്രികച്ചെപ്പുമായിട്ടായിരുന്നു അവന്റെ യാത്ര. മുന്നിൽ കിട്ടുന്നത് ആരാണെങ്കിലും, എത്ര തിരക്കിട്ടുപോകുന്നവരാണെങ്കിലും സാജുമോൻ അവരെ പിടിച്ചുനിർത്തും. ഇടിച്ചുകയറി പരിചയപ്പെടും. വീട്ടുവിശേഷങ്ങൾ തിരക്കും. പിന്നെ തന്റെ വിശേഷങ്ങൾ ഓരോന്നോരോന്നായി പറഞ്ഞുതുടങ്ങും. ഡിഗ്രിവിദ്യാർഥിയാണെങ്കിലും ശിശുസഹജമായ നിഷ്കളങ്കതയിൽ സ്നാനം ചെയ്തെടുക്കപ്പെട്ട വാക്കും നോട്ടവുമായിരുന്നു അവന്റേത്. മാറിടം ഇടവകപ്പള്ളിയും അവിടെ വന്നുപോയിട്ടുള്ള വൈദികരും സിസ്റ്റേഴ്സും മിഷൻലീഗും യുവജനസംഘടനകളും മിഷൻപിരിവിനുപോക്കും പുൽക്കൂടുനിർമാണവും പാതിരാക്കുർബാനയും ഉൾപ്പെടെ സാജുമോൻ എന്നും പറഞ്ഞിരുന്ന വിശേഷങ്ങളിൽ തെളിഞ്ഞിരുന്നത് സഭയോടും ക്രിസ്തുവിനോടുമുള്ള ഒരു പതിനെട്ടു വയസ്സുകാരന്റെ ‘അസ്ഥിക്കുപിടിച്ച’ സ്നേഹമായിരുന്നു.

വർത്തമാനം പറഞ്ഞുകൊണ്ടിരിക്കാൻ തനിക്കു ചുറ്റും ആരെങ്കിലും എപ്പോഴും ഉണ്ടാകണമെന്ന് ഒരുതരം വാശിയോടെ അവൻ ആഗ്രഹിച്ചു. കാമ്പസിന്റെ പല വഴികളിൽ ഏതൊക്കെയോ ആവശ്യങ്ങൾക്കുവേണ്ടി പരക്കം പാഞ്ഞുപോകുന്നവർ എതിർദിശയിൽ സാജുമോൻ വരുന്നതുകണ്ട് പലപ്പോഴും ഒന്നു പതറിയിട്ടുണ്ടാവും. എങ്കിലും ആ നിഷ്കളങ്കതയെ എല്ലാവരും ചേർത്തുപിടിച്ചു. അധ്യാപകരും അനധ്യാപകരും വിദ്യാർഥികളും സാജുമോന്റെ അടുത്തെത്തുമ്പോൾ ജീവിതത്തിന്റെ ഓട്ടപ്പാച്ചിലുകൾ മറന്നുതുടങ്ങി. പറഞ്ഞുതീരാത്ത വിശേഷങ്ങളിലൂടെയും പങ്കുവയ്ക്കപ്പെട്ട മിഠായിത്തരികളിലൂടെയും അവന്റെ ഇഷ്ടയിടങ്ങളിലൊന്നായ കാന്റീൻപരിസരങ്ങളിലെ ‘നില്പുസമ്മേളന’ങ്ങളിലൂടെയും കണ്ടുമുട്ടിയ എല്ലാവരുടെയും മനസ്സിൽ സാജുമോൻ പ്രിയപ്പെട്ടവനായി. 2014 ലെ ഓണാഘോഷത്തിൽ മഹാബലിയായ സാജുമോന്റെ പിന്നാലെ കാമ്പസ് ഒന്നടങ്കം ആർപ്പുവിളികളുമായി നീങ്ങിയത് ഇന്നും ഓർമയിലുണ്ട്.

ആ വർഷത്തെ ക്രിസ്മസ്രാത്രിയിൽ കൂട്ടുകാർക്കൊപ്പം ഉണ്ണീശോയെയും നെഞ്ചോടുചേർത്ത് അവൻ വീടുകൾ കയറിയിറങ്ങുകയായിരുന്നു. ഇടയ്ക്കെപ്പോഴോ കാലിടറിവീണു. ഉണ്ണിയേശുവിന്റെ രൂപം നിലത്തുവീണു ചിതറി. അവൻ വല്ലാതെ സങ്കടപ്പെട്ടിട്ടുണ്ടാവും. ജീവിതത്തിലാദ്യമായി ചുറ്റുമുള്ളവർക്കു നടുവിൽ അവൻ നിശ്ശബ്ദനായി നിന്നു. ആരൊക്കെയോ ആശ്വസിപ്പിച്ചു. കൂട്ടുകാരന്റെ ബൈക്കിന്റെ പിന്നിലിരുന്ന് വീടിന്റെ മുറ്റംവരെ എത്തി. അമ്മയുടെ കൈകളിൽ കുഴഞ്ഞുവീണ് അവൻ യാത്രയായി. കൊവിഡ് കാലത്തിനു മുമ്പുള്ള അവിശ്വസനീയമായ മരണങ്ങളിൽ ഇന്നും വല്ലാതെ അസ്വസ്ഥമാക്കുന്ന ഒന്നാണ് സാജുമോന്റെ വേർപാട്.

കൂട്ടുകാർക്കൊപ്പം രണ്ടുപകലും ഒരു രാത്രിയും ചെലവിട്ടു. അവൻ പണിതൊരുക്കിയ പുൽക്കൂടിനു മുന്നിലൂടെയായിരുന്നു പ്രിയപ്പെട്ട ഇടവകപ്പള്ളിയിലേക്ക് അവസാനമായി സാജുമോൻ എത്തിയത്.

എവിടെവച്ചു കണ്ടാലും പിടിച്ചുനിർത്തി വർത്തമാനം പറയും. പുള്ളിക്കാരന് പള്ളിയായിരുന്നു എല്ലാം. വീട്ടിൽ കാണുന്നതിനെക്കാൾ കൂടുതൽ സമയം പള്ളിപ്പരിസരത്താവും ഉണ്ടാവുക. സാജുമോന്റെ നാട്ടുകാരിൽ ഹൈന്ദവനായ ഒരു മനുഷ്യൻ അന്നു പറഞ്ഞതോർക്കുന്നു. നിറഞ്ഞൊഴുകുന്ന കണ്ണുകൾ തുടയ്ക്കാൻ ശ്രമിക്കാതെ നിസ്സഹായമായ ഒരു ചിരിയുടെ അകമ്പടിയോടെ അയാൾ ഇത്രയുംകൂടി കൂട്ടിച്ചേർത്തു: “ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നെ പിടിവിടുവിച്ചു പോരാൻ വല്യ പാടാണ്.” ശരിയാണ്, ഇപ്പോഴാണത് ശരിക്കും ബോധ്യപ്പെട്ടത്.

മിണ്ടാൻ മറന്നും നോക്കാൻ മടിച്ചും മൊബൈലിൽ തോണ്ടിയിരിക്കുന്ന മനുഷ്യക്കൂട്ടങ്ങളെ കാണുമ്പോഴൊക്കെയും സാജുമോനെ ഓർമ വരും. ഓട്ടത്തിനിടയിൽ ഒന്നു നിൽക്കാനും എന്തെങ്കിലുമൊന്നു മിണ്ടാനും നാളെ ക്കാണുമ്പോൾ ഇന്നലെത്തേതു പോലെതന്നെ ഹൃദ്യമായി പുഞ്ചിരിക്കാനും അല്പനേരമെങ്കിലും ക്ഷമയോടെ പലതിനുംവേണ്ടി കാത്തിരിക്കാനും പഠിപ്പിച്ച ഒരാൾ. ■

# സഭകൾ കൈകോർക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം

## മാർ റാഫേൽ തട്ടിൽ



*കെസിബിസി എക്യുമെനിക്കൽ കമ്മീഷന്റെയും കെസിസിയുടെയും നേതൃത്വത്തിൽ കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോന താഴത്തുപള്ളിയിൽ നടന്ന ക്രൈസ്തവ ഐക്യപ്രാർഥനകളുടെ ഉദ്ഘാടനം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ നിർവഹിക്കുന്നു.*

കടുത്തുരുത്തി: സഭകൾ ഒത്തുകൂടേണ്ടതും കരം കോർക്കേണ്ടതും കാലികമായ ആവശ്യമാണെന്ന് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. സീറോ മലബാർസഭയുടെ ആതിഥേയത്വത്തിൽ കെസിബിസി എക്യുമെനിക്കൽ കമ്മീഷന്റെയും കെസിസിയുടെയും നേതൃത്വത്തിൽ കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോന താഴത്തുപള്ളിയിൽ നടന്ന ക്രൈസ്തവ ഐക്യപ്രാർഥനകളുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മേജർ ആർച്ചുബിഷപ്.

ക്രിസ്തുവിന്റെ സഭ പകുമാണെന്ന അടയാളമാണ് സഭകളുടെ കൂടിവരവും കൂട്ടായ സുവിശേഷപ്രഘോഷണവും കാണിക്കുന്നത്. നിഖ്യസുനഹദോസിൽ പറഞ്ഞിരിക്കുന്നതുപോലെ ദൈവത്തെക്കുറിച്ചു പഠിപ്പിക്കാനുള്ള ജാഗ്രത പുലർത്തണമെന്നു സീറോ മലബാർ സഭ എക്യുമെനിക്കൽ കമ്മീഷൻ ചെയർമാനും പാലാ ബിഷപ്പുമായ മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. സഭൈക്യപ്രാർഥനകൾക്ക് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് മുഖ്യകാർമികത്വം വഹിച്ചു.

മൂവാറ്റുപുഴ ഭദ്രാസന മുൻ അധ്യക്ഷൻ അബ്രഹാം മാർ യൂലിയോസ്, മലങ്കര മാർത്തോമ സുറിയാനിസഭ സഫ്രഗൻ മെത്രാപ്പോലീത്ത ജോസഫ് മാർ ബർണബാസ്, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലക്കൽ ഭദ്രാസനാധ്യക്ഷൻ ജോഷ്വാ മാർ നിക്കോദിമോസ്, മൂവാറ്റുപുഴ മേഖല മെത്രാപ്പോലീത്ത മാത്യൂസ് മാർ അന്തിമോസ്, സിഎസ്ഐ സഭ മധ്യകേരള മഹായിടവക ബിഷപ് ഡോ. സാബു കോശി മലയിൽ, മലങ്കര യാക്കോബായ സുറിയാനിസഭയിൽ നിന്നുള്ള സലീബാ റമ്പാൻ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ദേവലോകം അരമനയിലെ റവ. യാക്കോബ് റമ്പാൻ, മലബാർ സ്വതന്ത്ര സുറിയാനി -തൊഴിയൂർ സഭയിലെ റവ. സ്കറിയ ചീരൻ, കെസിസി ജനറൽ സെക്രട്ടറി ഡോ. അഡ്വ. പ്രകാശ് പി. തോമസ്, സെന്റ് മേരീസ് ഫൊറോന താഴത്തുപള്ളി വികാരി ഫാ. മാത്യു ചന്ദ്രൻകുന്നേൽ എന്നിവർ പ്രസംഗിച്ചു.

സീറോ മലബാർ സഭയുടെ എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി ഫാ. സിറിൽ തോമസ് തയ്യിൽ, സെന്റ് മേരീസ് ഫൊറോന താഴത്തുപള്ളി വികാരി ഫാ. മാത്യു ചന്ദ്രൻകുന്നേൽ, സഹവികാരിമാരായ ഫാ.മാത്യു തയ്യിൽ, ഫാ.ജോസഫ് ചീനോത്തുപറമ്പിൽ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

രാജു പാമ്പാടി

## ഇരട്ടവരിക്കവിതകൾ

മഴ നനഞ്ഞെത്തിടും സങ്കടങ്ങളെ
അയയിൽ തൂക്കിയുണക്കുന്നു പുഞ്ചിരി

— — — — — — — — — — — — — — —

പത്രം വേഗം മടക്കിവച്ചു ചോര-
ച്ചിത്രം കണ്ടു ചെടിച്ച മനസ്സുമായ്

— — — — — — — — — — — — — — —

തോറ്റുപോകുന്നു ചുറ്റിലും നിൽക്കുന്ന
കൂട്ടമേ നിന്റെ വിജയഭേരിക്കിടെ

— — — — — — — — — — — — — — —

കറുത്ത വാവിനെക്കുറിച്ചെഴുതിയെൻ
എഴുത്തുപേനയിൽ മഷിയൊഴിഞ്ഞുപോയ്

— — — — — — — — — — — — — — —

പാഠമേറെപ്പഠിച്ചെങ്കിലുമൊന്നാം-
പാഠം ജീവിതമജ്ഞാതമല്ലയോ?

# സാർവത്രിക, പ്രാദേശിക സൂനഹദോസുകൾ

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര



ഫാ. ഡോ. ജയിംസ് പുലിയുറുമ്പിൽ

4



സൂനഹദോസുകൾ അഥവാ സിനഡുകൾ സഭാചരിത്രത്തിലെ നാഴികക്കല്ലുകളാണ്. വിശ്വാസം പതറുകയും വെല്ലുവിളിക്കപ്പെടുകയും ചെയ്യുന്ന അവസരങ്ങളിൽ വിശ്വാസികളെ ക്രിസ്തീയതയിലുറപ്പിക്കാനും വിശ്വാസജീവിതം ത്വരിതപ്പെടുത്താനും ഉത്തരവാദിത്വപ്പെട്ട സഭാധികാരികൾ വിളിച്ചുകൂട്ടുന്നവയായിരുന്നു സൂനഹദോസുകൾ. വിശ്വാസസംരക്ഷണത്തിനുള്ള ഏറ്റവും ശക്തമായ മാർഗങ്ങളായിരുന്നു അവ. അതിനാൽ, സൂനഹദോസുകൾക്ക് ചരിത്രത്തിൽ വലിയ സ്ഥാനമാണുള്ളത്.

ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിമുതൽ മൂന്നാം നൂറ്റാണ്ടിന്റെ അവസാനംവരെ പൊതുവെ മതമർദനങ്ങളുടെ കാലമായിരുന്നതിനാൽ ഈശോയുടെ പഠനങ്ങൾക്കനുസൃതമായ ഒരു ജീവിതംമാത്രമായിരുന്നു ആദിമക്രൈസ്തവരുടെ ലക്ഷ്യം. ഈശോയ്ക്കുവേണ്ടി ജീവിച്ചു മരിക്കുകയായിരുന്നു അവരുടെ ക്രൈസ്തവജീവിതസാഫല്യം. എന്നാൽ, നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സഭയ്ക്കു സ്വാതന്ത്ര്യം കിട്ടിയതോടെയാണ് ദൈവശാസ്ത്രസംബന്ധമായ വിഷയങ്ങളെപ്പറ്റി ചിന്തിക്കാനും ചർച്ചചെയ്യാനും തുടങ്ങിയത്. ആദ്യചിന്തകളും സംശയങ്ങളും ത്രിത്വത്തെ സംബന്ധിച്ച് അഥവാ ത്രിത്വത്തിലെ മൂന്നാളുകളെ സംബന്ധിച്ചായിരുന്നു; അതിലും പ്രത്യേകമായി വചനമായി അവതരിച്ച, ചരിത്രത്തിൽ ജീവിച്ച ക്രിസ്തുവിനെ സംബന്ധിച്ച്. അങ്ങനെയുണ്ടായ ചിന്തകളിൽനിന്നുരുത്തിരിഞ്ഞ അബദ്ധപഠനങ്ങൾക്കാണ് ആദ്യകൗൺസിലുകൾ ഉത്തരം കൊടുത്ത് ക്രൈസ്തവദൈവശാസ്ത്രത്തിന് അടിത്തറപാകിയത്. സത്യവിശ്വാസസംരക്ഷണമായിരുന്നു സൂനഹദോസുകളുടെ പരമപ്രധാനമായ ലക്ഷ്യം.

**1. സാർവത്രികസൂനഹദോസുകൾ**

ക്രൈസ്തവവിശ്വാസത്തെയും സഭാനടപടികളെയുംപറ്റി ചർച്ചചെയ്തു തീരുമാനമെടുക്കാൻ മാർപാപ്പായുടെ അധ്യക്ഷതയിൽ വിളിച്ചുകൂട്ടുന്ന മെത്രാന്മാരുടെയും താദൃശസഭാധികാരമുള്ളവരുടെയും ഒരു സമ്മേളനമാണ് സാർവത്രികസൂനഹദോസ്. തീരുമാനങ്ങൾക്കു മാർപാപ്പാ അംഗീകാരം കൊടുക്കുമ്പോഴേ അവയ്ക്കു നിയമസാധുത ഉണ്ടാവുകയുള്ളൂ. ഇത്തരം സൂനഹദോസിൽ പങ്കെടുക്കാൻ അവകാശമുള്ളവർ കർദിനാൾമാർ (മെത്രാന്മാരല്ലാത്ത കർദിനാൾമാരുൾപ്പെടെ), പാത്രിയാർക്കീസുമാർ, മെത്രാപ്പോലീത്താമാരും മെത്രാന്മാരും (സ്ഥാനീയമെത്രാന്മാരുൾപ്പെടെ), ആബട്ടുമാർ, പ്രധാനസഭകളുടെ സുപ്പീരിയർ ജനറാൾമാർ എന്നിവരാണ്. സാഹചര്യമനുസരിച്ച് മാർപാപ്പായ്ക്ക് ഇതിലേക്ക് അംഗങ്ങളെ ക്ഷണിക്കാവുന്നതാണ്. അർഹതപ്പെട്ട അംഗങ്ങളുടെ അഭാവത്തിൽ പകരക്കാരായി (proxies) വരുന്നവർക്കു സമ്മേളനങ്ങളിൽ പങ്കെടുക്കാമെങ്കിലും സാധാരണഗതിയിൽ വോട്ടു ചെയ്യാൻ അവകാശമില്ല. സമ്മേളനങ്ങളിൽ ചർച്ചചെയ്യപ്പെടേണ്ട കാര്യങ്ങൾ നേരത്തേ തീരുമാനിക്കുമെങ്കിലും സമ്മേളന അധ്യക്ഷന്മാരുടെ അനുവാദത്തോടെ ഏതംഗത്തിനും പുതിയ കാര്യങ്ങൾ ചർച്ചയ്ക്കു കൊണ്ടുവരാൻ അവകാശമുണ്ട്.

സാർവത്രികസൂനഹദോസുകളുടെ തീരുമാനങ്ങൾ സഭയെ മുഴുവനും ബാധിക്കുന്നവയാകയാൽ സഭ മുഴുവന്റെമേലും ഇവയ്ക്ക് അധികാരമുണ്ട്. അതായത്, സൂനഹദോസുകളുടെ തീരുമാനങ്ങൾ സ്വീകരിക്കാൻ ഏതൊരു വിശ്വാസിയും കടപ്പെട്ടിട്ടുണ്ട്. ഈ വിശാല അർഥത്തിൽ ഫ്രോജറ്റ് എന്ന ദൈവശാസ്ത്രജ്ഞൻ സാർവത്രികസൂനഹദോസിനെ നിർവചിക്കുന്നത് ഇപ്രകാരമാണ്: ലോകം മുഴുവനിലെയും സഭയെ സംബന്ധിക്കുന്ന കാര്യങ്ങൾ സഭയുടെ നന്മയ്ക്കായി ചർച്ചചെയ്തു തീരുമാനമെടുത്ത് നിയമമാക്കുന്നതിനുവേണ്ടി മാർപാപ്പാ തന്റെ അധികാരമുപയോഗിച്ച് ലോകം മുഴുവനിലെയും മെത്രാന്മാരെ വിളിച്ചുകൂട്ടുന്ന ആഘോഷമായ സമ്മേളനമാണ് സാർവത്രികസൂനഹദോസ്. സഭയെ സംബന്ധിക്കുന്ന പ്രധാനപ്രശ്നങ്ങളെല്ലാം ചർച്ച ചെയ്യപ്പെടുന്ന സമ്മേളനമാകയാൽ ആ കാലഘട്ടത്തിലെ സഭയെ മനസ്സിലാക്കാനുള്ള ഏറ്റവും പറ്റിയ മാർഗമാണ് സൂനഹദോസുകളുടെ പഠനം. സാർവത്രികസഭ സത്യവിശ്വാസത്തെ എങ്ങനെ കാത്തുസൂക്ഷിച്ചു മുമ്പോട്ടുകൊണ്ടുപോയി എന്ന് അറിയാൻ ഇത്തരം പഠനം നമ്മെ സഹായിക്കും. സാർവത്രികസഭ നാളിതുവരെ കടന്നുപോന്ന വഴികൾ സാർവത്രികസൂനഹദോസുകളിലൂടെ വ്യക്തമാകുന്നതാണ്.

**2. പ്രാദേശികസൂനഹദോസുകൾ**

സാർവത്രികസൂനഹദോസുകളിൽനിന്നു വ്യത്യസ്തമാണ് പാത്രിയാർക്കൽ, നാഷണൽ, പ്രാദേശിക, രൂപതാസിനഡുകൾ. ഇവയും, അവ വിളിച്ചുകൂട്ടുന്ന അധികാരികളെയും അവയിൽ പങ്കെടുക്കുന്ന അംഗങ്ങളെയും ആശ്രയിച്ച് വീണ്ടും വ്യത്യസ്തങ്ങളാണ്. ഇവയിൽ പ്രധാനപ്പെട്ടവ പ്രാദേശികസൂനഹദോസുകളാണ്; കാരണം, അവയാണ് ആദ്യം സഭയിൽ ഉണ്ടായത്. ഒരു പ്രദേശത്തെ മെത്രാന്മാർ ആ പ്രദേശത്തെ മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ കൂടുന്ന സമ്മേളനമാണിത്. സഭാപരമായ കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുന്നത് ഇത്തരം പ്രാദേശികസിനഡുകളിലായിരുന്നു. നിഖ്യായുടെ അഞ്ചാം കാനോനയും കാൽസിഡന്റെ 19-ാം കാനോനയും ഇത്തരം സിനഡുകൾ രണ്ടു വർഷത്തിലൊരിക്കൽ കൂടണമെന്ന് അനുശാസിക്കുന്നുണ്ട്. അതിനു മുമ്പുതന്നെ നിലവിലിരുന്ന രീതിയായതുകൊണ്ടാണ് ഇത്തരം സിനഡുകൾ തുടർന്നും കൂടേണ്ടതാണെന്ന് ഈ രണ്ടു സാർവത്രികസൂനഹദോസുകളും നിയമമാക്കിയത്. 533 ലെ ഓർലിയൻസ് കൗൺസിലിന്റെ രണ്ടാം കാനോനയും ആ നൂറ്റാണ്ടിലെതന്നെ മറ്റു ചില കൗൺസിലുകളും പ്രാദേശികസൂനഹദോസ് വർഷത്തിലൊരിക്കലെങ്കിലും കൂടിയിരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. ആറ്, ഏഴ് നൂറ്റാണ്ടുകളിൽ പാശ്ചാത്യറോമാസാമ്രാജ്യത്തിൽ കൂടിയ സമ്മേളനങ്ങൾ വർഷത്തിലൊരിക്കൽ രൂപതാസിനഡുകൾ വിളിച്ചുകൂട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

അഞ്ചാം നൂറ്റാണ്ടിൽ ഗ്രീക്കുസഭയിൽ ഒരു പ്രത്യേകതരം സിനഡ് രൂപപ്പെടുന്നുണ്ട്. എൻഡമൂസ (endemusa) എന്നാണ് അവ അറിയപ്പെട്ടിരുന്നത്. കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസ് സഭയിലെ പ്രധാനപ്പെട്ട ഏതെങ്കിലും കാര്യം ചർച്ച ചെയ്യാനുണ്ടെങ്കിൽ ആ സമയത്ത് കോൺസ്റ്റാന്റിനോപ്പിൾപട്ടണത്തിലുള്ള മെത്രാന്മാരെ വിളിച്ചുകൂട്ടി അവരുടെ അഭിപ്രായം ആരാഞ്ഞിരുന്നു. കുറേനാൾ കഴിഞ്ഞപ്പോൾ ഇത്തരം സിനഡുകളിൽ അവശ്യസമയത്തു പങ്കെടുക്കാനുള്ള സൗകര്യത്തിനായി കൂടുതൽ മെത്രാന്മാർ വന്ന് ആ പട്ടണത്തിൽ താമസിക്കുമായിരുന്നു. പാത്രിയാർക്കേറ്റുകൾ രൂപപ്പെട്ടതിനുശേഷം ഒരു പാത്രിയാർക്കീസ് തന്റെ പാത്രിയാർക്കേറ്റിലുള്ള എല്ലാ മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും വിളിച്ചുകൂട്ടി നടത്തിയിരുന്ന സമ്മേളനങ്ങളാണ് പാത്രിയാർക്കൽ സൂനഹദോസ്. സിനഡിൽ പങ്കെടുക്കാനുള്ള അവകാശം മെത്രാന്മാർക്കാണ്. അക്കാരണത്താൽ, രൂപതാസിനഡുകളെ സിനഡുകൾ എന്ന് യഥാർത്ഥ അർഥത്തിൽ വിളിക്കാനാവില്ല.

ഏഴാം നൂറ്റാണ്ടിൽ സ്പെയിനിൽ നടത്തിയിരുന്ന സിനഡുകളിൽ മെത്രാന്മാരെ കൂടാതെ പ്രഭുക്കന്മാരെയും പങ്കെടുപ്പിച്ചിരുന്നു. ആ സിനഡുകളിൽ എടുക്കുന്ന തീരുമാനങ്ങളിൽ മെത്രാന്മാരും ആബട്ടുമാരും സുപ്പീരിയർ ജനറൽമാരും പ്രഭുക്കന്മാരും ഒപ്പിട്ടിരുന്നു. ഇതിനെ mixed council എന്നാണ് ചരിത്രകാരന്മാർ വിളിച്ചിരുന്നത്. പിന്നീട് ഫ്രാൻസിലും ഇത്തരം കൗൺസിലുകൾ നടക്കുന്നുണ്ട്. ആഫ്രിക്കയിലെ മെത്രാന്മാരെല്ലാവരും ഒരുമിച്ചുകൂടിയിരുന്ന സമ്മേളനത്തിന് പൊതു (plenary) കൗൺസിൽ എന്നാണ് പേരുകൊടുത്തിരിക്കുന്നത്. ഒന്നിൽ കൂടുതൽ സഭാപ്രൊവിൻസുകളിലെ മെത്രാന്മാർ ഒരു പേപ്പൽപ്രതിനിധിയുടെ അധ്യക്ഷതയിൽ സമ്മേളിക്കുന്നതിനും പ്ലീനറി സിനഡ് എന്നാണു പറയുന്നത്. ഒരു പ്രദേശത്തെയോ ഒരു രാജ്യത്തെയോ മെത്രാന്മാർ അവിടത്തെ സഭാധികാരിയുടെ അധ്യക്ഷതയിൽ (നുൺഷ്യോ, കാർഡിനൽ തുടങ്ങിയവരുടെ) ഒരു പ്രത്യേക കാലയളവിൽ ഒരുമിച്ചുകൂടുന്നതും സൂനഹദോസിൽനിന്നു വ്യത്യസ്തമാണ്. ആ പ്രദേശത്തെ രൂപതകളുടെ പൊതുപ്രശ്നങ്ങളാണ് അവിടെ ചർച്ച ചെയ്യപ്പെടുന്നതെങ്കിലും, ഇത്തരം സമ്മേളനങ്ങളിലെ തീരുമാനങ്ങൾക്കു നിയമസാധുതയില്ല അഥവാ അവ നിയമങ്ങളാകുന്നില്ല. ഇത്തരം സമ്മേളനങ്ങൾ മെത്രാന്മാരുടെ സമ്മേളനം (episcopal conferences) എന്നാണ് ഇക്കാലത്ത് അറിയപ്പെടുന്നത്.

എല്ലാ സിനഡുകളുടെയും പ്രോഗ്രാം സാഹചര്യമനുസരിച്ചു വ്യത്യസ്തപ്പെട്ടിരിക്കും. സഭയുടെ ആന്തരികവും ബാഹ്യവുമായ പ്രശ്നങ്ങൾ സിനഡുകളിൽ ചർച്ച ചെയ്യാവുന്നതാണ്. തീരുമാനം അർഹിക്കുന്ന പ്രാധാന്യമുള്ള ഏതു വിഷയവും ചർച്ച ചെയ്തു തീരുമാനമെടുത്ത് നിയമമാക്കാവുന്നതാണ്. സൂനഹദോസുകളിലെ തീരുമാനങ്ങൾ (ഡിക്രി) രണ്ടുതരത്തിൽ പെടുന്നവയാണ്; വിശ്വാസം (dogma) സംബന്ധിക്കുന്ന കാര്യങ്ങളാണ് ഇവയിൽ ഒന്നാമത്തേത്. സഭയുടെ നടത്തിപ്പ്, ആരാധന, സംവിധാനം തുടങ്ങിയവ സംബന്ധിച്ച തീരുമാനങ്ങളാണ് രണ്ടാമത്തെ തരം. രണ്ടാമത്തെ തരത്തിലുള്ള തീരുമാനങ്ങളാണ് കാനോനകൾ (canons) എന്ന പേരിൽ അറിയപ്പെടുന്നത്.

ആദ്യകാലപ്രാദേശികസിനഡുകൾ വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്. പ്രാദേശികപ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി സഭയുടെ ആദ്യകാലത്ത് പാശ്ചാത്യ, പൗരസ്ത്യപ്രദേശങ്ങളിൽ പല സമ്മേളനങ്ങളും നടന്നു. കാലക്രമത്തിൽ പല സഭകളും അവയുടെ ഡിക്രികൾ നിയമമായി സ്വീകരിച്ചിട്ടുണ്ട്.

പാശ്ചാത്യലോകത്ത് 197 ൽ റോമിലും 306 ൽ എൽവീരായിലും 314 ൽ ആൾസിലും സിനഡുകൾ നടന്നു. സ്പെയിനിൽവച്ച് പല സിനഡുകൾ നടന്നു. ആഫ്രിക്കയിലെ കാർത്തേജിൽ വച്ച് 251, 252, 254, 255, 256, 348, 390, 419, 525 എന്നീ വർഷങ്ങളിൽ സിനഡുകൾ നടന്നു. ഇവയിൽ 419 ലെ സിനഡിന്റെ കാനോനകൾ പ്രസിദ്ധങ്ങളാണ്. പൗരസ്ത്യറോമാസാമ്രാജ്യത്തിലെ സഭകളിലും പ്രാദേശികസിനഡുകൾ ആദ്യകാലങ്ങളിൽ പലപ്പോഴായി നടന്നു. 314 ൽ അൽസീറ, 315 ൽ നെയോ-ചെസാറിയ, 330 ൽ ഗാംഗ്രാ, 341 ൽ അന്ത്യോക്യ, 342 ൽ ലവോദിക്യ, 343 ൽ സാർദിക്ക എന്നിവയായിരുന്നു അവ.

*ശേഷം 10-ാം പേജിൽ*

# അമേരിക്കയെ ഒന്നാമതെത്തിക്കുക ലക്ഷ്യം



ഫാ. മാത്യു ചന്ദ്രൻകുന്നേൽ



അമേരിക്കയുടെ 47-ാമത്തെ പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. വിദേശരാഷ്ട്രത്തലവന്മാർ, മുൻപ്രസിഡന്റുമാർ, വ്യവസായപ്രമുഖർ തുടങ്ങി അതിപ്രശസ്തരായ വലിയൊരു നേതൃവ്യൂഹത്തിനു മുമ്പിലായിരുന്നു സ്ഥാനാരോഹണച്ചടങ്ങ്. പുറത്തുനടക്കേണ്ടിയിരുന്ന ചടങ്ങ് അതിശൈത്യംമൂലം കാപ്പിറ്റോളിനുള്ളിലാണു നടന്നത്. നാല്പതുവർഷത്തിനുള്ളിൽ ആദ്യമായിട്ടാണ് കെട്ടിടത്തിനുള്ളിൽ സത്യപ്രതിജ്ഞാച്ചടങ്ങു നടന്നത്.

സത്യപ്രതിജ്ഞയ്ക്കൊരുക്കമായി പ്രാർഥനാശുശ്രൂഷ നടന്നു. ന്യൂയോർക്ക് ആർച്ചുബിഷപ് കർദിനാൾ തിമോത്തി ഡോളനാണ് പ്രാർഥനകൾക്കു നേതൃത്വം വഹിച്ചത്. ദൈവശാസ്ത്രപണ്ഡിതനായ കർദിനാൾ കത്തോലിക്കാസഭയിലെ ഏറ്റവും ശ്രദ്ധേയനായ അജപാലകരിൽ ഒരാളാണ്. അടിമുടി ക്രിസ്ത്യാനിയായ പ്രസിഡന്റ് ട്രംപ് ബൈബിൾ തൊട്ടാണ് സത്യപ്രതിജ്ഞ ചൊല്ലിയത്. സത്യപ്രതിജ്ഞാച്ചടങ്ങിന് രണ്ടു ബൈബിളുണ്ടായിരുന്നു. ഒന്ന്, ലിങ്കൺ ബൈബിൾ. എബ്രാഹം ലിങ്കൺ സത്യപ്രതിജ്ഞാച്ചടങ്ങിനുപയോഗിച്ച ബൈബിളാണത്. രണ്ടാമത്തേത്, അമ്മ സമ്മാനിച്ച ബൈബിൾ. ദൈവമാണ് അമേരിക്കയെ സംരക്ഷിക്കുന്നതെന്ന ശക്തമായ വിശ്വാസം പ്രസിഡന്റ് ട്രംപ് ലോകത്തിനുമുമ്പിൽ ഏറ്റുപറഞ്ഞു. ദൈവം കൂടെയുള്ളതിനാൽ അമേരിക്കയ്ക്കു ഭയപ്പെടാനൊന്നുമില്ല. തനിക്കു വ്യക്തിപരമായ പ്രതിസന്ധികളും തിരിച്ചടികളുമുണ്ടായപ്പോൾ യേശുക്രിസ്തുവാണ് തന്നെ സംരക്ഷിച്ചതെന്നും, വീണ്ടും പ്രസിഡന്റുപദവിയിലേക്കു തിരിച്ചുകൊണ്ടുവന്നത് അവിടുന്നാണെന്നും ട്രംപ് ഏറ്റുപറഞ്ഞു. ശാസ്ത്രസാങ്കേതികമികവിന്റെ കാര്യത്തിലും സാമ്പത്തികഭദ്രതയുടെ കാര്യത്തിലും മറ്റെല്ലാവരുടെയും മുമ്പിൽ നിൽക്കുന്ന രാജ്യത്തിന്റെ തലവൻ ദൈവത്തിലുള്ള തന്റെ ആശ്രയബോധം ഏറ്റുപറഞ്ഞത് ഈ കാലഘട്ടത്തിലെ ഏറ്റവും ശക്തമായ വിശ്വാസപ്രഖ്യാപനമായി കണക്കാക്കണം. ശാസ്ത്രം വളരുമ്പോൾ മതം അപ്രത്യക്ഷമാകുമെന്ന അല്പബുദ്ധികളുടെ പ്രചാരണത്തിനുള്ള കൃത്യമായ മറുപടികൂടിയാണിത്.

ട്രംപിന്റെ തിരിച്ചുവരവ് അപ്രതീക്ഷിതമായിരുന്നില്ലെങ്കിലും നേടിയ ഭൂരിപക്ഷം പ്രതീക്ഷകൾക്കപ്പുറമായിരുന്നു. ഇലക്ടറൽവോട്ടും പോപ്പുലർവോട്ടും സ്വന്തമാക്കിയതിനു പുറമേ ഏഴ് ചാഞ്ചാട്ടസംസ്ഥാനങ്ങളെയും കൂടെനിറുത്താൻ ട്രംപിനു സാധിച്ചു. വാക്കിലും പ്രവൃത്തിയിലും പ്രവചനാതീതനായ പ്രസിഡന്റ് ട്രംപ് നാട്ടുകാരുടെ കൈയടി നേടിയും ലോകരാഷ്ട്രങ്ങളിൽ ഭീതി വിതറിയും പണി ആരംഭിച്ചുകഴിഞ്ഞു. തിരഞ്ഞെടുപ്പുപ്രചാരണയോഗങ്ങളിൽ നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റിത്തുടങ്ങി. ചുമതലയേറ്റ് ആദ്യത്തെ ആറു മണിക്കൂറിനുള്ളിൽ 80 എക്സിക്യൂട്ടീവ് ഓർഡറുകളിൽ ഒപ്പുവച്ചു.

പ്രസിഡന്റ് ട്രംപിന്റെ ഏറ്റവും മുന്തിയ പരിഗണന അമേരിക്കയെ എല്ലാ മേഖലകളിലും ഒന്നാമതാക്കുക എന്നതാണ്. അതിൽ തെറ്റു പറയാനില്ല. രാഷ്ട്രനേതാക്കന്മാരെല്ലാം മുൻഗണനാവിഷയമാക്കേണ്ടത് ഈ തത്ത്വമാണ്. മിക്ക നേതാക്കന്മാർക്കും സ്വന്തം കാര്യവും പാർട്ടിക്കാര്യവുമാണ് പ്രധാനപ്പെട്ടത്. ജനങ്ങളെ മറക്കുന്ന നേതാക്കന്മാരാണ് ജനാധിപത്യത്തിനു ശവക്കുഴി തോണ്ടുന്നത്. ഓരോ തിരഞ്ഞെടുപ്പിലും പോളിങ്ശതമാനം കുറഞ്ഞുവരുന്നത് ജനങ്ങൾക്കു തിരക്കു വർധിക്കുന്നതുകൊണ്ടല്ല, രാഷ്ട്രീയം മടുക്കുന്നതുകൊണ്ടാണെന്നു നേതാക്കന്മാർ ഇനിയെങ്കിലും തിരിച്ചറിയണം.

ഇത് അമേരിക്കയുടെ സ്വാതന്ത്ര്യദിനമാണെന്നു പ്രസിഡന്റ് ട്രംപ് പ്രസംഗത്തിൽ പറഞ്ഞു. താൻ 45-ാമത്തെ അമേരിക്കൻ പ്രസിഡന്റല്ലെന്നും 47-ാം പ്രസിഡന്റായപ്പോഴേക്കും താൻ ഏറെ മാറിയിട്ടുണ്ടെന്നും അദ്ദേഹം അവകാശപ്പെട്ടു. അനുഭവങ്ങളും പുറത്തുനിന്ന നാലുവർഷങ്ങളും ഒരുപാടു കാര്യങ്ങൾ തന്നെ പഠിപ്പിച്ചു. ഈ ഒറ്റച്ചിന്ത മാത്രം: അമേരിക്കയെ ഉയരങ്ങളിലെത്തിക്കുക. നഷ്ടപ്രതാപം തിരിച്ചുപിടിക്കുക. അമേരിക്കൻപൗരന്മാരുടെ അഭിമാനബോധം ഉയർത്തുക. അതിനായി അമേരിക്കയ്ക്കു ഗുണകരമല്ലാത്ത കരാറുകളിൽനിന്നും നയങ്ങളിൽനിന്നും പിന്മാറുന്നതായി അദ്ദേഹം പ്രഖ്യാപിച്ചു. അതുപക്ഷേ, ലോകത്തെ ആശങ്കയിലാഴ്ത്തുന്ന തീരുമാനമായി വ്യാഖ്യാനിക്കപ്പെടുന്നു. അതിൽ പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. അമേരിക്ക ലോകാരോഗ്യസംഘടനയിൽനിന്നു പിന്മാറുന്നു. കാരണം, അതിന്റെ പ്രവർത്തനം തൃപ്തികരമല്ല. പ്രത്യേകിച്ച്, കൊവിഡുകാലത്തെ പ്രവർത്തനങ്ങൾ. ലോകാരോഗ്യസംഘടനയുടെ മൊത്തം പണത്തിൽ 18 ശതമാനം നൽകിപ്പോരുന്നത് അമേരിക്കയാണ്. ആ തുക പൊടുന്നനെ നിലച്ചാൽ ലോകാരോഗ്യസംഘടനയുടെ പ്രവർത്തനങ്ങൾതന്നെ അവതാളത്തിലാകും.

2. പാരീസ് ഉടമ്പടിയിൽനിന്നു പിന്മാറുന്നു. കാലാവസ്ഥാവ്യതിയാനങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങളെ നേരിടുന്നതിനു 195 രാജ്യങ്ങൾ ഒപ്പുവച്ച ഉടമ്പടിയിൽനിന്നാണ് അമേരിക്ക പിന്മാറുന്നത്.

3. ജന്മാവകാശപൗരത്വം അവസാനിപ്പിക്കുന്നു. അതായത്, അമേരിക്കയിൽ ജനിച്ചു എന്ന ഒറ്റക്കാരണത്താൽ ലഭിക്കുമായിരുന്ന പൗരത്വം ഇനിമുതൽ അനുവദിക്കുകയില്ലെന്നർഥം. നുഴഞ്ഞുകയറ്റക്കാർക്കും മതിയായ രേഖകളില്ലാതെ കടന്നുവരുന്നവർക്കും വിനോദസഞ്ചാരവിസയിൽ എത്തുന്നവർക്കും കുട്ടികൾ ജനിക്കുമ്പോൾ ആ കുട്ടികൾക്ക് അമേരിക്കൻ പൗരത്വം ലഭിക്കില്ലെന്നാണ് ഇതിനർഥം. മതിയായ രേഖകളോടെ എത്തുന്നവർക്ക് ഇതു ബാധകമല്ല. നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ജനനം സാധ്യമാക്കാൻ ഏഴും എട്ടും ഒൻപതും മാസം ഗർഭമുള്ളവർ ആശുപത്രികൾക്കു മുമ്പിൽ സിസേറിയൻ പ്രസവം ആവശ്യപ്പെട്ട് കാത്തുനില്ക്കുന്നതായി റിപ്പോർട്ടുണ്ട്.

4. അനധികൃതകുടിയേറ്റക്കാരെ രാജ്യത്തിനു പുറത്താക്കും. അതിന്റെ ഭാഗമായി അമേരിക്കയുടെ മെക്സിക്കൻ അതിർത്തിയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും സൈനികവിന്യാസം നടത്തുകയും ചെയ്തു. നുഴഞ്ഞുകയറ്റക്കാരെ അഭയാർഥികളായി കാണാൻ ട്രംപ് തയ്യാറല്ല. അവരിൽ പലരും ക്രിമിനലുകളും നിയമലംഘകരും അബലരും രാജ്യത്തിന്റെ സംസ്കാരത്തോടു ചേർന്നുപോകാത്തവരുമാണ്. പള്ളി ഭരിക്കുന്നതുപോലെ കാരുണ്യത്തോടെ രാജ്യം ഭരിക്കാനാവുകയില്ലെന്നതാണ് ട്രംപിന്റെ നിലപാട്.

5. ഇന്ധനസ്വയംപര്യാപ്തതയ്ക്കുവേണ്ടി ഖനനം നടത്താനുള്ള ഉത്തരവു പുറപ്പെടുവിച്ചു.

## നേർമൊഴി

അമേരിക്കയ്ക്കാവശ്യമായ ഇന്ധനം മാത്രമല്ല കയറ്റുമതി ചെയ്യാനുള്ള ഇന്ധനവും ഉത്പാദിപ്പിക്കാനാണു തീരുമാനം. അതു ലോക ഇന്ധനവ്യാപാരത്തെ വലിയ തോതിൽ സ്വാധീനിക്കും.

6. പനാമകനാലിന്റെ നിയന്ത്രണം തിരിച്ചുപിടിക്കുമെന്ന മുന്നറിയിപ്പാണ് മറ്റൊരു തീരുമാനം.


7. ട്രാൻസ്ജെൻഡറുകൾക്കു പ്രത്യേക പരിഗണന ഉണ്ടാവുകയില്ല. അമേരിക്കയിൽ സ്ത്രീകളും പുരുഷന്മാരും എന്ന രണ്ടു വിഭാഗം മനുഷ്യരേ ഉണ്ടാവുകയുള്ളൂ എന്ന് പ്രസിഡന്റ് ട്രംപ് ഉറപ്പിച്ചുപറഞ്ഞു.

ട്രംപിന്റെ ഇത്തരം പ്രഖ്യാപനങ്ങൾ അമേരിക്കൻ സ്വത്വബോധത്തെ ഉണർത്താനും അഭിമാനബോധം ജ്വലിപ്പിക്കാനും അമേരിക്കൻദേശീയതയെ ഉയർത്തിപ്പിടിക്കാനും ലക്ഷ്യംവച്ചുള്ളതാണ്. ■

## വായന

### ഞങ്ങളുടെ പിതാവേ
### കർത്തൃപ്രാർഥനാ വിചിന്തനങ്ങൾ

ഗ്രന്ഥകർത്താ: പോപ്പ് ഫ്രാൻസിസ്
പരിഭാഷ : ഫാ. ജോയി ചെഞ്ചേരിൽ MCBS
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 150



'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന അഭിസംബോധനയെപ്പറ്റി പാദുവായിലെ തടവറപ്രേഷിതനായ ഫാദർ മാർക്കോ പോസോയുമായി ഫ്രാൻസിസ് പാപ്പാ പങ്കുവച്ച ഹൃദയമൊഴികൾ. കരുണയ്ക്കും പൊറുതിക്കും കരുത്തിനുംവേണ്ടിയുള്ള ആഗോളപ്രാർഥനയുടെ ഹൃദയസ്പന്ദനങ്ങളാണ് പാപ്പാ ഇതിൽ പങ്കുവയ്ക്കുന്നത്.

### ആഴക്കടലിൽ ആണ്ടുപോയ ബ്ലാക് ബോക്സ്


ഗ്രന്ഥകർത്താ: മാത്യൂസ് ആർപ്പൂക്കര
പ്രസാധനം : സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 110



ആഴക്കടലിൽ ആണ്ടുപോയ ബ്ലാക്ബോക്സിൽനിന്നുള്ള സിഗ്നൽ നിശ്ചിതനാളുകൾ കഴിഞ്ഞാൽ നിലച്ചെന്നു വരാം. അതിനുമുമ്പേ ബ്ലാക് ബോക്സ് ആഴക്കടലിൽനിന്നു കണ്ടെത്തി പിക്കപ്പ് ചെയ്യേണ്ടതുണ്ട്. ആ ശ്രമങ്ങൾ സധൈര്യം ഏറ്റെടുത്ത ജിമ്മും സംഘവും വിജയം കാണുമോ..? മനസ്സിനെ ശുഭാപ്തി വിശ്വാസംകൊണ്ടു നിറയ്ക്കുന്ന ഒരു ഉത്തമബാലസാഹിത്യകൃതി.

### വില്ലാർവട്ടം ക്രിസ്തീയരാജവംശം
### (ചരിത്രനോവൽ)

ഗ്രന്ഥകർത്താ: അന്തീനാട് ജോസ്
പ്രസാധനം : ഡി.ആർ. ബുക്സ്, മേവിട, കോട്ടയം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 200



ഭൂരിഭാഗം ക്രൈസ്തവർക്കും അജ്ഞാതവും ഒരു കാലത്ത് കേരളക്രൈസ്തവരുടെ അഭിമാനവുമായിരുന്ന ഒരു രാജവംശത്തിന്റെ ഉദ്വേഗജനകമായ കഥ. എ.ഡി. ഒന്നാം നൂറ്റാണ്ടുമുതൽ 15-ാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിന്റെ ചരിത്രം നോവൽരൂപത്തിൽ ഉദ്വേഗജനകമായി അവതരിപ്പിച്ചിരിക്കുന്നു.

സൂസൻ പാലാത്ര എഴുതുന്ന പുതിയ നോവൽ ആരംഭിക്കുന്നു

# കാറ്റിന്റെ മർമരങ്ങൾ

"എടി ലിസിയേ...

എത്ര നേരായി പെണ്ണേ ഞാൻ വിളിക്കുന്നു, നെന്റെ പരൂക്ഷ ഒക്കെ കഴിഞ്ഞില്ലേ? പിന്നെ ഇനി എന്നാ വായിക്കാനാ, എന്റെ മാൻ വന്ന് ആ അടുക്കളമിറ്റമൊന്നടിച്ചുതന്നേ"

"ഞാൻ പിന്നെ വരാം വല്യമ്മച്ചീ" ലിസി നയത്തിൽ വല്യമ്മച്ചിയെ പറഞ്ഞുവിട്ടു.

ലിസിക്കു ദേഷ്യം വന്നു. പക്ഷേ, പ്രകടമാക്കാൻ പാടില്ല. അമേരിക്കൻ പ്രസിഡന്റിനേക്കാൾ പദവിയാണ് വല്യമ്മച്ചിക്ക് എല്ലാരും കൊടുത്തിരിക്കുന്നത്.

ലിസിക്കു വിഷമം തോന്നി. ഓരോ ദിവസം കഴിയുന്തോറും തനിക്ക് വല്യമ്മച്ചിയോടുള്ള ഇഷ്ടം കുറയുകയാണ്.

ഈ സത്യം ഈ ഭൂമുഖത്താരും അറിയണ്ടാ, അതിനാൽ അവൾ അത് ഗോപ്യമായിത്തന്നെ സൂക്ഷിച്ചു. വല്യമ്മച്ചിയോടുള്ള ബഹുമാനത്തിലെ മാറ്റം തന്നെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. അതങ്ങനെ തുടരുന്നതാണ് തനിക്കിഷ്ടം.

രണ്ടാഴ്ചയായി അപ്പന്റെ അനുജൻ മാത്തുക്കുട്ടിയും ഭാര്യ ഡോറിനും മൂത്തമകൻ ജോളിയും അതിസുന്ദരിയായ മകൾ കുക്കിയുമായി ഓസ്ട്രേലിയയിൽ നിന്നു വന്നിട്ട് തറവാട്ടിൽ വല്യമ്മച്ചിയോടൊപ്പമുണ്ട്. ഇവരെ കൂടാതെ മറ്റു മക്കളും കുടുംബാംഗങ്ങളുമൊക്കെ മാത്തുപ്പാപ്പനെയും കുടുംബത്തെയും കാണാൻ വന്നുംപോയും നില്ക്കുന്നു.

കെങ്കേമമായ മഹത്ത്വങ്ങളോടെ തലയുയർത്തിനില്ക്കുന്ന തറവാട്ടുവീടിന്റെ താഴ്വാരത്തായി അത്ര കേമമൊന്നുമല്ലാത്ത എന്നാൽ താമസസൗകര്യങ്ങളെല്ലാമുള്ള, കക്കൂസുമാത്രമില്ലാത്ത വീട്ടിലാണ് ലിസിയും കുടുംബവും താമസിക്കുന്നത്.

അപ്പനെ മക്കളും അമ്മച്ചിയും വിളിക്കുന്നത് 'ഇച്ചാച്ചൻ' എന്നാണ്. ലിസിയുടെ മൂത്തസഹോദരൻ റോയിച്ചൻ മാത്രം കൊഞ്ചലോടെ 'അച്ചാച്ചൻ' എന്നാണു വിളിക്കുന്നത്.

വല്യമ്മച്ചിയെ സഹായിക്കാൻ ലിസിയെയും സഹോദരിമാരെയും തറവാട്ടിലേക്കു പറഞ്ഞുവിടുന്നത് ഇച്ചാച്ചനു തീരെ ഇഷ്ടമല്ല. അമ്മച്ചി പറയും: "മറ്റാരുമല്ലല്ലോ അപ്പന്റെ അമ്മയും തറവാടുമൊക്കെയല്ലേ, നാളെ കെട്ടിച്ചുവിടുമ്പം എല്ലാ കൂട്ടവും പഠിച്ചിരുന്നാൽ നല്ലതല്ലേ."

"നീ വന്നപ്പം വല്ലോം പഠിച്ചോണ്ടാരുന്നോ വന്നേ"

"അല്ലല്ലന്നേ, അതിന്റെ കേടു മുഴുവൻ ഞാനനുഭവിച്ചില്ലേ, അലക്കും മെഴക്കും മാത്രേ എനിക്കറിയാരുന്നൊള്ളൂ. എന്റെ വീട്ടിൽ എന്നെ അടുക്കളേ കേറാനോ പെരുമാറാനോ അനുവദിച്ചില്ല, മിടുമിടുക്കരായ രണ്ടു നാത്തുമ്മാർക്ക് എന്റെ അമ്മ അടുക്കള തീറെഴുതിക്കൊടുത്തു. ഇവിടെ നിങ്ങടെ അമ്മച്ചീടെ അടുത്തുവന്ന് ഞാൻ ഒരുപാടാക്ഷേപം സഹിച്ചു, ഒത്തിരി നിന്ദിക്കപ്പെട്ടു. എന്നാലും എന്റെ അമ്മായിയമ്മേയോടെനിക്കു നന്ദിയേയുള്ളൂ, എന്നെ ഒരു നല്ല പാചകറാണിയും പാകംവന്ന വീട്ടമ്മയുമാക്കിയതവരല്ലേ?"

"...ന്നാപ്പിന്നെ നമ്മടെ പെമ്പിള്ളേർക്ക് നീ പറഞ്ഞും കാണിച്ചും കൊടുത്താ പോരേടീ."

"അല്ലിച്ചാച്ചാ എന്റെ കയ്യിലെന്നാ കിട്ടുന്നേ വല്ല മത്തിയോ അയലയോ ഒക്കെയല്ലേ, കരോട്ടെ സ്ഥിതി അതല്ലല്ലോ, അവിടെ നിത്യോം കല്യാണവീടുപോലല്ലേ? തന്നേമല്ല, മാത്തുക്കുട്ടി കാരണോന്റെ പെമ്മക്കളു നല്ല തുണിയുടുക്കുന്നത്.

മാത്തുക്കുട്ടീടെ കുക്കിക്ക് അവൻ കൊടുക്കുന്നത്, നമ്മടെ കൊച്ചുങ്ങക്കു നമ്മളു കൊടുക്കുന്നപോലെ, ആണ്ടിലൊരു സ്കൂളു തൊറപ്പിനോ കൊടിമൊളകു പറിക്കുമ്പഴോ അല്ല എന്നും പുത്തനുടുപ്പുകളാ. ഒരുപാടു പേരു കൊടുക്കാനുമൊണ്ട്. മാത്തുക്കുട്ടീടെ കമ്പനിസുഹൃത്തുക്കളും ഡോറിന്റെ വീട്ടുകാരുമെല്ലാം"

"നിനക്കെങ്ങനെ അറിയാം?"

"ഡോറിൻ പറഞ്ഞു."

"അവളിംഗ്ലീഷുകാരിയല്ലേ, പിന്നെ ഹിന്ദീം മറാഠീം അറിയാം, നിനക്കിതൊക്കെ തിരീവോ?"

"അതേ, ഞങ്ങക്കു പെണ്ണുങ്ങക്കു ബാഷ ഒന്നും വേണ്ട, ഒക്കെ ഡോറിൻ പറഞ്ഞു, എനിക്കെല്ലാം പിടീംകിട്ടി. നമ്മൾ വിരുന്നുകൊടുത്ത കോഴിക്കറീലെ അരപ്പ് ചോദിച്ചു, ഞാൻ അരപ്പും ഉണ്ടാക്കുന്ന വിധോം കാണിച്ചുകൊടുത്തു. അവക്കതു മനസ്സിലായി."



ഇച്ചാച്ചന്റെയും അമ്മയുടെയും സംസാരം ശ്രദ്ധിക്കുന്നതായി ഭാവിക്കപോലും ചെയ്യാതെ ലിസി മൗനമായിരുന്ന് ആട്ടുകല്ലിൽ അരിയാട്ടുകയാണ്.

വല്യമ്മച്ചി വീണ്ടും വരുന്നത് ലിസി ജനലിലൂടെ കണ്ടു. അവൾ ആത്മഗതം നടത്തി: "ദൈവമേ ഗതികേടായല്ലോ."

"എടാ ബേവിച്ചാ നെന്റെ പെമ്പിള്ളേരെന്തിയേടാ? എത്ര നേരായി ഞാൻ വിളിക്കുന്നു. അവളുമാരടെ നാക്കെറങ്ങിപ്പോയോ? അതോ ആ താടക അവരെ പാത്തുവച്ചിരിക്കുവാണോ?"

വല്യമ്മച്ചി താടക എന്നു വിളിച്ചത് പാവം തന്റെ നിഷ്കളങ്കയായ അമ്മയെ ആണല്ലോ. ലിസിക്കു സങ്കടം വന്നു.

ഇച്ചാച്ചൻ അമർഷത്തിൽ ഒന്നു നീട്ടിമൂളി. എന്നിട്ടുപറഞ്ഞു: "അതുങ്ങക്കിഷ്ടമായിട്ട് അങ്ങോട്ടു കേറിവരുന്നതല്ല, അമ്മച്ചി പറഞ്ഞ ആ താടകയാണ് അതുങ്ങളെ അങ്ങോട്ട് ചേടിപ്പണിക്കു കേറ്റിവിടുന്നത്."

താടക എന്ന വിളി കേൾക്കാത്ത ഭാവത്തിൽ ലിസിയുടെ അമ്മ പറഞ്ഞു:

"മൂത്തവളു മേഴ്സി ആ പറമ്പിലെങ്ങാനും നാളത്തേക്കിനടുപ്പിവെക്കാൻ വല്ല ചുള്ളീം പെറുക്കുന്നുണ്ടാവും. രണ്ടാമത്തവൾ ലിസിയാണേ നാളത്തേക്കുള്ള അരിയാട്ടുവാ" അമ്മച്ചിക്ക് വല്യമ്മച്ചിയെ പിണക്കുന്നതിഷ്ടമല്ല. വല്യമ്മച്ചി പിന്നെ വരുന്നവരോടും പോകുന്നവരോടും അമ്മച്ചീടെ കുറ്റോം കുറവും പറഞ്ഞു നടക്കുമെന്ന പേടിയുണ്ട്.

വല്യമ്മച്ചിക്ക് ചൂട്ടുകറ്റ പിടിക്കാൻ കൊച്ചുപ്പാപ്പന്റെ കെട്ട്യോളും കൂടും. അവളങ്ങനെ എന്റെ കുറ്റം കൊട്ടിഘോഷിച്ചാലാവണ്ടാന്ന് അമ്മച്ചി കൂടെക്കൂടെ പറയാറുണ്ട്. ക്ഷമ ആട്ടിൻസൂപ്പിന്റെ ഫലം ചെയ്യും, നമ്മക്കങ്ങു ക്ഷമിച്ചുകൊടുക്കാം. അവരു കെടന്നെളകട്ടെ. എല്ലാറ്റിനും ഒരു സമയമുണ്ട്. സമയം വരുമ്പം ദൈവം നേരോടെ വിധിക്കും. അന്നു നമ്മടെ അവസ്ഥേം മാറും. ഇതൊക്കെയാണ് അമ്മച്ചീടെ പതിവുസംസാരം.

" ങാ... ഞാനും നാളെ പ്രാതലിനുള്ള അരീമുഴുന്നുമാട്ടാനാ വിളിച്ചെ, അവളോടു പറ വെക്കം ചെയ്തേച്ച് അങ്ങോട്ടു വരാൻ."

"അയ്യോ അമ്മച്ചീ അവക്കൊത്തിരി പഠിക്കാനൊണ്ട്."

"അവടെ പരൂക്ഷ കഴിഞ്ഞില്ലേടീ? എന്റെ ആമ്മക്കടെ വായില് നാക്കില്ലെ, കേറി വന്ന അവളുമാരടെ നെഗളം ഞാങ്കാണേണ്ടിവരുന്നത് അത്ര നല്ലതല്ല, കൂടം കൊണ്ടോന്നേ മുട്ടികകൊണ്ട് രണ്ട് എന്നാ കാർന്നോമ്മാരു പറേന്നത്?" അതൊരു പിരാക്കാണ്. വല്യമ്മച്ചിയുടെ പതിവ് പിരാക്ക്. പിന്നെ ഒച്ചയിടും.

"അമ്മേയ്ക്കിപ്പം എന്നാ വേണം, എന്റെ പെങ്കൊച്ചു വന്ന് അരി അരച്ചുതന്നാൽ പ്രശ്നം തീരും അല്ലേ, ഞാനവളെ പറഞ്ഞുവിടാം" അപ്പൻ ഇടപെട്ടു.

ലിസിയോർത്തു: ഈ വല്യമ്മച്ചിക്ക് ജോലിചെയ്തുകൊടുത്തിട്ട് എന്നാ കിട്ടാനാ?

പണക്കാരുമക്കളു വരുമ്പം തള്ളേടെ അഹങ്കാരമൊന്നു കാണേണ്ടതു തന്നാ. എല്ലാം സഹിക്കാം, എന്നാൽ തന്റെ അപ്പനേ മമ്മേമുള്ള കുറ്റംപറച്ചിൽ, അതു മാത്രം സഹിക്കാൻ പറ്റില്ല. മേഴ്സി നില്ക്കുന്നതുപോലെ നിന്നങ്ങു ചിരിക്കാനൊന്നും തന്നെ കിട്ടില്ല. മേഴ്സി അവരോടൊപ്പം ചേർന്ന് തറവാട്ടുകാരേം അതിഥികളേം ചിരിപ്പിക്കും. തനിക്കതൊന്നും പറ്റില്ല. ഇവിടെ വന്ന് അറീക്കാമെന്നു വച്ചാ വഴക്കായെങ്കിലോ, അപ്പൻ ചെന്നു കൂട്ടിച്ചോദിക്കയും ചെയ്യും. അതു വലിയ കലഹത്തിനുവഴിതെളിക്കും. അതുകൊണ്ട് എല്ലാം ഉള്ളിലൊതുക്കി നടക്കാ.

"ലിസിമോളേ നിന്നെ കരോട്ടെയമ്മ വിളിക്കുന്നെടീ" അമ്മയാണ്.

"വല്യമ്മച്ചിയോടു പറ ഞാനിത് അരച്ചേച്ചു ചെല്ലാമെന്ന്, എനിക്ക് നാളത്തെകഴിഞ്ഞ് ഒരു പി.എസ്. സി. ടെസ്റ്റുണ്ടെന്നൂടെ ഒന്നു പറഞ്ഞേക്കണെ, അല്ലേ അവരവിടെ പിടിച്ചു നിർത്തി കുട്ടകോം വാർപ്പും തുപ്പൽകോളാമ്പീമൊക്കെ തേച്ചുമിഴക്കിച്ച് എന്നെ മടുപ്പിക്കും." ലിസി തന്റെ അമ്മച്ചിയുടെ ചെവിയിൽ അടക്കം പറഞ്ഞു.

"ങാ എനിക്കു ചെന്നിട്ട് കാര്യോണ്ട്, ഞാമ്പോണ്."

അമ്മ കൊടുത്ത ആട്ടുമ്പാലൊഴിച്ച കാപ്പി കുടിച്ച് വല്യമ്മച്ചി പോയി.

പെണ്ണായിട്ടു ജനിക്കണ്ടാരുന്നു, നാല് ആങ്ങളമാരുണ്ട്, അവർക്കില്ലാത്ത കഷ്ടപ്പാടാണ് തങ്ങൾ മൂന്നു പെൺമക്കൾക്ക് അമ്മച്ചിയും വല്യമ്മച്ചിയും കൂടി സമ്മാനിക്കുന്നത്. ലിസിക്കു ദേഷ്യംവന്നു. അവൾ അരച്ചതു മുഴുവൻ ആട്ടുകല്ലിൽനിന്ന് കോരിയില്ല. വെള്ളമൊഴിച്ച് കുറച്ച് കലക്കിയെടുത്തു, പശു കുടിക്കട്ടെ. പാലൊഴിച്ച് കാപ്പി യഥേഷ്ടം കുടിക്കാം. മോരും തൈരും കൂട്ടാം. ജാക്സനൊക്കെ മത്തുപിടിക്കുംവരെ തിന്നാൽ കിട്ടുന്നത് നല്ലൊന്നാന്തരം ഇടി മാത്രം. തങ്ങൾ ഇടികൊള്ളുമ്പോഴും അമ്മ അവന്റെ പക്ഷംചേരും. എന്നിട്ടവനെ മുട്ടാളനാക്കാൻ നോക്കും.

ലിസി തറവാട്ടിലേക്കു പോയില്ല. കാലും കൈയും കഴുകി പാദപതനം കേൾപ്പിക്കാതെ പതുക്കെ നടുക്കത്തെമുറിയിൽ, തന്റെ പലകക്കട്ടിലിൽ കയറി മൂടിപ്പുതച്ചു കിടന്നു.

ഇരുട്ടുമുറിയാണ്. കിഴക്കേമുറിയിൽ ആങ്ങളമാരും പടിഞ്ഞാറേമുറിയിൽ അപ്പനുമമ്മയും നടുക്കത്തെ മുറിയിൽ തങ്ങൾ പെൺമക്കളുമാണു കിടക്കുന്നത്.

നടുക്കത്തെ മുറി ചെറുതാണ്. മറ്റു രണ്ടു മുറികൾക്കും നല്ല വലുപ്പമുണ്ട്. നടുക്കത്തെ മുറിയുടെയും പടിഞ്ഞാറേ മുറിയുടെയും മുകളിൽ തട്ടിൻപുറമാണ്. നാലു ദിക്കിലേക്കും വാതിലുകളുണ്ട്. കിഴക്കേമുറിയിലേക്കായി ഒരു കിളിവാതിൽപോലെ ഒരു ജനലുമുണ്ട്. ലിസി തയ്ച്ചിട്ടിരിക്കുന്ന ഒരു കർട്ടനുണ്ട്. വാതിലുകൾ എല്ലാം എപ്പോഴും അടച്ചിരിക്കും. കാരണം തങ്ങൾ മൂന്നു പെൺമക്കളുടെ അന്തഃപുരമാണത്.

എപ്പോഴും അടച്ചിടുന്നതിനാൽ ലൈറ്റിട്ടില്ലെങ്കിൽ ഇരുട്ടുമുറി തന്നെ. ആ മുറിയിൽ എത്ര നേരം വേണേലും ഒളിച്ചുകിടക്കാം. ആരും കാണില്ല. രാത്രിയിലേ ലൈറ്റിടൂ, രാത്രിയാവുംവരെ കിടന്നുറങ്ങാം.

കരോട്ടുകാർക്ക് ഇഷ്ടംപോലെ വേലക്കാരുണ്ട്. ഒന്നുവിളിച്ചാൽ ഭവാനി, കല്യാണി, കുഞ്ഞമ്മിണി പോരാഞ്ഞ് സാറാച്ചേടത്തി, വേലക്കാരൻ മണിയൻ, ലിസ്റ്റ് അങ്ങനെ നീളുന്നു. ആരെയെങ്കിലും വിളിച്ചരപ്പിക്കട്ടെ. ബേവിച്ചന്റെ മക്കളാകുമ്പം കൂലി ഒന്നും കൊടുക്കണ്ടല്ലോ. അതാ മനസ്സിലിരിപ്പ്, എന്നാൽ, മകന്റെ മക്കൾ എന്ന പരിഗണന ലേശം പോലുമില്ലതാനും.

ഓസ്ട്രേലിയായീന്നു കൊണ്ടുവന്ന പലഹാരങ്ങളെല്ലാം മുട്ടിനുമുട്ടിനു തിന്നുനടക്കുന്ന കൊച്ചുപ്പാപ്പനും കൊച്ചമ്മയും അവരുടെ മക്കളുമുണ്ടല്ലോ. അവർക്കരച്ചാലെന്നാ? വള ഊരിപ്പോകുമോ, നെയ്യുംമുറ്റി ഇങ്ങനെ നടക്കുവല്ലേ? തനിക്കിപ്പം മനസ്സില്ല.

അവൾ അപ്പൻ തണുപ്പത്തു പുതയ്ക്കുന്ന കറുത്ത കരിമ്പടമെടുത്ത് തലമൂടി പുതച്ചുകിടന്നു. ക്രമേണ അവളുറക്കത്തിലേക്കു വഴുതിവീണു.

(തുടരും)

# എം ടി യെന്ന മലയാളത്തിളക്കം

■ ബിന്ദു പ്രതാപ്

## പദ്മവിഭൂഷൺ ബഹുമതി മലയാളഭാഷയ്ക്കും സാഹിത്യത്തിനുമുള്ള അംഗീകാരം



**ഈ** വർഷത്തെ പദ്മവിഭൂഷൺ പുരസ്കാരം മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ എം ടി വാസുദേവൻ നായർക്കു ലഭിച്ചതിൽ മലയാളത്തിന് ഏറെ അഭിമാനിക്കാം. രാജ്യത്തെ രണ്ടാമത്തെ സിവിലിയൻ പുരസ്ക്കാരമാണ് പദ്മവിഭൂഷൺ. ഇതിനുമുമ്പ് പദ്മവിഭൂഷൺ ബഹുമതിക്ക് എം ടിയുടെ നാമം നിർദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും മരണാനന്തരബഹുമതിയായിട്ടാണ് അദ്ദേഹം പദ്മവിഭൂഷൺ പുരസ്കൃതനായത്. സാഹിത്യരംഗത്തെ പരമോന്നതബഹുമതിയായ ജ്ഞാനപീഠവും പദ്മഭൂഷണും നേരത്തേ എംടിയെ തേടിയെത്തിയിരുന്നു.

മാടത്ത് തെക്കേപ്പാട്ട് വാസുദേവൻനായർ എന്ന എം ടി മലയാളസാഹിത്യലോകത്തു സ്വന്തമായ സാമ്രാജ്യം സൃഷ്ടിച്ച മഹാനുഭാവൻ ആണ്. വള്ളുവനാടൻ മിത്തുകളും ഭാഷാശൈലിയും കൊണ്ട് സ്വന്തം രചനകളെ ഭാവനാസമ്പന്നമായ ഒരു അനുഭൂതിലോകമാക്കി മാറ്റുകയായിരുന്നു അദ്ദേഹം. വാക്കുകളുടെ അനർഗളമായ ഒഴുക്ക്, ഏറ്റവും ലളിതമായ ആശയങ്ങൾ, സൗന്ദര്യമുള്ള ഭാഷ എന്നിവ എം ടി കൃതികളുടെ സവിശേഷതകളാണ്. നിളയുടെ ഓളങ്ങളും നിലാവു പടർന്ന തീരങ്ങളും മലയാളിയുടെ മനസ്സിനെ തരളിതമാക്കി. മനുഷ്യമനസ്സുകളുടെ ആത്മസഞ്ചാരമാണ് എം ടിയുടെ കഥകളിൽ കാണാൻ കഴിയുന്നത്. സ്വയം ഉള്ളിലേക്ക് ചിക്കിച്ചികഞ്ഞു പൊരുളുകൾ തേടുന്ന ജീവാത്മാക്കൾ. ജീവന്റെ പകർന്നാട്ടങ്ങൾ, ജീവിതസമരങ്ങളുടെ തീച്ചൂളകൾ. മനുഷ്യമനസ്സിന്റെ നിസ്സഹായതകളിലേക്കും സങ്കീർണതകളിലേക്കും നേർത്തൊരു നൂൽപ്പാലത്തിലൂടെ വ്യത്യസ്ത ജീവിതമുഹൂർത്തങ്ങളിലേക്കു തിരിച്ചുവയ്ക്കുന്ന ഒരു ദർപ്പണത്തിലെ ചലനാത്മകമായ ചിത്രങ്ങളാണ് പല എം ടി കഥകളും.

ജന്മിത്തവ്യവസ്ഥയുടെയും മരുമക്കത്തായ കുടുംബപരിസ്ഥിതിയുടെയും എം ടി കഥകൾ അന്നത്തെ സാമൂഹികവ്യവസ്ഥിതിയിലേക്കു ചൂണ്ടുപലകയാവുകയാണ്. അതിലൂടെ നിലവിലെ പരിതഃസ്ഥിതികളോടുള്ള എതിർപ്പും രോഷവും പ്രകടിപ്പിക്കുന്നുണ്ട് പല എംടി കഥാപാത്രങ്ങളും. സ്വന്തം അനുഭവപരിസരങ്ങളെ ജീവിതസന്ദർഭങ്ങളാക്കി കഥകൾ മെനഞ്ഞുകൊണ്ട് അതിലെ ന്യായാന്യായങ്ങളെ വായനക്കാരന്റെ സ്വതന്ത്രചിന്തകൾക്കു വിട്ടുകൊടുത്തു.

അക്ഷരലോകത്തെ ബഹുമുഖപ്രതിഭയായ എം ടി മലയാളസാഹിത്യത്തിന്റെ ഒട്ടു മിക്ക മേഖലകളെയും തന്റെ അക്ഷരങ്ങൾകൊണ്ടു സമ്പന്നമാക്കി. ചെറുകഥ, നോവൽ, തിരക്കഥ തുടങ്ങി എം ടി യുടെ കൈമുദ്ര പതിഞ്ഞ എല്ലാ കൃതികളും മലയാളസാഹിത്യത്തെ ലോകഭൂപടത്തിൽ അടയാളപ്പെടുത്തി.

ലോകമാകെ വ്യാപിച്ചുകിടക്കുന്ന മലയാളികളുടെ വായനാലോകത്ത് ഘനഗംഭീരമായി എം ടി എന്ന രണ്ടക്ഷരം നിറഞ്ഞു നിൽക്കും. മലയാളഭാഷയെ ഇത്രയേറെ സമ്മോഹനമാക്കിയ അക്ഷരകുലപതിയെ പദ്മവിഭൂഷൺ നൽകി ആദരിക്കുകവഴി മലയാളഭാഷതന്നെയാണ് ആദരിക്കപ്പെട്ടത്.

## കുഞ്ഞിക്കവിതകൾ

കാഞ്ചിയാർ മോഹനൻ

### ശിക്ഷ



വടി കാണിക്കുക മക്കളെ,
അടിയെന്നു പേടിപ്പിക്കുക.
അടിയുടെ
ചൂടറിഞ്ഞാൽപ്പിന്നെ
വടിയെ അവഗണിച്ചിടുമവർ
അടിയെപ്പേടിയില്ലെന്നാകും

### കവിത

അപരനിലിത്തിരി അറിവും
അവനിയിലൊരിത്തിരി
അലിവും
അറിവിൽ കത്തും നിനവും
അറിയുക, കവിതയിതത്രേ!

### മക്കൾ

നന്നാക്കരുത് മക്കളെ
നന്നായി വളർത്തുക.

### ദുഷ്ചിന്തകൾ

എല്ലാമിത്രയേയുള്ളൂ-
വെന്നറിഞ്ഞിട്ടും
എത്ര പോകാമെന്നത്രേ
ചിന്തയിതെല്ലായ്പൊഴും

### നിയമം

നീതിയില്ലാ
നിയമക്കഷായം
രോഗമൊട്ടും
പൊറുപ്പിക്കയില്ല
രോഗി ഇച്ഛിച്ച പാലും
പുളിച്ച്
രോഗശയ്യാവലംബനായ്-
ത്തീരും?

### കാര്യസാധ്യം

പെട്ടെന്നൊരുവൻ
സ്നേഹിച്ചീടിൽ
പിന്നിലതെന്തോ
ഒളിവതു സത്യം

### അർഹത

കൂടുന്നതു തേടുക
തേടുന്നതു നേടുക.




1

മാത്യൂസ് ആർപ്പൂക്കര

# മഹാസമുദ്രങ്ങളിലെ തീരാരഹസ്യങ്ങൾ




**മൂ**ന്നു പ്രധാന മഹാസമുദ്രങ്ങളാണു ഭൂമിയിലുള്ളത്. അറ്റ്ലാന്റിക് മഹാസമുദ്രം (ആർട്ടിക് സമുദ്രവും ഇതിൽ ഉൾപ്പെടുന്നു.), ഇന്ത്യൻ മഹാസമുദ്രം, പസഫിക് മഹാസമുദ്രം എന്നിവയാണവ. പസഫിക് മഹാസമുദ്രവും ഇന്ത്യൻ മഹാസമുദ്രവും വേർതിരിയുന്നത് ഇന്തോനേഷ്യ, ഓസ്ട്രേലിയ, അന്റാർട്ടിക്ക എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന സാങ്കല്പികരേഖയിലൂടെയാണ്.

മഹാസമുദ്രങ്ങളിൽ 97.957 ശതമാനവും ഹിമപാളികളിലും മഞ്ഞുമലകളിലുമായി 1.641 ശതമാനവും ഭൂഗർഭജലം 0.365 ശതമാനവും തടാകങ്ങളിലും പുഴകളിലും 0.036 ശതമാനവും അന്തരീക്ഷത്തിൽ 0.001 ശതമാനവുമായാണ് ഭൂമിയിലെ ജലം നിലകൊള്ളുന്നത്. കഴിഞ്ഞ ഒരു നൂറ്റാണ്ടുകൊണ്ടാണ് മഹാസമുദ്രങ്ങളെക്കുറിച്ചുള്ള അറിവുകളുടെ ഭൂരിഭാഗവും നമ്മൾ നേടിയത്. 1872 ൽ ചലഞ്ചർ നൗകയുടെ പര്യവേക്ഷണത്തോടെയാണ് ഗൗരവമായ സമുദ്രപഠനം തുടങ്ങിയതെന്നു പറയാം. സമുദ്രവിജ്ഞാനം സമുദ്രത്തെക്കുറിച്ച് നമുക്കറിവുള്ള സർവതിനെയും കുറിച്ചുള്ള പഠനംതന്നെയാണ്. സമുദ്രത്തിന്റെ ഉത്പത്തി, ഭൂവിജ്ഞാനീയം, ധാതുസമ്പത്ത്, മത്സ്യസമ്പത്ത്, ജീവശാസ്ത്രം എന്നിവയെല്ലാമാണ് ഇതിൽ ഉൾപ്പെടുന്നത്.

ജലവുമായി ബന്ധപ്പെട്ടാണ് മനുഷ്യനും മറ്റു ജീവജാലങ്ങളും നിലനിൽക്കുന്നത്. സമുദ്രങ്ങളെക്കുറിച്ചുള്ള പഠനത്തിലൂടെ നമ്മുടെ നിലനില്പിനെത്തന്നെ നിയന്ത്രിക്കുന്ന മഹാകാര്യത്തിന്റെ സവിശേഷതകളിലേക്കാണ് നമ്മൾ എത്തിച്ചേരുന്നത്. ഇതുവഴി കാലാവസ്ഥാവ്യതിയാനങ്ങളും മറ്റും പ്രവചിക്കാൻ നമുക്കാകുന്നുണ്ട്. ഭൂമിയുടെ അവശിഷ്ടനിർമാർജനസ്ഥലം എന്നതിനെക്കാൾ നമുക്കാവശ്യമായ സകലതിന്റെയും പ്രധാന സ്രോതസ്സായിക്കണ്ട് സമുദ്രങ്ങളെ പരിപാലിക്കേണ്ടത് വളരെ പ്രധാനമാണ്.

ആർട്ടിക് മഹാസമുദ്രവും തെക്കൻ മഹാസമുദ്രവും മഹാസമുദ്രങ്ങളുടെകൂടെ കൂട്ടിച്ചേർക്കാവുന്നതാണ്. അതിനു പുറമേ ചെറുസമുദ്രങ്ങൾ, കര ചുറ്റിനുമുള്ള കടലുകൾ, വലിയ തീരദേശത്തുള്ള സമുദ്രങ്ങൾ അങ്ങനെ സമുദ്രങ്ങളുടെ ഘോഷയാത്രതന്നെ ഭൂമിയിലുണ്ട്. സമുദ്രങ്ങളുടെ മഹാരഹസ്യങ്ങൾ എത്ര പഠിച്ചാലും തീരില്ല.

*(തുടരും)*



# ബൈബിൾശേഖരവുമായി ഡെന്നീസ് ജോർജ്

പാലാ: 45 രാജ്യങ്ങളിലെ 110 ഭാഷകളിലുള്ള ബൈബിൾ ശേഖരവുമായി പാലാ ഉള്ളനാട് സ്വദേശി ഡെന്നീസ് ജോർജ്. ഡെന്നീസിന്റെ ശേഖരത്തിൽ അഞ്ഞൂറിലേറെ ബൈബിൾ കോപ്പികളാണുള്ളത്.

46 ഇന്ത്യൻഭാഷകളിലേതു കൂടാതെ 44 വിദേശരാജ്യങ്ങളിൽനിന്നുള്ള ബൈബിൾപരിഭാഷകളും ശേഖരത്തിലുണ്ട്.

തെലുങ്ക്, കന്നഡ, ഉർദു, മറാഠി, സംസ്കൃതം, കുക്കി, പഞ്ചാബി, കാശ്മീരി, തുളു, അസമീസ് തുടങ്ങി ഒട്ടേറെ ഇന്ത്യൻഭാഷകളിലെയും കൊറിയ, സ്വീഡൻ, പോളണ്ട്, എത്യോപ്യ, ബൾഗേറിയ, കെനിയ, പോർച്ചുഗൽ, ശ്രീലങ്ക ഉൾപ്പെടെയുള്ള ഒട്ടേറെ വിദേശരാജ്യങ്ങളിലെയും ബൈബിളുകൾ ഡെന്നീസിന്റെ ശേഖരത്തിലുണ്ട്.

മാതാപിതാക്കളായ വർക്കി, ചിന്നമ്മ, ഭാര്യ ബിന്ദു, മക്കളായ എഡ്വിൻ, ഇവാൻ, ഇയോൺ എന്നിവരുടെ സഹായവും പിന്തുണയും ഡെന്നീസിനുണ്ട്. സ്റ്റാമ്പുകൾ, നാണയങ്ങൾ, പുരാവസ്തുക്കൾ എന്നിവയുടെ ശേഖരണവുമുണ്ടെങ്കിലും കൂടുതൽ സമയം കണ്ടെത്തുന്നത് ബൈബിൾശേഖരണത്തിനാണ്.

– ജോസഫ് കുമ്പുക്കൻ

സാഹിത്യവിചാരം

ഡോ. തോമസ് സ്കറിയ

# മൂന്നാം ലോകഫെമിനിസം



**ഫെ**മിനിസം ഒരു ഏകവചനമോ ഏകീകൃതാശയമോ അല്ല; മറിച്ച്, വൈവിധ്യമാർന്നതും ബഹുതലങ്ങളുള്ളതും സങ്കീർണവും പലപ്പോഴും വൈരുധ്യാത്മകവുമായ ആശയങ്ങളുടെ ഒരു ബഹുസ്വരസംയുക്തമാണ്. ഫെമിനിസത്തിന്റെ വിഷയങ്ങളിൽ വിവിധ സമീപനങ്ങളുണ്ട്. അത് ഏതെങ്കിലും ഒരു നിർവചനത്തിലേക്ക് എത്തിച്ചേരുന്നത് അത്ര എളുപ്പമല്ലെന്ന് അർപ്പിത മുഖോപാധ്യായ അഭിപ്രായപ്പെടുന്നു. ലിസ എസ് പ്രൈസ്, ഫെമിനിസം എന്നത് ഒരു വിശകലനരീതിയാണ്, ഒരു കാഴ്ചപ്പാട്, സ്ത്രീകളുടെ വീക്ഷണകോണിൽനിന്ന് ലോകത്തെ നോക്കാനുള്ള ഒരു മാർഗം എന്ന് അതിനെ നിർവചിക്കുന്നു. ഫെമിനിസം ഗവൺമെന്റുനയങ്ങൾ, ജനപ്രിയസംസ്കാരം, പ്രവർത്തനരീതികൾ, ഉണ്മ എന്നിവയെ ചോദ്യം ചെയ്യുകയും പ്രത്യയശാസ്ത്രപരവും സ്ഥാപനപരവുമായ ഈ ആചാരങ്ങൾ സ്ത്രീകളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നുവെന്നു ചോദിക്കുകയും ചെയ്യുന്നുവെന്ന് രസകരമായി ആ നിർവചനത്തിന് ഒരനുബന്ധവും നൽകുകയുണ്ടായി.

ഫെമിനിസത്തെ ബഹുവചനത്തിൽ മനസ്സിലാക്കേണ്ടതുണ്ടെന്ന് ആദ്യംമുതൽ അംഗീകരിക്കണമെന്ന നിലപാടാണ് അർപ്പിത മുഖോപാധ്യായയ്ക്കുള്ളത്. അതുകൊണ്ട്, ഫെമിനിസമല്ല ഫെമിനിസങ്ങളാണ് ശരിയെന്ന് അവർ പറഞ്ഞുവയ്ക്കുന്നു. 'ഫെമിനിസങ്ങൾ' തിരിച്ചറിയുന്നതിനു കൂടുതൽ ആധികാരികമായ ഒരു സമീപനമാണു വേണ്ടത്. ഫെമിനിസങ്ങൾ സമൂഹത്തിലെ സ്ത്രീകളുടെ കീഴാളനിലയുടെ പ്രശ്നത്തെ അഭിസംബോധന ചെയ്യുകയും സ്ത്രീകൾക്കു നേരിടേണ്ടിവരുന്ന സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തികവിവേചനങ്ങൾ ലഘൂകരിക്കുന്നതിനുള്ള വഴികളും രീതികളും തേടുകയും ചെയ്യുന്നു.

ഫെമിനിസ്റ്റുസിദ്ധാന്തത്തിന് ഒരു രാഷ്ട്രീയമാനമുണ്ട് എന്ന് മേരി ക്ലേജസ് ചൂണ്ടിക്കാണിക്കുന്നു. ആ രാഷ്ട്രീയമാനം, ഏറ്റവും കുറഞ്ഞപക്ഷം, സ്ത്രീപുരുഷ അസന്തുലിതാവസ്ഥകളെക്കുറിച്ചുള്ള അവബോധം മാത്രമല്ല, നമ്മുടെ ലോകത്ത് നാം എങ്ങനെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നതിനെ രൂപപ്പെടുത്തുന്ന വിപരീതദ്വന്ദ്വങ്ങളിലെ അസമത്വങ്ങൾ നടപ്പാക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന അധികാര അസന്തുലിതാവസ്ഥയെക്കുറിച്ചുള്ള അവബോധം കൂടി അത് ഉൾക്കൊള്ളുന്നു. പുതിയ കാലത്ത് ഫെമിനിസ്റ്റുസിദ്ധാന്തങ്ങൾ ഈ അസമത്വങ്ങൾ എങ്ങനെ പരിണമിച്ചു, അവ എങ്ങനെ പ്രവർത്തിക്കുന്നു എന്നും പരിശോധിക്കുന്നു. ഒരുപക്ഷേ, ഏറ്റവും പ്രധാനമായും ഏറ്റവും പ്രസക്തമായും അസമത്വങ്ങൾ എങ്ങനെ മാറ്റാം, സാമൂഹികാധികാരത്തിന്റെയും പദവിയുടെയും കൂടുതൽ തുല്യമായ ക്രമീകരണം സൃഷ്ടിക്കുന്നതിന് അവ എങ്ങനെ മാറ്റണം എന്നതിനെക്കുറിച്ചുള്ള വിശകലനങ്ങൾ ഫെമിനിസം നൽകുന്നു.

പോസ്റ്റ്കൊളോണിയൽ സിദ്ധാന്തത്തിലും പാശ്ചാത്യഫെമിനിസത്തിലും ചർച്ച ചെയ്യപ്പെടാത്ത പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനാണ് പോസ്റ്റ് കൊളോണിയൽ ഫെമിനിസ്റ്റുസിദ്ധാന്തം ശ്രമിക്കുന്നത്. വെള്ളക്കാർ, മധ്യവർഗക്കാർ, വിദ്യാഭ്യാസം നേടിയവർ, ഇംഗ്ലീഷ് സംസാരിക്കുന്നവർ തുടങ്ങിയ സ്ത്രീകളുടെ ആശങ്കകളിൽനിന്നു വ്യത്യസ്തമായ ദേശീയ സാംസ്കാരികസന്ദർഭങ്ങളിൽനിന്നുള്ള സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപഴകുന്ന ഒരു മാറ്റത്തെ ഇത് അടയാളപ്പെടുത്തുന്നു. ഫെമിനിസ്റ്റുസിദ്ധാന്തത്തിന്റെ ഈ ലോകം എല്ലാ സ്ത്രീകളെയും പ്രതിനിധീകരിക്കുകയോ സംസാരിക്കുകയോ ചെയ്യുന്ന വെള്ളക്കാരായ ഫെമിനിസ്റ്റുകളുടെ അവകാശവാദങ്ങളുടെ അധികാരത്തെയും ആധികാരികതയെയും ചോദ്യം ചെയ്യുന്നു. ലിംഗപരമായ ചോദ്യവുമായി ബന്ധപ്പെട്ട് പോസ്റ്റ് കൊളോണിയൽ സിദ്ധാന്തത്തിന്റെ പുനർരൂപകല്പനയ്ക്കും ഇത് അവസരമൊരുക്കിയിട്ടുണ്ട്. പോസ്റ്റ്കൊളോണിയൽ ഫെമിനിസം, ഈ പ്രക്രിയയിൽ, മുഖ്യധാരാ ഫെമിനിസത്തിനോ പോസ്റ്റ് കൊളോണിയലിസത്തിനോ നേർക്കുള്ള ഒരു പ്രതിപക്ഷസമീപനം എന്ന നിലയിൽ മാത്രമല്ല, ആശയങ്ങളുടെയും മനോഭാവങ്ങളുടെയും ഒരു വ്യതിരിക്തമായ സംവിധാനമെന്ന നിലയിലും കടന്നുവരുന്നു. സ്ത്രീകളുടെ അടിച്ചമർത്തലിനെ സാർവത്രികമാക്കാനുള്ള പാശ്ചാത്യഫെമിനിസ്റ്റ് പ്രവണതയ്ക്കെതിരേ അപരസ്ത്രീകളുടെ വ്യത്യസ്തതകളെയും വൈവിധ്യങ്ങളെയും സിദ്ധാന്തവത്കരിക്കുകയാണ് പോസ്റ്റ്കൊളോണിയൽ ഫെമിനിസം ലക്ഷ്യമിടുന്നത്.

പുരുഷന്മാരുടെയും സ്ത്രീകളുടെയും സ്വത്വത്തിന്റെ നിർമിതിസംസ്കാരം ദേശീയത, വംശീയത, വർഗം, ചരിത്രപരമായ വ്യത്യാസങ്ങൾ എന്നിവയാൽ സ്വാധീനിക്കപ്പെടുന്നു. 'സ്ത്രീ' എന്ന സങ്കല്പം വർഗം, വംശം, ജാതി എന്നിവ പരിഗണിക്കാതെ എല്ലാ സ്ത്രീകളെയും ഉൾക്കൊള്ളുകയും നിർവചിക്കുകയും ചെയ്യുന്ന ഒരു മാതൃക പക്ഷേ, മൂന്നാം ലോകസ്ത്രീകളുടെ പ്രത്യേകതകളെ ഒഴിവാക്കുന്നു. ചന്ദ്ര തൽപാഡെ മൊഹന്തി ഈ പ്രവണതയെ വെല്ലുവിളിക്കുന്നു. മൂന്നാംലോകസ്ത്രീയെ 'നിശ്ശബ്ദ'വിഷയിയായി പ്രതിനിധീകരിക്കുന്നത് അവളുടെ അപരത്വവും ശബ്ദമില്ലായ്മയുമായി ഒത്തുചേരുന്നു. തദ്ദേശീയരായ സ്ത്രീകൾ ഒന്നിലധികം വ്യവഹാരങ്ങളുടെ നാല്ക്കവലയിൽ സ്ഥിതി ചെയ്യുന്നവരാണെന്നും അങ്ങനെ അവർക്ക് ഒന്നിലധികം കർത്തൃത്വങ്ങളുണ്ടെന്നും അവർ വാദിക്കുന്നു.

പാശ്ചാത്യഫെമിനിസ്റ്റ് വ്യവഹാരത്തിന്റെ മൊത്തത്തിലുള്ള പ്രവണതകളെ മൊഹന്തി ചോദ്യം ചെയ്യുന്നു. പാശ്ചാത്യഫെമിനിസ്റ്റുകൾ വെളിപ്പെടുത്തിയ പുരുഷാധിപത്യത്തിന്റെ ഏകശിലാത്മകവും ഏകവചനാത്മകവുമായ ആശയത്തെക്കുറിച്ച് മൊഹന്തിക്ക് സംശയമുണ്ട്. അതാണ് 'മൂന്നാം ലോകവ്യത്യാസം' എന്ന സങ്കല്പത്തിലേക്കു നയിക്കുന്നത്. പാശ്ചാത്യഫെമിനിസ്റ്റുകൾ മൂന്നാംലോകരാജ്യങ്ങളിലെ സ്ത്രീകളുടെ ജീവിതത്തെ സവിശേഷമാക്കുകയും 'കോളനിവത്കരിക്കുകയും' ചെയ്യുന്നതിനു കണ്ടെത്തിയ ഒരു മാർഗമാണ് അതെന്നു മൊഹന്തി സംശയിക്കുന്നു. അത് മൂന്നാം ലോകസ്ത്രീകളുടെ ജീവിതത്തിന്റെ വൈജാത്യത്തെ ഇല്ലാതാക്കുന്നു, ആർക്കുവേണ്ടിയാണു സംസാരിക്കുന്നതെന്ന പ്രശ്നം സങ്കീർണമാക്കുന്നു. അടിച്ചമർത്തപ്പെട്ട വിഭാഗത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നത് അവരുടെ ശബ്ദം സ്വായത്തമാക്കുന്നതുമായി ചേർത്തു വായിക്കാനാവില്ല. രണ്ടാമത്തേത് ഒരു കോളനിവത്കരണം, രക്ഷാധികാരം/മാതൃത്വം എന്നിവയുള്ള മനോഭാവമാണ്. മൂന്നാംലോകസ്ത്രീകളുടെ ചരിത്രം, സ്ഥാനം, അനുഭവങ്ങൾ എന്നിവയിലെ വ്യത്യാസങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫെമിനിസ്റ്റ് ജ്ഞാനശാസ്ത്രത്തിന് അനുകൂലമായി മൊഹന്തി വാദിക്കുന്നു.

ഫെമിനിസം വിത്തൗട്ട് ബോർഡേഴ്സ്: ഡീകോളനൈസിങ് തിയറി, പ്രാക്ടീസിങ് സോളിഡാരിറ്റി (2003) എന്ന കൃതിയിൽ മൊഹന്തി ആഗോളമുതലാളിത്തപശ്ചാത്തലത്തിൽ സ്ത്രീകളുടെ അവസ്ഥ പരിശോധിക്കുന്നു. അവർ നിർദേശിക്കുന്ന ഫെമിനിസ്റ്റ് ചട്ടക്കൂട്, ഒരു നവകൊളോണിയൽലോകത്തെ വംശീയവും സാമ്പത്തികവും രാഷ്ട്രീയവുമായ അസമത്വങ്ങളെ വരച്ചിടുന്നു. മുതലാളിത്തം ഒരു പൗര-ഉപഭോക്തൃബന്ധം സൃഷ്ടിക്കുന്നു, അത് കീഴാളപൗരന്മാരുടെ വിലകുറഞ്ഞതും പലപ്പോഴും അദൃശ്യവുമായ അധ്വാനത്തെ ആശ്രയിച്ചിരിക്കുന്നു. ഇവിടെ, ഭിന്നലിംഗസ്ത്രീത്വം, ഗാർഹികത, വിധേയത്വം എന്നിവയുടെ മാതൃകകൾ മൂന്നാംലോകസ്ത്രീകളെ ദേശീയ സമ്പദ്വ്യവസ്ഥയിൽ നിലവാരമില്ലാത്ത ജോലികൾ ഏറ്റെടുക്കാൻ പ്രേരിപ്പിക്കുന്നു. ഈ കീഴാളനിലയും കുറഞ്ഞ ശമ്പളവും അംഗീകാരമില്ലാത്ത തൊഴിലാളികൾക്കു പ്രബലവംശത്തിന്റെയും ലിംഗപദവിയുടെയും മൗലികാവകാശങ്ങൾ നിഷേധിക്കുന്നു. സാമ്പത്തികവും വംശീയവും രാഷ്ട്രീയവുമായ സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള തന്ത്രമെന്ന നിലയിൽ ഒരു ദേശാന്തര സ്ത്രീ ഐക്യദാർഢ്യത്തിനായാണ് മൊഹന്തി വാദിക്കുന്നത്.

കൊളോണിയൽ, പോസ്റ്റ് കൊളോണിയൽ സന്ദർഭങ്ങളിലെ സ്ത്രീകളുടെ പ്രാതിനിധ്യത്തെക്കുറിച്ചുള്ള വിശകലനത്തിൽ രാജേശ്വരി സുന്ദർരാജൻ ഇന്ത്യൻ സ്ത്രീകളുടെ ഇമേജിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. പോസ്റ്റ് കൊളോണിയൽ സ്ത്രീകർത്തൃത്വവും സ്ത്രീത്വവും ആലേഖനം ചെയ്ത രീതികൾ ദേശീയ സ്വത്വത്തെക്കുറിച്ചുള്ള ചർച്ചകളെ പ്രതിഫലിപ്പിക്കുന്നുവെന്ന് അവർ തറപ്പിച്ചുപറയുന്നു. തദ്ദേശീയസ്ത്രീകർത്തൃത്വം ഇല്ലാത്തവളായി സ്റ്റീരിയോടൈപ്പ് ചെയ്യുന്നു. എന്നാൽ, 'നാട്ടുകാരി'സ്ത്രീയുടെ ചരിത്രപരമായി ഇരയാക്കപ്പെട്ട കർത്തൃസ്ഥാനം 'ബദൽ ആത്മനിഷ്ഠതകളുടെ ഭരണഘടനയ്ക്കുള്ള' ഒരു ഇടമായി പര്യവേക്ഷണം ചെയ്യാൻ കഴിയുമെന്ന് അവർ വാദിക്കുന്നു. കൊളോണിയൽ ഇന്ത്യയിൽ സ്ത്രീകളുടെ കർത്തൃത്വം കണ്ടെത്താൻ സതി നിർത്തലാക്കിയതിനെക്കുറിച്ചുള്ള ചർച്ചയെ രാജേശ്വരി സുന്ദർരാജനും ലതാമണിയും വിശകലനം ചെയ്തിട്ടുണ്ട്. സതിയെക്കുറിച്ചുള്ള ചർച്ചകളിൽ സ്ത്രീകളെ കർത്തൃസ്ഥാനത്തുനിന്നു മാറ്റുകയും ഇരകളായി ചിത്രീകരിക്കുകയും ചെയ്യുന്നതിനെ ലതാമണി വിമർശിക്കുന്നു. സതി ഒരു പ്രയോഗമെന്ന നിലയിൽ സ്ത്രീകളുടെയും പാരമ്പര്യത്തിന്റെയും ഇടകലർന്ന ഒരു മൈതാനമായി മാറി. വെള്ളക്കാരായ ഫെമിനിസ്റ്റുകൾ കറുത്തനിറമുള്ള സ്ത്രീകളെ അല്ലെങ്കിൽ മൂന്നാംലോകസ്ത്രീകളെ അവരുടെ ജീവിതത്തിന്റെ ഒരു തലത്തിലേക്ക് (പ്രത്യുത്പാദനത്തിന്റെയും വീട്ടുജോലിയുടെയും മാതൃക) ചുരുക്കുകയും അവരുടെ സങ്കീർണമായ ചരിത്രം, വൈവിധ്യം, വിഷയകർത്തൃസ്ഥാനം എന്നിവ അവഗണിക്കുകയും ചെയ്യുന്നു. നിറമുള്ള മൂന്നാംലോകസ്ത്രീകളുമായി താരതമ്യപ്പെടുത്തുമ്പോൾ, വെളുത്ത ഫെമിനിസ്റ്റുകൾ തങ്ങളെ സ്വയം വിമോചിതരായ പ്രജകളായി കാണുന്നു. പാശ്ചാത്യഫെമിനിസം ലിംഗവിവേചനത്തിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു, ലിംഗപരമായ മാനങ്ങളുള്ള വംശീയപോരാട്ടങ്ങൾപോലുള്ള മറ്റു തരത്തിലുള്ള പോരാട്ടങ്ങളെ അവഗണിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിൽനിന്നുള്ള സ്ത്രീകളുടെ താത്പര്യങ്ങളും അനുഭവങ്ങളും പാശ്ചാത്യഫെമിനിസത്തിന്റെ ഈ ഒഴിവാക്കൽ സമീപനത്തെ വെല്ലുവിളിക്കുന്നുണ്ട്. എന്നാൽ, അവരുടെ ശബ്ദം മൂന്നാംലോകരാഷ്ട്രങ്ങളിൽപ്പോലും മുഴങ്ങുന്നില്ല. ■







**ഫെബ്രുവരി 9**
**ദനഹാക്കാലം**
**ആറാം ഞായർ**

**നിയ 24:14 – 22**
**ഏശ 63:7 – 16**
**ഹെബ്രാ 8:1 – 6**
**യോഹ 3:22 – 31**

# അവൻ വളരുകയും ഞാൻ കുറയുകയും വേണം



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**



**ദൈ**വികപ്രകാശവും സ്വർഗീയ വെളിപ്പെടുത്തലുകളും ഓർമിപ്പിക്കുന്ന ദനഹാക്കാലത്തിലെ ആറാം ആഴ്ചയിലേക്കു നാം പ്രവേശിക്കുകയാണ്. ഈശോയുടെ മാമ്മോദീസായിൽ തുടങ്ങിയ ദൈവാവിഷ്കാരത്തിന്റെ ചിന്തകളും സന്ദേശങ്ങളും ഈ ആരാധനക്രമകാലത്തിലെ ഓരോ ആഴ്ചയിലും നമ്മുടെ വിശ്വാസജീവിതത്തെയും ആത്മീയദർശനങ്ങളെയും വളർത്തുന്നതാണ്. നശ്വരമായ ഈ ലോകത്തിൽ മനുഷ്യനെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ലൗകികവും സ്വാർഥനിർഭരവുമായ ആവശ്യങ്ങളും മാനദണ്ഡങ്ങളുമാണെങ്കിൽ ദൈവത്തിന്റെ വെളിച്ചം കാണുകയും ആ സനാതനപ്രകാശം സ്വീകരിക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ മക്കൾ സ്വാധീനിക്കപ്പെടേണ്ടത്, നിയന്ത്രിക്കപ്പെടേണ്ടത് സുവിശേഷമൂല്യങ്ങളാലും മാതൃകകളാലുമാണ്. ആത്മീയജീവിതത്തിൽ ഉണ്ടായിരിക്കേണ്ട ചില പാഠങ്ങളാണ് ഈ ആഴ്ചയിലെ ദൈവവചനപ്രഘോഷണങ്ങളിൽ നിഴലിക്കുന്നത്.

നിയമാവർത്തനപ്പുസ്തകത്തിൽനിന്നുള്ള ഒന്നാമത്തെ വായനയിൽ, ദൈവത്തിന്റെ കരുണ അനുഭവിച്ച ഇസ്രയേൽ ജനം തങ്ങളുടെ ജീവിതത്തിലും കരുണ പ്രകടമാക്കണമെന്നും, അനാഥരെയും വിധവകളെയും പരദേശികളെയും പ്രത്യേകം പരിഗണിക്കണമെന്നുമുള്ള സന്ദേശമാണു നല്കുന്നത്. അഗതിയും ദരിദ്രനുമായവനെ ഒരു കാരണത്താലും പീഡിപ്പിക്കരുതെന്നു തിരുവചനം പ്രഖ്യാപിക്കുന്നു.

ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാമത്തെ വായനയും കർത്താവിന്റെ കാരുണ്യം അനുഭവിച്ചവർ അവിടുത്തെ കാരുണ്യം പ്രകീർത്തിക്കണമെന്ന കാര്യമാണു പറയുന്നത്. അവിടുന്ന് അവരെ കരങ്ങളിൽ വഹിക്കുകയും വീണ്ടെടുക്കുകയും ചെയ്തു. എന്നിട്ടും അവർ അതിനെ എതിർക്കുകയും പരിശുദ്ധാരൂപിയെ വേദനിപ്പിക്കുകയും ചെയ്യുന്നു എന്ന് പ്രവാചകൻ ഓർമിപ്പിക്കുന്നു.

സ്ത്രീകളിൽനിന്നു ജനിച്ചവരിൽ ഏറ്റവും ശ്രേഷ്ഠനും കർത്താവിന്റെ വരവിനു വഴിയൊരുക്കാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട പ്രവാചകസ്വരവുമായ സ്നാപകയോഹന്നാന്റെ ചൈതന്യമാണ് സുവിശേഷത്തിൽ ദർശിക്കുന്നത്. യോഹന്നാൻ ജീവിതത്തെ നിരീക്ഷിക്കുകയും പഠിക്കുകയും ധ്യാനിക്കുകയും ദൈവത്തിനു സമർപ്പിക്കുകയും ചെയ്ത മനുഷ്യനായിരുന്നു. തന്റെ ജനത്തിന്റെ ദൈവികമായ തെരഞ്ഞെടുപ്പും നിയോഗവും അവർ കടന്നുവന്ന പൂർവവഴികളും വഴിത്താരകളിൽ ഇന്നും വീണുകിടക്കുന്ന തിന്മയുടെ നിഴലുകളും അപഭ്രംശങ്ങളും എല്ലാം കാണാനും കേൾക്കാനും മനസ്സിലാക്കാനും സ്നാപകനു കഴിഞ്ഞു. രക്ഷ തിരിച്ചറിയാത്ത, രക്ഷകനെ തിരിച്ചറിയാത്ത, ദൈവത്തിന്റെ നടത്തിപ്പു ഗ്രഹിക്കാത്ത അപഭ്രംശങ്ങളിൽ അകപ്പെട്ടുപോയ ജനത്തിന്റെ മുമ്പിൽ ദൈവമനുഷ്യനായി സ്നാപകൻ നിലകൊണ്ടു. ദൈവത്തിന്റെ അരുളപ്പാടുകൾക്കനുസരിച്ച് ജനതയെ തിരുത്തുകയും ഒരുക്കുകയും ചെയ്തു.

ഉറച്ച ബോധ്യങ്ങളുടെ ജീവിതമായിരിക്കണം ഒരു വിശ്വാസിയുടേതെന്ന് സ്നാപകൻ പഠിപ്പിക്കുന്നു. വിശ്വാസസത്യങ്ങൾ ബോധ്യങ്ങളായി സ്വാംശീകരിക്കപ്പെടുകയും അവ സ്വന്തം ജീവിതംകൊണ്ടു വ്യാഖ്യാനിക്കുകയും ചെയ്യുന്നവനാണ് ഉത്തമ ക്രൈസ്തവവിശ്വാസി. ജീവിതം നമുക്കോരോരുത്തർക്കും വച്ചുനീട്ടുന്നത് ഒരു ദനഹായുടെ, വെളിപ്പെടുത്തലിന്റെ, സാക്ഷ്യപ്പെടുത്തലിന്റെ നിയോഗംതന്നെയാണ്. സ്വർഗത്തിൽനിന്നു നല്കപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല (3:27). ഇതു യോഹന്നാന്റെ വിശ്വാസജീവിതത്തിൽ പാറപോലെ ഉറച്ച ബോധ്യമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തെയും ശുശ്രൂഷയെയും നിർവചിക്കുന്ന ദർശനമായിരുന്നു ഈ കണ്ടെത്തൽ. സ്വന്തമായി തനിക്കു യാതൊന്നുമില്ലെന്നും ദൈവത്തിൽനിന്നുള്ളതുമാത്രമേ തനിക്ക് ഉള്ളൂവെന്നുള്ള തിരിച്ചറിവു സ്വന്തമാക്കിയ മനുഷ്യനായിരിക്കണം ക്രൈസ്തവവിശ്വാസി. ഞാനെന്താണോ അതു ദൈവകൃപയാലാകുന്നുവെന്നുള്ള മനോഭാവമാണത്. ദൈവം നടത്താത്തതൊന്നും നിലനില്ക്കുകയില്ലെന്നും ദൈവം പോറ്റിവളർത്തുന്നത് ആർക്കും തടയാനാകില്ലെന്നുമുള്ള തിരിച്ചറിവാണത്. കർത്താവ് ഭവനം പണിയുകയും നഗരം കാക്കുകയും ചെയ്യുന്നില്ലെങ്കിൽ മനുഷ്യന്റെ വേലയും കാവലും വ്യർഥമാകുമെന്നുള്ള ചിരപുരാതനമായ ദൈവജനത്തിന്റെ പ്രാർഥന സ്നാപകൻ ഹൃദയത്തോടു ചേർത്തുനിർത്തിയിരുന്നു.

സ്വയംദാനമായി നല്കുകയും ആത്മദാനത്താൽ മറ്റുള്ളവരെ വളർത്തുകയും ചെയ്യുന്ന ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ശൈലിയാണ് ദൈവജനം കൈക്കൊള്ളേണ്ടതെന്ന് സ്നാപകന്റെ പാഠശാലയിൽനിന്നു നാം പഠിക്കുന്നു. സ്വന്തം ശരീരം മനുഷ്യവർഗത്തിനു മുറിച്ചുവിളമ്പാനുള്ള അപ്പമായി ദർശിച്ച ദൈവപുത്രന്റെ ചൈതന്യധാരതന്നെയാണത്.

ഈശോ ഉന്നതത്തിൽനിന്നു വന്നവനാണ്; അവിടുന്ന് എല്ലാറ്റിനും ഉപരിയാണ്; മനുഷ്യൻ ഭൂമിയിൽനിന്നുള്ളവനും ഭൂമിയുടേതുമാണ് സ്വർഗീയകാര്യങ്ങൾ കേൾക്കാനും കാണാനും അവനു സാധിക്കണമെങ്കിൽ: ഈശോ അവനിൽ വളരണം; ഈശോയുടെ സ്വരം ശ്രവിക്കണം എന്നു സ്നാപകൻ ഓർമിപ്പിക്കുന്നു.

ഇന്നത്തെ ലേഖനഭാഗത്ത് (ഹെബ്രാ 8:1–6) ഇതേ ആശയം കാണാം: നമ്മുടെ രക്ഷയ്ക്കായി ദൈവം നല്കിയ ഏകമാർഗം ഈശോമിശിഹായാണ് – അതായത്, അവിടുത്തെ വചനങ്ങളും പ്രവൃത്തിമാതൃകകളും. അവിടുന്ന് പുതിയ ഒരുടമ്പടിയുടെ മധ്യസ്ഥനും ശുശ്രൂഷകനുമാണ്. ദൈവം തന്റെ ജനത്തിനു രക്ഷയായി അവരുടെ മധ്യത്തിലേക്ക് തന്റെ കാരുണ്യത്തെ അയയ്ക്കുന്നു എന്ന് ഏശയ്യാ (63:7–16) പറയുന്നതും ഈശോമിശിഹായെ ഉദ്ദേശിച്ചു തന്നെയാണ്.

ഈശോയുടെ പരസ്യജീവിതത്തിന്റെ ആരംഭകാലത്ത് യോഹന്നാനു ധാരാളം അനുയായികളുണ്ടായിരുന്നു. തന്റെ കൂടെയുണ്ടായിരുന്ന അനുയായികളെക്കൊണ്ടു സ്വന്തമായി സാമ്രാജ്യം വെട്ടിപ്പിടിക്കാതെ, യഥാർഥ രാജാവിന്റെ പക്കലേക്കു സ്വന്തം അനുയായികളെക്കൂടി പറഞ്ഞയയ്ക്കുന്നു വിനീതനായ സ്നാപകൻ. സ്നാപകയോഹന്നാന്റെ മനസ്സിൽ നിറഞ്ഞുനിന്നിരുന്ന ചിന്ത, ദൈവത്തിൽനിന്നു നല്കപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല എന്നായിരുന്നു.

വചനഭാഗത്ത് സ്നാപകൻ തന്നെത്തന്നെ ഉപമിച്ചിരിക്കുന്നതു മണവാളന്റെ തോഴനായിട്ടാണ്. ഈ ഉപമയിലെ മണവാളൻ മിശിഹാതന്നെയാണ്. മണവാട്ടി ഇസ്രയേൽജനവും. പാലസ്തീനിയൻപശ്ചാത്തലത്തിൽ വേണം ഇതു മനസ്സിലാക്കാൻ. യഹൂദന്മാരുടെ വിവാഹാഘോഷങ്ങളിൽ മണവാളന്റെ തോഴനു പ്രത്യേകം ഉത്തരവാദിത്വങ്ങളുണ്ട്. വിവാഹത്തിനുവേണ്ടി ഒരുക്കങ്ങൾ നടത്തുന്നത് മണവാളന്റെ തോഴനാണ്. വിവാഹം നടക്കുന്നതുവരെയും മണവാളന്റെ തോഴനു വളരെ ജാഗ്രതയും ശ്രദ്ധയും വേണം. വിവാഹം നടക്കുന്ന അവസരത്തിൽ ഏറ്റവും സന്തോഷിക്കുന്നതു മണവാളന്റെ തോഴനാണ്. സ്നാപകൻ മണവാളന്റെ തോഴനായി സ്വയം ചിത്രീകരിക്കുമ്പോൾ തന്റെ ദൗത്യത്തെക്കുറിച്ചു പൂർണബോധ്യം ഉണ്ടായിരുന്നുവെന്നു കാണുവാൻ സാധിക്കും. പുതിയ നിയമത്തിൽ മിശിഹായുടെ മണവാട്ടിയാണ് സഭ. സഭയും മിശിഹായും തമ്മിലുള്ള വിവാഹത്തിനുവേണ്ട എല്ലാ ക്രമീകരണങ്ങളും നടത്തി വധുവിനെ വരനുവേണ്ടി സജ്ജമാക്കിയ ഉത്തമതോഴനായിരുന്നു സ്നാപകൻ. വരൻ ആഗതനായപ്പോൾ തന്റെ ദൗത്യം പൂർത്തിയാക്കിയതിന്റെ സന്തോഷത്തിൽ പിന്മാറുന്ന സ്നാപകൻ നമ്മോടു പറയുന്നത് അവൻ വളരണം, ഞാൻ കുറയണം എന്നാണ്. ക്രിസ്തുശിഷ്യനുണ്ടായിരിക്കേണ്ട മനോഭാവത്തിലേക്കാണ് സ്നാപകന്റെ ഈ വചനം വിരൽചൂണ്ടുന്നത്.

മൂന്നുവിധത്തിൽ മനുഷ്യനു വളരാം, വളർത്താം: മറ്റുള്ളവരെ തളർത്തി ഞാൻ വളരുന്നു; ഈ മനോഭാവം മാനുഷികതയിൽ താണ മനോഭാവമാണ്. ഇതു മൃഗീയമാണ്. മൃഗങ്ങളാണ് സാധാരണ അക്രമസ്വഭാവത്തിലൂടെ വളരുന്നത്. കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്നത് കാട്ടിലെ നീതിയാണ്. കാട്ടിലെ നീതി മാനുഷികനീതിയാക്കാൻ ശ്രമിക്കുമ്പോഴാണ് സമൂഹത്തിൽ അക്രമങ്ങളുണ്ടാകുന്നത്.

ഞാൻ വളരുന്നു, മറ്റുള്ളവരെ വളർത്തുകയും ചെയ്യുന്നു; ഇത് മാനുഷികമാണ്. മനുഷ്യനെ പരസ്പരസഹകരണത്തിലൂടെ വളരുകയും വളർത്തുകയും ചെയ്യുന്നു. ഈ മനോഭാവത്തിലും മഹനീയമാണ് ക്രിസ്തീയമനോഭാവം.

മറ്റുള്ളവർ വളരാൻവേണ്ടി ഞാൻ തളരുന്നു; മാനുഷികതയിൽനിന്നും ഉയർന്ന സ്വഭാവമാണ് ഇത്. ഇത് ദൈവികമാണ്. മാനുഷികഭാവത്തിൽ സൃഷ്ടിക്കപ്പെടുന്ന മനുഷ്യൻ ഈ ദൈവികതയിലേക്കു വളരേണ്ടിയിരിക്കുന്നു.

സ്നാപകയോഹന്നാനിലൂടെ ഈശോനാഥൻ നമുക്കു നല്കുന്ന സന്ദേശം, നാം മാനുഷികതയിൽനിന്നുയർന്നു ദൈവികതയിലേക്കു വളരണമെന്നാണ്. കുരിശിലെ ബലിയാണ് ഈ മനോഭാവത്തിന്റെ ഏറ്റവും ഉത്തമമായ മാതൃക. നമ്മുടെ വളർച്ചയ്ക്കുവേണ്ടി ഇന്നും അൾത്താരയിൽ മുറിക്കപ്പെടുന്ന തമ്പുരാൻ നമ്മോടു പറയുന്നുണ്ട്: അവൻ വളരണം, ഞാൻ കുറയണം. ആ തമ്പുരാന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച് സമൂഹത്തിലേക്കിറങ്ങുന്ന നമ്മെ നയിക്കുന്ന ചിന്തയും അപരനുവേണ്ടി ഞാൻ തളരണം എന്നതായിരിക്കട്ടെ.

■

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**ലെസ്‌ലി, പാലാ**

Deepanalam Weekly

RNI No : 16998/68
Vol. 57 No. 47 Date of Publication 30 January 2025
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD




35 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം
എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം

+ 2 പരാജിതർക്ക് 3 വിഷയം മാത്രം
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.




കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ
ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ
(ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org